Reg. M. No. 2293 ഒററപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 വൃശ്ചികം 3—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 നവംബർ 18 | ലക്കം 13

## കർദ്ദിനാൾതിരുമേനിക്കു സ്വാഗതം

### (എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്)

[എറണാകുളത്തെ സ്വീകരണയോഗത്തിൽ കർദ്ദിനാൾ തിസ്സെരാങ്ങ് തിരുമേനിയെ സ്വാഗതം ചെയ്തുകൊണ്ടു് എറണാകുളം മെത്രാപ്പോലീത്താ തിരുമേനി ചെയ്ത പ്രസംഗത്തിന്റെ പരിഭാഷ താഴെ ചേർക്കുന്നു.]

കർദ്ദിനാൾ സംഘത്തിന്റെ ഡീനും, പൗരസ്ത്യതിരുസംഘം സിക്രട്ടറിയുമെന്ന മഹനീയസ്ഥാനങ്ങൾ വഹിക്കുന്ന അങ്ങയുടെ പൈതൃകസന്ദർശനമാകുന്ന അസുലഭസന്ദർഭത്താൽ ഞങ്ങൾ അനുഗ്രഹീതരായിരിക്കുന്ന ചരിത്രപ്രാധാന്യമർഹിക്കുന്നതും ആനന്ദപ്രദായകവുമായ ഈ സന്ദർഭത്തിൽ, ഞങ്ങളുടെ ഹൃദയത്തിന്റെ അഗാധത്തിൽനിന്നും അങ്ങേക്കു ഞങ്ങൾ ഏററവും ഹൃദയംഗമവും പുത്രോചിതവുമായ സ്വാഗതം ആശംസിച്ചുകൊള്ളുന്നു. ഇൻഡ്യയിലെ കത്തോലിക്കർ, പ്രത്യേകിച്ചും കേരളത്തിലെ കത്തോലിക്കരായ ഞങ്ങൾ, തിരുമനസ്സിലെ സന്ദർശനത്തെ ആകാംക്ഷാപൂർവ്വം കാത്തിരിക്കുകയായിരുന്നു. തിരുമനസ്സുകൊണ്ടു ഞങ്ങളുടെ മദ്ധ്യത്തിൽ സമാഗതനായിരിക്കുന്ന ഈ അവസരത്തിൽ, ഞങ്ങളുടെ പ്രത്യാശകളും പ്രാർത്ഥനകളും സഫലീകൃതമായതിൽ ഞങ്ങൾക്കുള്ള സന്തോഷവും കൃതജ്ഞതയും മതിയായവിധം പ്രകടിപ്പിക്കുന്നതിനു വാക്കുകളില്ല. ഈ ദിനം കേരളസഭയുടെ ചരിത്രത്തിലെ സർവ്വപ്രധാനമായ ഒരു നാഴികക്കല്ലായിരിക്കുന്നു. എന്തെന്നാൽ കർദ്ദിനാൾസംഘത്തിന്റെ ഡീൻ എന്ന നിലയിൽ, കത്തോലിക്കാസഭയിലെ അതിശ്രേഷ്ഠപുരോഹിതന്മാരുടെ ഗണത്തിൽ പ്രമുഖസ്ഥാനം വഹിക്കുന്നയാൾ, തന്റെ സന്ദർശനത്താൽ ഞങ്ങളെ അനുഗ്രഹീതരാക്കുന്നതു ഇതാദ്യമായിട്ടാകുന്നു. ഞങ്ങളുടെ വിധേയപൂർവ്വമായ ആദരവുകളേയും, ആത്മാർത്ഥമായ അഭിവാദനങ്ങളേയും അങ്ങു സദയം സ്വീകരിപ്പാറാകണമെന്നു ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

തിരുമനസ്സുകൊണ്ടു ഇന്നു ഞങ്ങൾക്കായി കൊണ്ടുവന്നിരിക്കുന്ന അമൂല്യമായ ദാനം—ഞങ്ങളുടെ പ്രിയപ്പെട്ട ശ്ലീഹായായ മാർത്തോമ്മായുടെ തിരുശേഷിപ്പ്—മൂലം ഈ സന്ദർഭത്തിന്റെ ചരിത്രപരമായ പ്രാധാന്യം അപരിമേയമായവിധം വർദ്ധിച്ചിരിക്കുന്നു. ഈ ഭൂമിയിൽ വിശ്വാസത്തിന്റെ വിത്തു വിതയ്ക്കുകയും, തന്റെ സ്വന്തം ജീവരക്തത്താൽ അതിനെ നനയ്ക്കുകയുംചെയ്ത അപ്പസ്തോലന്റെ പാവനമായ തിരുശേഷിപ്പ് ഇൻഡ്യക്കു തിരിച്ചുകിട്ടുന്ന മഹനീയമായ ഈ ദിനത്തിനു്, അനന്തകൃപാനിധിയായ ദൈവം ഞങ്ങളെ സാക്ഷികളാക്കിയതിൽ, വാചാമഗോചരമായവിധം ഞങ്ങൾ കൃതജ്ഞതാനിർഭരരായിരിക്കുന്നു.

ഈ മഹനീയസന്ദർഭത്തിൽ, ഏതാണ്ടു രണ്ടായിരം നീണ്ട വർഷങ്ങളിലെ കാലത്തിലൂടെ പിന്നോട്ടു പായുന്ന ഞങ്ങളുടെ മനസ്സ്, മനുഷ്യപരിത്രാണമാകുന്ന ദൈവികനാടകത്തിന്റെ മഹത്തായ രംഗങ്ങളെ കണ്ടുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ പൂർവ്വപിതാക്കന്മാരുടെ ശിരസ്സുകളിൽ പുനർജ്ജനനത്തിന്റെ ജലം വീഴ്ത്തുകയും ദൈവവരപ്രസാദത്തിന്റെ കവാടങ്ങൾ ഞങ്ങൾക്കായി തുറന്നുതരികയും ചെയ്ത പാണിയുടെ പരിപാവനാവശിഷ്ടങ്ങളാകുന്നു ഇവ. ഈ നിസ്തുല്യ തിരുശേഷിപ്പുകളെപ്പററി ഞങ്ങൾ ധ്യാനിക്കുമ്പോൾ രണ്ടായിരംകൊല്ലത്തെ അവ്യക്തമായ അകലത്തിൽനിന്നു് വ്യഥാവിവശമായ ഒരു ആത്മാവിൽനിന്നു പുറപ്പെട്ട, ചരിത്രത്തിലെ ഏററവും ആത്മോത്തേജകമായ, "എന്റെ കർത്താവും എന്റെ ദൈവവും" എന്ന വിശ്വാസപ്രഖ്യാപനം ഞങ്ങൾ കേൾക്കുന്നു. ക്രിസ്തുമതത്തിന്റെ സൂക്ഷ്മമായ വിശ്വാസ്യത—നമ്മുടെ കർത്താവിന്റെ പുനരുത്ഥാനം—തനിക്കു പിന്നാലെ മററാരും ഒരിക്കലും സംശയിക്കാതിരിക്കുന്നതിനുവേണ്ടി മാത്തോമ്മാതന്നെ സംശയിച്ചു.

ഈ പരിശുദ്ധ തിരുശേഷിപ്പു ഈ രാജ്യത്തിനു അപരിമേയമായ ആദ്ധ്യാത്മികാനുഗ്രഹങ്ങൾക്കു ഒരു മാർഗ്ഗമാണെന്നും, ക്രിസ്തീയഭക്തിയെ വർദ്ധിപ്പിക്കുന്നതിനു് അതു സഹായിക്കുമെന്നും അനേകലക്ഷങ്ങളുടെ ഹൃദയങ്ങളിൽ സത്യവിശ്വാസത്തെ അതു പുനരുജ്ജീവിപ്പിക്കുമെന്നുമുള്ള ചിന്ത എത്രയോ സമാശ്വാസകരവും ആനന്ദകരവുമായിരിക്കുന്നു. താൻ പ്രയത്നിക്കുകയും രക്തസാക്ഷിയായി മരിക്കുകയും ചെയ്ത അതേഭൂമിയിൽ, തന്റെ പ്രിയപ്പെട്ട മക്കളുടെ ഇടയിൽ, വിശ്രമിക്കുന്നതിനുള്ള പരിശുദ്ധ അപ്പസ്തോലന്റെ ആകാംക്ഷയുടേയും പൈതൃകമായ അനുഗ്രഹത്തിന്റേയും ഒരു ലക്ഷ്യമാണ് ഈ പരിശുദ്ധ തിരുശേഷിപ്പുകളുടെ ഈ രാജ്യത്തിലേക്കുള്ള പ്രത്യാഗമനമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. പൗരസ്ത്യദിക്കുകളോടും അവിടത്തെ ജനങ്ങളോടും സീമാതീതമായ സ്നേഹവും, അവരുടെ ആദ്ധ്യാത്മികനന്മയിൽ യഥാർത്ഥ ശ്ലൈഹികമായ ശുഷ്കാന്തിയുമുള്ള തിരുമേനിതന്നെ ഈ പരിശുദ്ധ തിരുശേഷിപ്പു ഞങ്ങൾക്കു കൊണ്ടുവന്നിരിക്കുന്നതിൽ ഞങ്ങളുടെ സന്തോഷം എത്രയോ അധികമായിരിക്കുന്നു. ഈ സ്നേഹപ്രവൃത്തിമൂലം, തിരുമേനി ഈ രാജ്യത്തിലെ വിശ്വാസികളുമായി അഭേദ്യമായവിധം സ്വയം ബന്ധിക്കുകയാണു ചെയ്തിരിക്കുന്നതു്. ഈ പരിശുദ്ധ തിരുശേഷിപ്പിൽനിന്നു ആദ്ധ്യാത്മികശക്തിയും സമാശ്വാസവും നേടുന്ന സംഖ്യാതീതമായ ജനക്കൂട്ടം തിരുമേനിയുടെ നാമം എന്നെന്നും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതായിരിക്കും.



കർദ്ദിനാൾ തിസ്സെരാങ്ങ് തിരുമേനിക്ക് എറണാകുളത്തുവച്ചു നൽകപ്പെട്ട സ്വീകരണത്തെ തുടർന്നു് എറണാകുളം അതിമെത്രാസനാരമനയിൽവച്ചെടുത്ത ഗ്രൂപ്പ് ഫോട്ടോ.

തിരുമേനിയോടു കാണിക്കുന്ന ആദരങ്ങളാൽ, തിരുസിംഹാസനത്തോടു ഞങ്ങളെ ഏകാലവും ബന്ധിച്ചിരിക്കുന്ന ഭക്തിവിശ്വാസങ്ങളാകുന്ന സുദീർഘ ചങ്ങലയിൽ മറ്റൊരു സുവർണ്ണകണ്ണികൂടി ഞങ്ങൾ രചിക്കുകയാണു ചെയ്യുന്നതു്. കഴിഞ്ഞ ശതവർഷങ്ങളിലൂടെ, മാർപ്പാപ്പാതിരുമേനിയോടുള്ള വിശ്വസ്തതയുടെയും അനുസരണത്തിൻ്റെയും ഒരു പാരമ്പര്യം ഞങ്ങൾ സൃഷ്ടിക്കുകയായിരുന്നു. ഇതിൽ മററധികം വർഗ്ഗങ്ങളോ ജാതികളോ ഞങ്ങളെ എപ്പോഴെങ്കിലും അതിശയിച്ചിട്ടില്ല. ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനി, ഇൻഡ്യയിലെ സഭയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ അഭിവൃദ്ധിയെ ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നുവെന്ന സംഗതി അഗാധമായ കൃതജ്ഞതയോടുകൂടി ഞങ്ങൾ സ്മരിക്കുന്നു. പരിശുദ്ധ പിതാവു തിരുമനസ്സിലെ കരങ്ങളിൽനിന്നു ഞങ്ങൾക്കു ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സംഖ്യാതീതമായിരിക്കുന്നു. ഈ പട്ടണത്തിൽ അടുത്തകാലത്തു നടത്തപ്പെട്ട ചരിത്രംസൃഷ്ടിച്ച ശതാബ്ദാഘോഷങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുവാൻ ഒരു പേപ്പൽ ലെഗേററിനെ നിയമിച്ചതും, സ്നേഹത്തിൻ്റെയും പ്രോത്സാഹനത്തിൻ്റെയും നിദേശകമായ ഒരു സന്ദേശത്താൽ തിരുമേനി ആ ആഘോഷങ്ങളെ അനുഗ്രഹിച്ചതും ഇൻഡ്യയുടെ സഭയുടെ ചരിത്രത്തിൽ മഹനീയമായ ഒരദ്ധ്യായം കൂട്ടിച്ചേർക്കുകയാണു ചെയ്തിരിക്കുന്നതു്.

ഇൻഡ്യയിലെ സഭയെ സംബന്ധിച്ചിടത്തോളം മാർപ്പാപ്പാതിരുമനസ്സിലെ ഭരണത്തിലെ അഗ്രിമമായ പ്രവൃത്തി, ഇൻഡ്യയുടെ പ്രശസ്തരായ തനയന്മാരിൽ ഒരാളെ കർദ്ദിനാൾസ്ഥാനത്തേക്കുയർത്തി സാർവ്വത്രികസഭയിൽ ഇൻഡ്യക്കുള്ള അർഹമായ സ്ഥാനത്തിനു നൽകിയ അംഗീകരണമാകുന്നു. പൈതൃകസ്നേഹപരമായ ഈ പ്രവൃത്തികളാൽ പുത്രോചിതമായ ഭക്തിയിലും അഗാധമായ കൃതജ്ഞതയിലും ഞങ്ങളുടെ ഹൃദയങ്ങളെ പരിശുദ്ധപിതാവു തന്നിലേക്കു ആകർഷിച്ചിരിക്കുന്നു. ദൈവത്തിൽനിന്നും മതത്തിൽനിന്നും അകന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ, ലോകത്തെ ഗ്രസിക്കുമെന്നു ഭീഷണിപ്പെടുത്തുന്ന തിന്മയുടെ ശക്തികൾക്കെതിരായി പരിശുദ്ധ പിതാവു നടത്തിക്കൊണ്ടിരിക്കുന്ന വീരോചിതമായ സമരത്തിൽ, തിരുമേനിക്കുണ്ടായിരിക്കുന്ന ഉൽക്കണ്ഠയിൽ, അനുസരണവും സ്നേഹവുമുള്ള മക്കളെന്നനിലയിൽ ഞങ്ങളും ആത്മീയമായി ഭാഗഭാക്കാകുന്നു. ഞങ്ങളുടെ അചഞ്ചലമായ ഭക്തിയുടെയും വിശ്വസ്തമായ വിധേയത്വത്തിൻ്റെയും മനോഭാവത്തെയും, മനുഷ്യവർഗ്ഗത്തിൻ്റെ ചിരസ്ഥായിയായ നന്മയ്ക്കുവേണ്ടിയുള്ള തിരുമനസ്സിലെ അവിശ്രമമായ യത്നങ്ങളുടെ വിജയത്തിനുവേണ്ടി ശുഷ്കാന്തിപൂർവ്വം പ്രാർത്ഥിക്കുന്നതാണെന്നുള്ള ഞങ്ങളുടെ ഉറപ്പിനേയും അവിടുന്നു പരിശുദ്ധ പിതാവു തിരുമേനിയെ അറിയിക്കുമാറാകണമെന്നു ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഇതു തിരുമനസ്സിലെ ഇന്ത്യയിലെ പ്രഥമസന്ദർശനമാണെങ്കിലും, അവിടുന്നു് ഒരിക്കലും ഞങ്ങൾക്കു ഒരു അപരിചിതനായിരുന്നില്ല. അന്താരാഷ്ട്രീയപ്രശസ്തിയാർജ്ജിച്ച ഒരു വിചക്ഷണനായ പണ്ഡിതൻ, കേരളീയ സുറിയാനിസഭ ഉൾപ്പെടെയുള്ള പൗരസ്ത്യസഭകളുടെ ചരിത്രം, ആചാരങ്ങൾ, പ്രാർത്ഥനക്രമങ്ങൾ മുതലായവ സംബന്ധിച്ച അനേകം പ്രശസ്തപ്രബന്ധങ്ങളുടെ കർത്താവു്, പൗരസ്ത്യസംസ്കാരങ്ങളിൽ അഗാധമായ ജ്ഞാനമുള്ളയാൾ, എന്നീ നിലകളിൽ തിരുമനസ്സിലെ നാമം ഭാരതത്തിലെ കത്തോലിക്കർ ഏററവും ആദരവോടും ബഹുമാനത്തോടുംകൂടെയാണു പരിഗണിച്ചുപോരുന്നതു്. പൗരസ്ത്യസംസ്കാരത്തോടുള്ള തിരുമനസ്സിലെ പ്രതിപത്തിയും അനേകം പൗരസ്ത്യഭാഷകളിൽ തിരുമനസ്സിലേക്കുള്ള അസുലഭമായ പാണ്ഡിത്യവും ഏതു പൗരസ്ത്യനേതാക്കളെക്കാൾ കൂടുതൽ പൗരസ്ത്യൻ എന്നുള്ള പ്രശസ്തി അവിടുത്തേക്കു നേടിത്തന്നിരിക്കുന്നു.

വത്തിക്കാൻ ഗ്രന്ഥശാല പുനസ്സംഘടിപ്പിക്കുന്നതിലും അധുനാതനമാക്കുന്നതിലും, അപൂർവ്വങ്ങളായ ഹസ്തലേഖാഗ്രന്ഥങ്ങളുടെ അമൂല്യങ്ങളായ ശേഖരങ്ങളെ അതിനായി സമ്പാദിക്കുന്നതിലും തിരുമേനി വഹിച്ചഭാഗം സഭയ്ക്കും വിജ്ഞാനവർദ്ധനവിനും ചെയ്തിട്ടുള്ള അമൂല്യമായ ഒരു സേവനമായിരിക്കുന്നു. 1947-ൽ തിരുമനസ്സിലേക്കു ഒരു ഓണററി ബിരുദം പ്രദാനം ചെയ്യവേ അമേരിക്കയിലെ പ്രിൻസ്റ്റൺ സർവ്വകലാശാല ബിരുദദാനപത്രത്തിൽ അങ്ങയെ അഭിനന്ദിക്കുകയുണ്ടായി: "പ്രശസ്തനായ പണ്ഡിതൻ, മഹാനായ പുരോഹിതൻ, പ്രാചീനക്രൈസ്തവരേഖകളുടെ വ്യാഖ്യാതാവു്, പൗരസ്ത്യറീത്തുകാരുടെ പ്രാർത്ഥനാക്രമങ്ങളിൽ വിദഗ്ദ്ധജ്ഞാനമുള്ളയാൾ, പൗരസ്ത്യഭാഷകളിൽ ലോകത്തിലേക്കും വലിയ പ്രാമാണികൻ, (എന്നിവയാൽ അവിടുന്നു്) അനേകരാജ്യങ്ങളിലെ പണ്ഡിതന്മാരുടെ കൃതജ്ഞത സമാർജ്ജിച്ചിരിക്കുന്നു."

ഇത്തരം അസാധാരണമായ സിദ്ധികളും അതോടുകൂടി വ്യക്തിപരമായ വിശുദ്ധിയും പ്രസന്നതയും നന്മയുംമൂലം പൗരസ്ത്യദിക്കിലും പാശ്ചാത്യദിക്കിലും ഉള്ള ജനങ്ങളുടെ സ്നേഹവും ബഹുമാനവും തിരുമേനി സമാർജ്ജിച്ചിരിക്കുന്നു.

ഈ ഘട്ടത്തിൽ, ഇന്നു സഭ അതിൻ്റെ ഭാഗം വഹിക്കേണ്ടിയിരിക്കുന്ന ഇൻഡ്യൻ പശ്ചാത്തലത്തിൻ്റെ ഒരു ചുരുങ്ങിയ വിവരണം നൽകുന്നതു അസ്ഥാനത്താകുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഞങ്ങളുടേതു ലോകത്തിലേക്കും ആധുനികമായ റിപ്പബ്ലിക്കുകളിലൊന്നാണു്. അവളുടെ സ്വാതന്ത്ര്യലബ്ധിയുടെ ആറാംവത്സരപൂർത്തി അടുത്തു കഴിഞ്ഞതേയുള്ളു. എന്നാൽ 5000 കൊല്ലത്തിലധികം പഴക്കമുള്ള ഒരു സംസ്കാരവും നാഗരികതയും തനിക്കുണ്ടെന്നു് അവൾ അഭിമാനിക്കുന്നു. നവലബ്ധമായ സ്വാതന്ത്ര്യത്തെ ഏകീഭവിപ്പിക്കുന്നതിനായി, ഇൻഡ്യയിലെ ജനങ്ങൾ ഒരു സെക്കുലർസ്റ്റേററ് ആയി ഇൻഡ്യക്കു ജനാധിപത്യപരമായ ഒരു ഭരണഘടന പ്രദാനം ചെയ്തിരിക്കുന്നു. പൗരവ്യക്തികളുടെയും ന്യൂനപക്ഷങ്ങളുടെയും മൗലികമായ അവകാശങ്ങളെ സുരക്ഷിതമാക്കുന്നതിനു മതിയായ ഉറപ്പുകൾ ഭരണഘടനയിലുണ്ടായിരിക്കുന്നു.

സ്വാതന്ത്ര്യോദയം ഇൻഡ്യയെ ഒരു അനിശ്ചിതാവസ്ഥയിലേക്കെത്തിച്ചിരിക്കുന്നു. ഇൻഡ്യയിലെ അനേകായിരങ്ങളുടെ മനസ്സിൽ ആധിപത്യം സ്ഥാപിക്കുവാൻ പരസ്പരവിരുദ്ധങ്ങളായ സാമൂഹ്യങ്ങളും രാഷ്ട്രീയങ്ങളുമായ ആദർശങ്ങൾ മത്സരിച്ചുകൊണ്ടിരിക്കുന്നു. ഇൻഡ്യയിലെ സഭ, അവളുടെ പാരമ്പര്യത്തിനു് അനുസൃതമായി, ന്യായയുക്തമായ ഒരു സാമൂഹ്യവ്യവസ്ഥിതിയുടെ രൂപവത്കരണത്തിനായി എല്ലാ യത്നങ്ങളും ചെയ്തുകൊണ്ടാണിരിക്കുന്നതു്. നിരീശ്വരപരവും സാമൂഹ്യവിരുദ്ധവുമായ ശക്തികളെ പ്രതിരോധിക്കുന്നതിൻ ശക്തിമത്തായ ഒരു സ്വാധീനശക്തിയാണെന്നു തെളിയിക്കയും ചെയ്തിരിക്കുന്നു.

ഈ പരിവർത്തനഘട്ടത്തിൽ, ശോഭനവും സുശക്തവുമായ നേതൃത്വംകൊണ്ടു് ദൈവം ഇൻഡ്യയെ അനുഗ്രഹിച്ചുവെന്നതു് ചാരിതാർത്ഥ്യജനകമാണു്. ദൈവവിശ്വാസത്തിലും സേവനത്തിലും അടിയുറച്ചതായ മഹത്തായ ഒരാദർശം മഹാത്മജി ഭാരതീയരുടെ മുമ്പിൽ ഉയർത്തിക്കാട്ടി. ക്രിസ്തുവിൻ്റെ ഗിരിപ്രഭാഷണത്താൽ പ്രചോദിതമായ പ്രസ്തുത സന്ദേശം, ഇൻഡ്യയെ സമാധാനത്തിൻ്റെയും അഭിവൃദ്ധിയുടെയും മാർഗ്ഗത്തിലൂടെ നയിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. തീക്ഷ്ണദേശാഭിമാനിയും, പരിത്യാഗശീലനും, രാജ്യതന്ത്രവിദഗ്ദ്ധനും, വിശാലാശയനുമായ ഞങ്ങളുടെ പ്രിയപ്പെട്ട പ്രധാനമന്ത്രി ശ്രീ ജവഹരിലാൽ നെഹ്റുവിനു് ഇൻഡ്യയിലെ വിവിധ സമുദായാംഗങ്ങളിൽ വിശ്വാസവും പ്രത്യാശയും ജനിപ്പിക്കാൻ സാധിച്ചിട്ടുണ്ടു്. കൂടാതെ നശീകരണങ്ങളും ദേശീയവിരുദ്ധങ്ങളുമായ ശക്തികളെ കാര്യമായി തടയുന്നതിനും അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടു്. ലോകരാഷ്ട്രങ്ങളുടെയിടയിൽ സമാധാനവും സന്മനസ്സും കൈവരുത്തുവാൻ ഇൻഡ്യ ചെയ്ത അക്ഷീണയത്നങ്ങളുടെ ഫലമായി അന്താരാഷ്ട്രീയമണ്ഡലത്തിൽ അവളുടെ കീർത്തി വളരെയേറെ ഉയർന്നിട്ടുണ്ടു്. യു. എൻ. ജനറൽ അസംബ്ളിയുടെ പ്രസിഡൻ്റായി ശ്രീമതി വിജയലക്ഷ്മി പണ്ഡിററിനെ തിരഞ്ഞെടുത്തതുതന്നെ അതിനൊരുദാഹരണമാണു്.

ആഭ്യന്തരരംഗത്തു്, ജനങ്ങളുടെ ക്ഷേമോൽക്കർഷത്തിനായി ഗവർമ്മെൻറു് അക്ഷീണയത്നം നടത്തിക്കൊണ്ടിരിക്കയാണു്. ദേശീയ പുനരുദ്ധാരണപദ്ധതികൾക്കു്, സഭ അതിൻ്റെ മുഴുവൻ പിന്തുണയും നൽകിക്കൊണ്ടിരിക്കുന്നു. പൊതുവായ സാമൂഹ്യോദ്ധാരണത്തിനു് വിദ്യാലയങ്ങളും ധർമ്മസ്ഥാപനങ്ങളുംവഴി സഭ വളരെയധികം സഹായം നൽകുന്നുണ്ടു്. ഇൻഡ്യയിലെ കാത്തലിക് ബിഷപ്പ്സ് കോൺഫറൻസിൻ്റെ സ്റ്റാൻഡിംഗ് കമ്മിററി ഇയ്യിടെ അവരുടെ ഔദ്യോഗിക സ്റ്റേററ്മെൻറിൽ, വിദ്യാഭ്യാസരംഗത്തിൽ ദേശീയ ഗവർമ്മെൻറിൻ്റെ ആദർശങ്ങളോടു് അങ്ങേയററം സംയോജിക്കുന്നതിനും പുനരുദ്ധാരണത്തിൻ്റെ പൊതുപ്രവർത്തനത്തിൽ ചില ദേശീയപരിപാടികൾ നടപ്പാക്കുന്നതിനു് സഹായിക്കുന്നതിനും തങ്ങളുടെ ആകാംക്ഷ രേഖപ്പെടുത്തുകയുണ്ടായി. ഈ പരിശ്രമങ്ങളിലെല്ലാം സഭ, യഥാർത്ഥസ്വദേശാഭിമാനത്തിൻ്റേയും യഥാർത്ഥ ക്രൈസ്തവ ഉപവിയുടേയും അരൂപിയിൽ മാത്രമാണു് ഉത്തേജിതമാകുന്നതു്.

സഭയുടെ സേവനങ്ങൾക്കു് അതർഹിക്കുന്ന അംഗീകാരവും വിലമതിപ്പും എല്ലാ ഭാഗങ്ങളിൽനിന്നും ലഭിക്കുന്നുണ്ടെന്നുള്ളതും ഭരണകൂടവും സഭയും തമ്മിലുള്ള ബന്ധം ഏററവും ഹൃദ്യമാണെന്നുള്ളതും വളരെയധികം ചാരിതാർത്ഥ്യജനകമാണു്. പരിശുദ്ധ സിംഹാസനവും ഇൻഡ്യൻ റിപ്പബ്ലിക്കും തമ്മിൽ നയതന്ത്രബന്ധം ആരംഭിച്ചതു് സഹകരണത്തിൻ്റേയും സന്മനസ്സിൻ്റേയും ഈ നിലയെ ശക്തിപ്പെടുത്തുന്നതിനു് വളരെയധികം ഉപകരിച്ചു. ഇതരസമുദായങ്ങളുമായുള്ള ഞങ്ങളുടെ ബന്ധം സൗഹാർദ്ദപരമാണു്. അവരുടെ സൗഹൃദത്തിലും സന്മനസ്സിലും ഞങ്ങൾ വിശ്വസിക്കുന്നു. മതേതരരാഷ്ട്രാശയത്തിനു ഏതു നിലയിൽ രൂപംകൊടുത്താലും ആ നിലയിൽ സംരക്ഷിക്കപ്പെടുമെന്നുള്ളതിൽ ഞങ്ങൾക്കശേഷം സംശയമില്ല.

മലബാറിലെ കത്തോലിക്കാസഭ അതിൻ്റെ പൗരാണികത്വംകൊണ്ടും സംഖ്യാബലംകൊണ്ടും ഇൻഡ്യയിൽ പ്രധാനപ്പെട്ട ഒരു സ്ഥാനമാണു് വഹിക്കുന്നതു്. ഈ ഉപഭൂഖണ്ഡമൊട്ടാകെ നോക്കിയാൽ മലബാറിലാണു് കത്തോലിക്കർ ഏററവുമധികം നിവസിക്കുന്നതു്. അതായതു് ഇൻഡ്യയിലെ കത്തോലിക്കരിൽ നേർപകുതി. വിശുദ്ധ തോമാശ്ലീഹായാൽ ഈ നാട്ടിൽ സംസ്ഥാപിതമായ ഇവിടത്തെ കത്തോലിക്കാസഭയ്ക്കു് അപ്പസ്തോലികകാലം മുതലുള്ള ആരംഭമാണുള്ളതു്. ദൈവാനുഗ്രഹത്താൽ നനയ്ക്കപ്പെട്ടു്, ഞങ്ങളുടെ പൂർവ്വപിതാക്കന്മാരുടെ വിശ്വാസത്താൽ പോഷിപ്പിക്കപ്പെട്ടു് പില്ക്കാലങ്ങളിൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ വീരോചിതമായ മിഷനറി പ്രവർത്തനങ്ങളാൽ വർദ്ധിതവീര്യയായി, ആ കടുകുമണി മുളച്ചുവളർന്നു വമ്പിച്ചൊരു വൃക്ഷമായിത്തീർന്നിരിക്കുന്നു. മൂന്നു റീത്തുകളിലായി സ്വന്തമായോരോ ഹൈറാർക്കികളോടുകൂടി മൂന്നു മെത്രാപ്പോലീത്താമാരാലും 12 ബിഷപ്പന്മാരാലും ഭരിക്കപ്പെടുന്ന മലബാറിലെ കത്തോലിക്കരുടെ സംഖ്യ ഏതാണ്ടു് 20 ലക്ഷത്തോളംവരും.

പ്രാരംഭകാലങ്ങൾമുതൽക്കുതന്നെ മലബാറിലെ കത്തോലിക്കാസഭ വിദ്യാഭ്യാസ-സാമൂഹ്യപ്രവർത്തനരംഗങ്ങളിൽ സുപ്രധാനമായൊരു ഭാഗമാണഭിനയിച്ചുവരുന്നതു്. മൂന്നു അതിരൂപതകളിലും 12 രൂപതകളിലുമായി 1322 ഇടവകപ്പട്ടക്കാരും 500 സന്യാസവൈദികരും 4804 സന്യാസിനികളും, 11 കോളേജുകളും 350 സെക്കണ്ടറിസ്കൂളുകളും 864 പ്രൈമറിസ്കൂളുകളും 41 ഇൻഡസ്ട്രിയൽ സ്കൂളുകളും 400 അഗതിമന്ദിരങ്ങളും 40 ആശുപത്രികളും 18 ആനുകാലികപ്രസിദ്ധീകരണങ്ങളുമുണ്ടു്. കൃഷി, വ്യവസായം, വാണിജ്യം മുതലായ രംഗങ്ങളിൽ വഹിക്കുന്ന സജീവഭാഗഭാഗിത്വംമൂലം രാജ്യത്തിൻ്റെ സാമ്പത്തികാഭിവൃദ്ധിയിൽ കാര്യമായൊരു ഭാഗമാണു് ഞങ്ങൾ വഹിക്കുന്നതു്. ഗവർമ്മെൻറു് സർവ്വീസ്, സംസ്ഥാനനിയമസഭ, കാബിനററു് മുതലായ രംഗങ്ങളിലും കത്തോലിക്കർ തങ്ങളുടെ മേന്മ തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്. മാത്രമല്ല സ്റ്റേററുഗവർമ്മെൻറും സഭയും തമ്മിൽ നിലവിലിരിക്കുന്ന സൗഹാർദ്ദബന്ധം പ്രത്യേകം സ്മരണീയമാണു്.

തിരുമേനിയെ സ്വാഗതം ചെയ്യുവാനുള്ള അസുലഭഭാഗ്യം സിദ്ധിച്ച മലബാറിലെ പ്രഥമകത്തോലിക്കാകേന്ദ്രമായ എറണാകുളത്തെക്കുറിച്ചു് ഏതാനും വാക്കുകൾ പറയട്ടെ. ചരിത്രപ്രസിദ്ധമായ കൊച്ചിത്തുറമുഖം സമീപത്തും, ഹൈക്കോർട്ടു്, മററു പല പൊതുസ്ഥാപനങ്ങൾ മുതലായവ ഉള്ളിലും, വാർത്താവിനിമയം, വാണിജ്യം മുതലായവയ്ക്കു് വമ്പിച്ച സൗകര്യങ്ങളോടും അഭ്യസ്തവിദ്യരും സംസ്കാരസമ്പന്നരുമായ പൗരസഞ്ചയത്തോടും കൂടിയ എറണാകുളം ഇന്നു് സ്റ്റേററിൻ്റെ പൗരജീവിതത്തിൽ സുപ്രധാനമായൊരു കേന്ദ്രമാണു്. മാത്രമല്ല, ഈ ടൗണിലെ ജനസഞ്ചയത്തിൽ ഗണ്യമായൊരുഭാഗം മൂന്നു വൈദികാദ്ധ്യക്ഷന്മാരുടെ ഭരണത്തിൻ കീഴിലുള്ള കത്തോലിക്കരാണു്. മലബാറിലെ എല്ലാ കത്തോലിക്കാകേന്ദ്രങ്ങളിൽവച്ചേററവും കൂടുതൽ കത്തോലിക്കാസ്ഥാപനങ്ങൾ — മൂന്നു് ഒന്നാംഗ്രേഡ് കോളേജുകൾ, ഒട്ടുവളരെ കത്തോലിക്കാദേവാലയങ്ങൾ, ആശ്രമദേവാലയങ്ങൾ, കോൺവെൻറുകൾ, വളരെ പ്രസ്സുകൾ, ആനുകാലികപ്രസിദ്ധീകരണങ്ങൾ — എറണാകുളത്തുണ്ടു്. ഇവിടെവച്ചു നടത്തപ്പെട്ട ചരിത്രപ്രസിദ്ധമായ ശതാബ്ദജൂബിലി, മരിയൻ കോൺഗ്രസ്സ് ആഘോഷങ്ങൾ മലബാറിലെ സജീവകത്തോലിക്കാകേന്ദ്രങ്ങളിലൊന്നെന്നുള്ള അതിൻ്റെ പ്രാധാന്യം വളരെ ഉയർത്തിയിട്ടുണ്ടു്. മലബാറിൽ തിരുമേനിയുടെ സംഭവബഹുലമായ പരിപാടിയിൽ എറണാകുളത്തിനു് പ്രഥമസ്ഥാനം നൽകപ്പെട്ടതു് സർവ്വഥാ യുക്തംതന്നെ.

ഇന്നു ഞങ്ങൾ, മലബാറിലെ വിശ്വാസികൾ, സഹപൗരന്മാരുടെ ഹൃദയപൂർവ്വമായ സഹകരണത്തോടെ തിരുമേനിയെ ഹൃദ്യമായി സ്വാഗതം ചെയ്യുമ്പോൾ, എറണാകുളം ചരിത്രപ്രസിദ്ധമായ മറെറാരു സംഭവത്തിനു് സാക്ഷ്യംവഹിക്കുകയാണു്. തിരുമേനിയിൽ ഞങ്ങൾ തിരുസഭയിലെ ഒരു അഭിവന്ദ്യ വൈദികശ്രേഷ്ഠനേയും അതുല്യവ്യുല്പത്തിയോടുകൂടിയൊരു വിദഗ്ദ്ധപണ്ഡിതനേയും വ്യാപകമായ സമസൃഷ്ടിസ്നേഹത്തോടുകൂടിയ കഴിവുററൊരു ഭരണാധിപനേയും സഭയുടെ മഹാനായൊരു യോദ്ധാവിനേയും ക്രിസ്തുവിൻ്റെ മുന്തിരിത്തോട്ടത്തിലെ അക്ഷീണനായൊരു ജോലിക്കാരനേയുമാണു് ദർശിക്കുന്നതു്.

തിരുമേനിക്കു് ഞങ്ങളുടെ രാജ്യവും ജനതയും സ്ഥാപനങ്ങളും ഞങ്ങളുടെ ചരിത്രത്തിലെ ഗണനീയഘട്ടങ്ങളും അത്യധികം താല്പര്യമുള്ളവയായിരിക്കുമെന്നും ഞങ്ങളുടെ മദ്ധ്യേയുള്ള അവിടുത്തെ സഞ്ചാരം സന്തോഷപ്രദവും ഫലദായകവുമാകാനുപകരിക്കുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

തിരുസ്സഭയുടെ സേവനത്തിൽ മഹത്തായ കീർത്തി നേടുന്നതിനു തിരുമേനിക്കു് ദീർഘായുസ്സും ആരോഗ്യവും പ്രദാനം ചെയ്യുന്നതിനു് ഞങ്ങൾ സർവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിക്കുകയും തിരുമേനിയുടെ അനുഗ്രഹങ്ങൾ ഞങ്ങളുടെമേലുണ്ടാകുന്നതിനു് അപേക്ഷിക്കുകയും ചെയ്തുകൊണ്ടു് ഞങ്ങൾ ഒരിക്കൽക്കൂടി തിരുമേനിക്കു് ഹൃദയംഗമവും പുത്രോചിതവുമായ സ്വാഗതം നേർന്നുകൊള്ളുന്നു.



അസാദ്ധ്യമെന്നു കരുതിയിരുന്ന വിജയസാദ്ധ്യതയ്ക്കു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമ ചോദിക്കുന്നു.

ത്രേസ്യാമ്മ മാത്യു
കാരണംകോട്ടുവീട്ടു്, പേരൂർ

ചെറുകഥ

# അയൽവാസികൾ

(ജി. സി. ടീലാർ)

മുൻവശത്തു് നീണ്ടുകിടക്കുന്ന കാറും ബസ്സും ഓടിക്കൊണ്ടിരിക്കുന്ന ഒരു റോഡു്. പിൻഭാഗത്തു് ഒരു നദിയും. പൂക്കുന്നേൽ കുടുംബക്കാരും അപ്പുക്കാട്ടുകുടുംബക്കാരും അസൂയാർഹമായ ഈ സ്ഥാനത്തു വസിക്കുവാൻ തുടങ്ങിയിട്ടു് വളരെക്കാലമായി. രണ്ടു ഭവനങ്ങളും ഇരുമേഖപ്പു മോഡലിലാണു്. പൂക്കുന്നേൽവീട്ടു് അസ്ബെസ്റ്റോസുകൊണ്ടും അപ്പുക്കോട്ടത്തു് ഓടുകൊണ്ടും മേഞ്ഞിരിക്കുന്നു എന്നുമാത്രം. രണ്ടിന്റെയും മുൻവശത്തു് മണൽവിരിച്ചുകുത്ത നടുമുററവും ഇരുവശങ്ങളിലുമായി പൂന്തോട്ടങ്ങളുമുണ്ടു്. റോഡിൽനിന്നും അല്പം ഉയർന്നു് പൂച്ചെടികൾക്കും പച്ചിലകൾക്കും ഇടയിൽക്കൂടി ഒളിഞ്ഞുനോക്കുന്ന വെള്ളക്കെട്ടിടങ്ങൾ നയനമോഹനങ്ങൾതന്നെ. റോഡിൽനിന്നും ആററുതീരംവരെ എത്തിനില്ക്കുന്ന ഒരു ഇടവഴി രണ്ടുകൂട്ടരുടേയും പുരയിടത്തിന്റെ അതിർത്തിനിർണ്ണയം ചെയ്തിരിക്കുന്നു.

വിവാഹം. പൂക്കുന്നേൽ ജോസഫിന്റെ വിവാഹം ആഡംബരസമന്വിതം നടത്തപ്പെട്ടു. റോസമ്മയെ കണ്ടവരെല്ലാം പറഞ്ഞു അവൾ പൂക്കുന്നേൽ കുടുംബത്തിന്റെ കെടാവിളക്കായിരിക്കുമെന്നു്. ഏഴു ഫർലോംഗ് ദൂരമേയുള്ളു പള്ളിയിലേക്കു്. റോസമ്മ അതിരാവിലെ എഴുന്നേററു പള്ളിയിൽ പോകാൻ. അപ്പോൾ ജോസഫ് നൽകിയ ഒരുപദേശം: "ഒരാളുടെയും ഭക്തജീവിതത്തിനു് ഞാൻ തടസ്സമായി നില്ക്കുന്നതല്ല. എങ്കിലും യഥാർത്ഥ ഭക്തി എന്താണെന്നു് എന്റെ സഹധർമ്മിണിയെ മനസ്സിലാക്കിത്തരേണ്ട ഒരു ചുമതല എനിക്കുണ്ടു. വൈവാഹികജീവിതം നയിക്കുന്നവർക്കു് മഠത്തിൽ കഴിഞ്ഞുകൂടുന്ന ബ. കന്യാസ്ത്രീകളുടെ ജീവിതം നയിക്കുക സാദ്ധ്യമല്ല. പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി അവർ വളരെ സമയം ചെലവുചെയ്യുന്നു. നാമോ എന്നാൽ കൂടുതൽ സമയം ജോലിചെയ്യണം. എങ്കിലേ ഒരു കുടുംബം പോററിപ്പുലർത്തിക്കൊണ്ടു പോകാനുള്ള ചുമതല നാം നിർവ്വഹിക്കൂ. ദൈവസ്നേഹത്തിൽ നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും പ്രാർത്ഥനയായി രൂപാന്തരപ്പെടുമെന്നുള്ള തത്വം അറിയാമായിരിക്കുമല്ലോ. പള്ളി അടുത്തായതുകൊണ്ടു് ദിവസവും ഒരു കുർബാന കാണുന്നതു വളരെ നല്ലതുതന്നെ. ദിവ്യകാരുണ്യം സ്വീകരിക്കുവാൻ കഴിയുമെങ്കിൽ ഏററം ഉത്തമം. പക്ഷേ കുമ്പസാരവും കുർബാനയും മാത്രമല്ല ഭക്തിയുടെ മാനദണ്ഡം എന്നുകൂടി അറിഞ്ഞിരിക്കേണ്ടതുണ്ടു.

"ഒരാൾക്കു് ബി. എ. ഡിഗ്രിയോ എം. എ. ഡിഗ്രിയോ ഉണ്ടെങ്കിൽ അയാൾ ഒരു ജ്ഞാനിയാണെന്നും ഒരു സംസ്കൃതചിത്തനാണെന്നും സാധാരണജനങ്ങൾ വിചാരിക്കുന്നു. എന്നാൽ ജ്ഞാനവും സംസ്കാരവും ഇല്ലാത്ത ആളുകൾക്കും ചിലപ്പോൾ ഡിഗ്രികൾ ലഭിക്കാറുണ്ടെന്നുള്ള കാര്യം നമുക്കറിയാം. നാം പ്രതീക്ഷിക്കുന്ന സംസ്കാരവും വിജ്ഞാനവും ഡിഗ്രിക്കാരിൽ കാണാതെവരുന്നെങ്കിൽ അവർ പൊതുജനമദ്ധ്യത്തിൽ അവഹേളനാർഹരായിത്തീരുന്നു. ഡിഗ്രിക്കു് എന്തെങ്കിലും ദോഷമുണ്ടായിട്ടല്ല അതു്. ഡിഗ്രി സമ്പാദിക്കുന്ന ആൾ യോഗ്യനല്ലാത്തതുകൊണ്ടു തന്നെ. ഇതുപോലെ കുമ്പസാരവും കുർബാന കൈക്കൊള്ളപ്പെട്ടും മററു ഭക്തകൃത്യങ്ങളും ആദ്ധ്യാത്മികജീവിതത്തിലെ ഡിഗ്രികളാണു്. യോഗ്യന്മാരിൽ അവ വളരെ ശോഭിക്കും. പ്രത്യുത അയോഗ്യരെങ്കിൽ, അവയ്ക്കു തന്നെയല്ല ആക്ഷേപം. കുമ്പസാരത്തെയും കുർബാന കൈക്കൊള്ളലിനെയും ആക്ഷേപിക്കുന്ന ഉപരിപ്ലവബുദ്ധികൾ ഇന്നനേകമാണു്. അതിനാൽ ഭക്തി നമ്മുടെ അനുദിനജീവിതത്തിൽ പ്രതിഫലിക്കതന്നെ ചെയ്യണം. അല്ലാത്ത ഭക്തിക്കു കപടഭക്തി എന്നാണു് പേരു്. മററുള്ളവരുടെ മുമ്പിൽ ഒരു ഭക്തയായി കാണപ്പെടുന്നതിനെക്കാൾ ഹൃദയങ്ങളെ വിളക്കുകൊണ്ടു പരിശോധിക്കുന്ന ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠയുള്ളവളായിത്തീരുവാൻ ശ്രമിക്കുക.

"നമ്മുടെ അടുത്ത അയൽക്കാർ അപ്പുക്കോട്ടുകുടുംബക്കാരാണു്. അവിടത്തെ അന്നമ്മയ്ക്കു് റോസമ്മയെക്കാൾ അല്പം പ്രായക്കൂടുതൽ കാണും. അവരെ ഒരു ജ്യേഷ്ഠത്തിയെപ്പോലെ കരുതുക. പള്ളിയിൽപോക്കും തിരിച്ചുവരവും വിവേകമതിയും ഭക്തയുമായ ആ അന്നമ്മയുടെ കൂട്ടത്തിൽ ആയിരുന്നാൽ വളരെനന്നു്. മിതമായി മാത്രമേ ആ സ്ത്രീ സംസാരിക്കൂ. അന്യരുടെ കുററങ്ങൾ പെരുക്കി സ്വന്തം ഭൂമിയിൽ നട്ടുവളർത്തുന്നവരുടെ ഗണത്തിൽ പെടുന്നില്ല അവർ. അതുകൊണ്ടാണു് അന്നമ്മയുമായി സംസർഗ്ഗംചെയ്യുന്നതു് നന്നാണെന്നു ഞാൻ അഭിപ്രായപ്പെട്ടതു്."

റോസമ്മയ്ക്കു കേൾക്കേണ്ട കാര്യമേ ഉണ്ടായിരുന്നുള്ളു. ഇടയ്ക്കുകയറി ചിലതെല്ലാം ചോദിക്കണമെന്നു തോന്നി. പക്ഷേ ഒന്നും ചോദിച്ചില്ല. അതിനു സമയവും കിട്ടിയില്ല എങ്കിലും പിറുപിറുത്തുകൊണ്ടാണു് അവൾ പോയതു്. തന്റെ മുമ്പിൽവച്ചു മറെറാരു സ്ത്രീയെ ഭർത്താവു് പ്രശംസിച്ചതു അവൾക്കിഷ്ടപ്പെട്ടില്ല. ആ രാജ്യത്തുള്ള സ്ത്രീകളെക്കാളെല്ലാം താൻ മെച്ചമാണെന്നും നന്മയിൽ നിലനില്ക്കുവാൻ തനിക്കു മററാരുടേയും സഹായം ആവശ്യമില്ലെന്നുമായിരുന്നു അവളുടെ ഭാവം. ഭർത്താവിന്റെ അതൃപ്തിയെ ഭയന്നു് അവൾ അതു പുറത്തുകാണിച്ചില്ല. പാലം കടന്നപ്പോൾ റോസമ്മ അപ്പുക്കോട്ടെ മുററത്തു കയറി. പട്ടുസാരിയുടെ കടുംചുവപ്പു് ജിലർട്ടിനു് അത്ര പിടിച്ചില്ല. രണ്ടുനിര പല്ലുകളും അവൻ പുറത്തുകാട്ടിക്കൊണ്ടു റോസമ്മയുടെനേരെ ചാടിക്കുരച്ചു. "ജിലർട്ട്! മിണ്ടരുതു്"—യജമാനന്റെ ആജ്ഞ. പോളിന്റെ സ്വരം കേട്ടമാത്രയിൽ ആ പട്ടി വാൽതാഴ്ത്തി അപ്പുറത്തേക്കു പൊയ്ക്കളഞ്ഞു. "റോസമ്മ പള്ളിയിലേക്കാണോ?"

"അതെ, അന്നമ്മ ജേഷ്ഠത്തിയുടെക്കൂടെ പോകാമെന്നുവച്ചാണിതിലേ വന്നതു്."

റോസമ്മയുടെ സ്വരംകേട്ടപ്പോൾ അന്നമ്മ മുററത്തേക്കിറങ്ങിവന്നു പറഞ്ഞു: "ഇന്നു പള്ളിയിൽ കുർബാന ഇല്ലെന്റെ കുഞ്ഞേ. വികാരിയച്ചൻ ഇന്നലെ പോയതാ, ഒരു മരിച്ചടക്കിനു്."

"വികാരിയച്ചൻ ഇനി എന്നുവരും? നാളെ കുർബാന കാണുമോ?"

"നാളെ ഏതായാലും കുർബാന കാണും. അദ്ദേഹം ഇന്നുച്ചയ്ക്കുമുമ്പേ വരുമെന്നാ ഇവിടെ പറയുന്നകേട്ടതു്."

"എന്നാൽ ഞാൻ പോകയാ. നാളെ രാവിലെ വന്നേക്കാം." റോസമ്മ തിരിഞ്ഞു നടന്നുകഴിഞ്ഞു. പോൾ അന്നമ്മയെ ഒന്നു നോക്കി. അർത്ഥഗർഭമായിരുന്നു അതു. അന്നമ്മ പുറകേ ഓടിവന്നിട്ടു പറഞ്ഞു: "ഇതെന്താ ഇങ്ങനെ? ഞങ്ങൾ കാട്ടുമൃഗങ്ങളോ മററോ ആണോ? ഞങ്ങളുടെ തിണ്ണേലൊന്നു കയറി ഇരുന്നിട്ടുപോ. നല്ലപ്പം വന്നതല്ലേ?" റോസമ്മ സ്വീകരിച്ചു ആ ക്ഷണം.

"എടീ ലീലാമ്മേ. വേഗം അല്പം ചായ തിളപ്പിച്ചേ. നിന്റെ ഇളയമ്മ ആദ്യം വന്നതല്ലേ ഇവിടെ. നീതന്നെ സല്ക്കരിക്കു്." അന്നമ്മ മകളെ വിളിച്ചു പറഞ്ഞു. ഒരു നവോന്മേഷമുണ്ടായി ലീലാമ്മയ്ക്കു്. അവൾ പുസ്തകം മടക്കിവച്ചിട്ടു് അടുക്കളയിൽ കയറി. അന്നമ്മയും റോസമ്മയും കൂടി ചാവടിയിലേക്കും.

"എന്റെ റോസമ്മേ,നീ ഒരു വലിയ ഭാഗ്യവതിതന്നെ. പൂക്കുന്നേലെ വാടാപ്പുഷ്പമായി നീ വിലസുമെന്നാണു് നിന്നെ കണ്ട പലരും പറഞ്ഞതു്."

"എന്റെ ഭാഗ്യത്തിനടിസ്ഥാനം എന്താണെന്നാണവർ പറയുന്നതു്?"

"എന്താണെന്നോ! ജോസഫിനെപ്പോലൊരാളെ ഭർത്താവായി ലഭിച്ചതുതന്നെ ഏററം വലിയ ഭാഗ്യം. ഇത്ര സൽസ്വഭാവിയായ ഒരു മനുഷ്യൻ ഈ അടുത്തപ്രദേശത്തെങ്ങുമില്ല. പുകയിലവേണ്ടാ,മദ്യം വേണ്ടാ, ബീഡി സിഗററു്—ഒന്നുംവേണ്ടാ. ചീത്ത ആളുകളുമായി കൂട്ടമില്ല. നല്ല ഒരു ധനികൻ, അഭ്യസ്തവിദ്യൻ, പോരെങ്കിൽ സുമുഖനും. എത്ര പെണ്ണുങ്ങൾ അവിടെ ചെന്നുകയറാൻ നോയമ്പുനോററിരുന്നതാണെന്നറിയാമോ?"

"പലർ നോയമ്പുനോററതുകൊണ്ടായിരിക്കും ഈ പ്രായംവരെ അവിവാഹിതനായി നിന്നുകളഞ്ഞതു്."

"കൂടിയാൽ ഒരു മുപ്പത്തഞ്ചുവയസ്സുകാണും. അതു വലിയ പ്രായമോ മററോ ആണോ?"

"അയ്യോ! അത്രയുംപ്രായമോ! ഇരുപത്തേഴു്. ഇരുപത്തെട്ടു്—ഇത്രയുമേ എനിക്കു തോന്നിയുള്ളു."

"അതു ശരിയാ. കാഴ്ചയ്ക്കു വളരെ ചെറുപ്പമായിട്ടുതോന്നും...... എന്നെ കല്യാണം പറഞ്ഞുറപ്പിച്ചിരുന്നതല്ലേ."

കൂടുതൽ സംസാരിക്കുവാൻ റോസമ്മ ഇഷ്ടപ്പെട്ടില്ല. ലീലാമ്മ തയാറാക്കിയ ചായ കുടിച്ചുകൊണ്ടു് അവൾ വേഗം സ്ഥലംവിട്ടു. തിരിയെ വന്നപ്പോൾ ജോസഫ് പൂന്തോട്ടത്തിൽ നില്ക്കുന്നതാണു കണ്ടതു്. ഒരു റോസാപ്പൂ കൈയിലെടുത്തു് അതിന്റെ സൗരഭ്യം ആസ്വദിക്കയായിരുന്നു അയാൾ. അതു റോസമ്മയുടെ നേരെ നീട്ടിക്കൊണ്ടു് ജോസഫ് ചോദിച്ചു: "ഇന്നു പള്ളിയിൽ കുർബാന ഇല്ലായിരുന്നോ?"

"ഇല്ലായിരുന്നു. അച്ചൻ എങ്ങോ പോയിരിക്കയാണു്."

"പിന്നെ എവിടെയാ ഇത്ര നേരം താമസിച്ചതു്?"

"അപ്പുക്കോട്ടു് അന്നമ്മജ്യേഷ്ഠത്തിയുമായി വർത്തമാനം പറഞ്ഞങ്ങനെ ഇരുന്നുപോയി."

"ഇത്രമാത്രം പറയാനെന്തായിരുന്നു?"

"അവിടെ ഞാൻ ഏകദേശം എന്റെ പ്രായത്തിലൊരു പെണ്ണിനെ കണ്ടു."

"അവിടത്തെ ലീലാമ്മയായിരിക്കും. അവളെന്താ ഒരു മിടുക്കിയല്ലേ?"

"വളരെ മിടുക്കി. അവളാണെനിക്കു ചായ ഉണ്ടാക്കിത്തന്നതു്. അവളുടെ അമ്മയെ നിങ്ങളു കെട്ടാനിരുന്നതാണെന്നു പറഞ്ഞല്ലോ."

"അതിനെന്താ? പലരെ പറഞ്ഞല്ലേ ഒടുവിൽ ഒരാളെ കല്യാണംകഴിക്കുന്നതു്."

"നിങ്ങൾക്കൊരു മുപ്പത്തഞ്ചുവയസ്സു പ്രായംകാണുമെന്നു് അവരു പറഞ്ഞല്ലോ."

വിവർണ്ണവദനനായി ജോസഫ്. സംഭാഷണം മുറിച്ചുനിറുത്തിയിട്ടു് അയാൾ ചാരുകസേരയിൽ പോയി കിടന്നു. ഹൃദയത്തിനു നീററൽതുടങ്ങി. ഭാര്യയ്ക്കു നൽകിയ ഉപദേശം വിഡ്ഢിത്തത്തിന്റെ വേഷമണിഞ്ഞു് അയാളുടെ കൺമുമ്പിൽ നൃത്തം ചെയ്തുകൊണ്ടിരുന്നു. തന്റെ വിദ്യ ഫലിച്ചതിൽ റോസമ്മയ്ക്കു് ഹൃദയംഗമമായ സന്തോഷമാണുണ്ടായതു്. അന്നുതന്നെ അവൾ നാലുപ്രാവശ്യം അപ്പുക്കോട്ടു പോയി. രണ്ടുപ്രാവശ്യം അന്നമ്മ ഇങ്ങോട്ടുംവന്നു. വരവുംപോക്കും ജോസഫ് അറിയുന്നുണ്ടു്. എന്നാൽ ഒന്നും അറിഞ്ഞില്ലെന്നമട്ടിൽ അയാൾ കിടക്കയായിരുന്നു. ഈ പോക്കും വരവും കൂടുതൽ അപകടം വരുത്തിവയ്ക്കുമെന്നു് അയാൾക്കു ബോദ്ധ്യമായി.

അർദ്ധരാത്രി. ജോസഫ് എഴുന്നേററു. ഒരു ടോർച്ചുലൈററുമെടുത്തുകൊണ്ടു് അയാൾ ഇടവഴിയിലേക്കു് ഊന്നിറങ്ങി. ആ പാലം തലയിൽ കൊണ്ടു പൊക്കിയെടുത്തു. നേരെ ആററിലേക്കാണു് അതുമായി നടന്നതു്. വെള്ളം കരകവിഞ്ഞൊഴുകുന്നുണ്ടായിരുന്നു. ജോസഫ അതു നദിയുടെ നടുവിലേക്കു തള്ളി. അയാൾ ലൈററുതെളിച്ചു. പാലത്തടി ഒരു ചുഴിയിൽപ്പെട്ടു വട്ടംകറങ്ങിയിട്ടു നേരെ താഴേക്കൊഴുകുന്നതാണയാൾ കണ്ടതു്. പ്രശാന്തനായി അയാൾ തിരിയെവന്നു സുഖമായി കിടന്നുറങ്ങി.

റോസമ്മ പതിവുപോലെ എഴുന്നേററു. നീലപ്പട്ടുസാരിയും ആഭരണങ്ങളും അണിഞ്ഞു് പള്ളിയിലേക്കു നടന്നുതുടങ്ങി. പാലം കടക്കേണ്ട സ്ഥലത്തുവന്നു. വിസ്മയം! അവിടെനിന്നും അതു് അപ്രത്യക്ഷമായിരിക്കുന്നു. അവൾക്കു കോപം സഹിക്കുവാൻ കഴിഞ്ഞില്ല. അവൾ ഊഹിച്ചു അതെങ്ങനെ സംഭവിച്ചുവെന്നു്. അന്നമ്മജ്യേഷ്ഠത്തി അതു വലിച്ചെടുത്തു തീയെരിച്ചതുതന്നെ. അവൾ ഇടവഴിയിൽക്കൂടെ നടന്നു് റോഡിൽ കയറി പള്ളിയിലെത്തി. കുർബാനകണ്ടു ദിവ്യകാരുണ്യം സ്വീകരിക്കയുംചെയ്തു. പള്ളിമുററത്തുവച്ചു് അന്നമ്മയെ കണ്ടിട്ടു മിണ്ടുകപോലും ചെയ്തില്ല. വിളിച്ചിട്ടും തിരിഞ്ഞുനോക്കാതെ റോസമ്മ ഓടികളഞ്ഞതിൽ അന്നമ്മ അത്ഭുതപ്പെട്ടു. മിണ്ടാതെപോകാൻ കാരണമെന്തെന്നറിയണമെന്നായി അന്നമ്മയ്ക്കു്. അവൾ വസ്ത്രം മാറാതെതന്നെ പൂക്കുന്നേലേക്കു നടന്നു. പാലം അവിടെ കാണുന്നില്ല. അതിന്റെ പോക്കെങ്ങനെയെന്നു് അന്നമ്മയും ഊഹിച്ചു. റോസമ്മ വലിച്ചു തീയെരിച്ചതുതന്നെ. അനേകം ശ്ലോകങ്ങൾക്കു് അവൾ അധീനയായി. തലേദിവസം നടന്ന സംഭാഷണങ്ങൾ ഓരോന്നും അവളോർത്തു. അതിലൊന്നും ഒരു പാകപ്പിഴയും അവൾ കണ്ടില്ല. പിന്നെ റോസമ്മയിൽ ഒരു പരിവർത്തനം വരാൻ കാരണമെന്തെന്നു് അവൾ ആലോചിച്ചു. ഒരു പിടിയും കിട്ടിയില്ല. നേരിട്ടു ചോദിച്ചുകളയാമെന്നായി പിന്നത്തെ തീരുമാനം. റോസമ്മേ, റോസമ്മേ, എന്നു വിളിച്ചു. "നിങ്ങളു നിങ്ങളുടെ പാട്ടുനോക്കു്. എനിക്കിപ്പഴങ്ങോട്ടുവരാൻ നേരമില്ല." അന്നമ്മയുടെ ഹൃദയത്തിലേക്കു ആ തീപ്പൊരി പറന്നുകയറി. ദ്വേഷസ്വരത്തിൽ അവൾ പറഞ്ഞു: "അതു ഞങ്ങളുടെ വേലിക്കകത്തുനിന്ന തേക്കുതടിയാ. അതു പോയെങ്കിൽ നിന്നെക്കൊണ്ടുണ്ടാക്കിക്കും. വലത്തുകാലുവച്ചു നീയിങ്ങു കയറിയതേയുള്ളല്ലോ!"

"നിങ്ങളുടെ ഉപ്പാപ്പൻ വന്നാൽ അതെന്നെക്കൊണ്ടുണ്ടാക്കിക്കേല. അല്ലെങ്കിൽ ആ ചുണയൊന്നു കാണട്ടെ." റോസമ്മ ഒരു കരടിയെപ്പോലെ പാഞ്ഞുവന്നു.

അവർ പരസ്പരം അഭിമുഖമായിനിന്നു് വാണങ്ങൾ കത്തിച്ചു് അങ്ങോട്ടും ഇങ്ങോട്ടും അയച്ചുകൊണ്ടിരുന്നു. അരനാഴികനേരത്തേക്കു് ചീററലും പൊട്ടലും കേട്ടു് പലരും അയൽപ്പുറമ്പുകളിൽ


നാടിന്റെ നാനാ ഭാഗത്തും

OCB

മലകളും താഴ്വരകളും കായലുകളും നിറഞ്ഞ ഈ നാടിന്റെ വിവിധതരം കലർന്ന പ്രകൃതിപോലെതന്നെയാണു് നമ്മുടെ വാണിജ്യവ്യവസായങ്ങളും, എല്ലാത്തരം വാണിജ്യവ്യവസായങ്ങൾക്കും കർഷകർക്കും ബാങ്കിംഗ സൗകര്യം നൽകുന്നതിനു് ഈ സംസ്ഥാനത്തിന്റെ മർമ്മസ്ഥാനങ്ങളിൽ ഞങ്ങളുടെ 16 ബ്രാഞ്ചുകൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. ഇൻഡ്യയിലെ എല്ലാ പ്രമുഖ വാണിജ്യകേന്ദ്രങ്ങളിലും ഏജൻസികളും സ്ഥാപിച്ചിട്ടുണ്ടു്

പ്രവർത്തനമൂലധനം 94 ലക്ഷം രൂപായിൽ കൂടുതൽ

# ഓറിയന്റ്റസെന്റൽ ബാങ്ക് ക്ലിപ്തം

ഹെഡ് ആഫീസ് കോട്ടയം

ബ്രാഞ്ചുകൾ.—

| | | |
|---|---|---|
| പാലാ | വൈക്കം | പിറവം |
| കുമരകം | പാമ്പാടി | പൂവരണി |
| തൊടുപുഴ | തിരുവല്ലാ | കോട്ടയം |
| കുട്ടിക്കൽ | കാഞ്ഞിരപ്പള്ളി | എരുമേലി |
| എറണാകുളം | ഈരാററുപേട്ട | കോതമംഗലം |
| | വടക്കൻ പറവൂർ | |

വന്നുകൂടി. കുഞ്ഞിന്റെ നിലവിളികേട്ടപ്പോൾ അന്നമ്മ തിരികെ പൊയ്ക്കളഞ്ഞു. റോസമ്മ അവിടെനിന്നും മാറിയില്ല. അവസാനത്തെ വാക്കു തന്റേതായിരിക്കണമെന്ന കരുതലോടുകൂടി അവൾ കണ്ഠക്ഷോഭം ചെയ്തുകൊണ്ടിരുന്നു അന്നമ്മ ദൃഷ്ടിയിൽനിന്നും മറയുന്നതുവരെ. പുറകോട്ടു നോക്കിയപ്പോൾ ജോസഫിനെയാണു കണ്ടതു്. ഉടൻ അവൾ കരയാൻതുടങ്ങി. "അവരു നമ്മുടെ പാലം വലിച്ചു തീയെരിച്ചുതും പോരാ എന്നെ വിളിച്ചു കുറേ ചീത്തയും. ഞാൻ ആരുടേം ചീത്തകേട്ടു വളർന്നവളല്ല. ഇവിടെ വന്നു കയറിയിട്ടു് ഇതും കേൾക്കേണ്ടിവന്നല്ലോ." ഭാര്യയുടെ ഏങ്ങിയേങ്ങിയുള്ള കരച്ചിൽ കേട്ടപ്പോൾ ജോസഫിന്റെ ഹൃദയം തകർന്നുപോയി. അയാൾ പറഞ്ഞു: "എന്റെ റോസമ്മേ, വല്ലവരും വല്ലതും പറഞ്ഞു എന്നുവച്ചു് ഇങ്ങനെ സങ്കടപ്പെടാനുണ്ടോ? ലോകമല്ലേ; ഇങ്ങനെയൊക്കെ വരും. അതൊന്നും സാരമില്ല."

"ഒന്നും സാരമില്ല! ആണുങ്ങള വല്ലവരുമാണെന്നെ കെട്ടിരുന്നതെങ്കിൽ ഇതിന്റെയൊക്കെ ശേഷം ചോദിച്ചേനെ."

ഭാര്യയുടെ മുമ്പിൽ വിലയില്ലാത്തവനായി കാണപ്പെടുവാൻ ജോസഫ് ഇഷ്ടപ്പെട്ടില്ല. ഒററച്ചാട്ടം അയാൾ അപ്പുറക്കാരുടെ പറമ്പിലേക്കു്. അന്നമ്മയും പോളും തമ്മിൽ ഒരു സംഭാഷണം നടക്കുന്നതു അയാൾക്കു കേൾക്കാമായിരുന്നു. അന്നമ്മയാണു തുടങ്ങിയതു.

"ആ ജോസഫ് എത്ര നല്ല ആളാണു്! പക്ഷേ റോസമ്മ അദ്ദേഹത്തെ ചീത്തയാക്കുമെന്നാണെന്റെ ഭയം."

"ഹാ, രണ്ടുദിവസം മുമ്പുള്ള അഭിപ്രായമെന്തായിരുന്നു! അവൾ ഒരു കെടാവിളക്കായിരിക്കുമെന്നു പറയുന്നതു കേട്ടല്ലോ."

"പ്രഥമവീക്ഷണത്തിൽ അങ്ങനെ തോന്നി. യാതൊരു കാരണവും കൂടാതെയല്ലേ അവൾ ആ പാലം വലിച്ചുകളഞ്ഞതു്. ജോസഫിനോടു ചോദിച്ചിരുന്നെങ്കിൽ അദ്ദേഹം അതു സമ്മതിക്കുമായിരുന്നോ?"

ജോസഫ് കതകിൽ മുട്ടി അകത്തു കയറിയിട്ടു പറഞ്ഞു: "ക്ഷമിക്കണം. ഒരബദ്ധംപററി. ഇന്നലെ രാത്രി ഒരാനയെ ഇതിലെ കുളിപ്പിക്കാൻ കൊണ്ടുപോയിരുന്നു. അതു വലിച്ചുകൊണ്ടുപോയി വെള്ളത്തിൽ കളഞ്ഞതായിരിക്കണം ആ പാലം." അന്നമ്മ പശ്ചാത്താപവിവശയായി പറഞ്ഞു: "കഷ്ടം! ഒരു തെററിദ്ധാരണ എന്തെല്ലാം വിപത്തു വലിച്ചുവച്ചു! അവിവേകമായി പലതും ഞാൻ പറഞ്ഞുപോയി. എന്നോടു ക്ഷമിക്കുവാൻ റോസമ്മയോടു പറയുക."

തിരിച്ചുവന്നു ജോസഫ്. "ആ ദുർകാളി എന്തു പറഞ്ഞു?" റോസമ്മയുടെ ചോദ്യം. "അവർ സങ്കടപ്പെട്ടിരിക്കയാണു് ആ പാലം അങ്ങനെ നഷ്ടപ്പെട്ടല്ലോ എന്നു്."

"അതെങ്ങനെ പോയി എന്നാണു പറഞ്ഞതു?"

"ആന കൊണ്ടുപോയി വെള്ളത്തിൽ കളഞ്ഞതാണെന്നു്."

"പച്ചക്കള്ളം. അവരു കൊത്തിക്കീറി തീയെരിച്ചതാണു്, സംശയമില്ല."

"അതല്ല. ആ ആന ഞാൻ തന്നെയായിരുന്നു റോസമ്മേ."

"അയ്യോ! നിങ്ങൾ എന്തിനതു ചെയ്തു?"

"റോസമ്മയുടെ വിവേകക്കുറവുകൊണ്ടു്." റോസമ്മ ചിന്താമഗ്നയായി.

—

കുടുംബപംക്തി

# അമ്മ

(ബേബി അക്കര, ഒല്ലൂർ)

അമ്മ... മഹത്തായ മാധുര്യത്തെ ഉൾക്കൊള്ളുന്ന രണ്ടേരണ്ടക്ഷരം. അമ്മ... സ്നേഹത്തിന്റെ ദിവ്യസന്ദേശവുമായി മനുഷ്യഹൃദയങ്ങളിലേക്കു് ഊറിയൂറി ഇറങ്ങുന്ന മധുരരസം.

അമ്മ... ആശ്വാസത്തിന്റെയും ആനന്ദത്തിന്റെയും ആരാമകേന്ദ്രം. അമ്മ .. അവൾ ഇനിയും മററു പലതുമാണു്.

സ്വസന്താനങ്ങളാൽ അനുഗൃഹീതയും ഭർത്താവിനാൽ പ്രകീർത്തിതയും ആയ ഒരു വീരവനിതയാണു് അമ്മ. മാതാക്കളാണു് മനുഷ്യരാശിയുടെ മൂലം. കുബേരന്റെ മേടയിലും കുചേലന്റെ ചോലയിലും അമ്മയുണ്ടു്. പണ്ഡിതനു് ഉണർവും പാമരനു് ഉത്തേജനവും നൽകുന്നതും ആ അമ്മയാണു്.

മനോഹരമായ റോസാപുഷ്പത്തിന്റെ കാന്തിയോടുകൂടി, സ്വച്ഛമായ കാട്ടാറിലെ ജലകണങ്ങളുടെ നൈർമ്മല്യത്തോടുകൂടി, ഒരു കുഞ്ഞാടിന്റെ നിഷ്കളങ്കതയോടുകൂടി ആദ്യമായി സൂര്യോദയം ദർശിക്കുന്ന ഒരു പിഞ്ചുപൈതലിന്റെ അധരപുടങ്ങളിൽനിന്നു് ആദ്യം പുറപ്പെടുന്ന മാധുര്യമേറിയ പദമാണു് അ... മ്മ... ആ കുഞ്ഞിന്റെ എല്ലാവും ആ അമ്മയായിരിക്കും. അമ്മയുടെ സർവ്വവും ആ കുഞ്ഞും. അവളുടേയും അവളുടെ ഭർത്താവിന്റേയും സ്നേഹത്തിന്റെ ആകെത്തുകയാണു് ആ കുഞ്ഞു്. മറെറാരു വിധത്തിൽ അവളുടെ ജീവനു് പരിപൂർണ്ണതവരുത്തിയ ദിവ്യമന്ത്രമാണു് ആ കുഞ്ഞു്. ഈ കുഞ്ഞിന്റെ വളർച്ചയ്ക്കു് അവൾ നൽകുന്ന ആ പാനീയം അവളുടെതന്നെ രക്തത്തിന്റെ മറെറാരു രൂപമാണു്. സ്വയം ക്ഷയിക്കുന്നുവെന്നതിൽ അവൾ അജ്ഞയല്ല. കുഞ്ഞിന്റെ വളർച്ചയ്ക്കുവേണ്ടി സ്വയം ക്ഷയിക്കണമെന്നു് അവൾക്കറിയാം. അതിൽ അവൾ പ്രദർശിപ്പിക്കുന്ന ആത്മാർത്ഥതയ്ക്കു് ഉപമയില്ല; അതിനു് പരിധിയുമില്ല. അമ്മയുടെ വിസ്തൃതമായ മാറിൽ ചാരിക്കിടന്നു് ആ ശിശു ആനന്ദിക്കുന്നു. ആ ശിശുവിന്റെ സുഖസുന്ദരമായൊരു സുമമഞ്ചമാണു മാതാവിന്റെ മാർവ്വിടം.

അമ്മയുടെ ആനന്ദമാണു് ആ കുഞ്ഞു്. അമ്മയുടെ ആശ്വാസവും, അമ്മയുടെ അഭിലാഷവും എല്ലാം ആ കുഞ്ഞാണു്. അവളുടെ ഓരോ ഹൃദയത്തുടിപ്പും കുഞ്ഞു കുഞ്ഞു് എന്നു് നിശ്ശബ്ദമായി മന്ത്രിക്കുന്നുണ്ടു്. അവളുടെ ഹൃദയതന്ത്രികൾ, കുഞ്ഞിനെപ്പററിയുള്ള രാഗമായിരിക്കും മീട്ടുന്നതു്. അവളുടെ സ്വപ്നവും, അവളുടെ വിചാരവും എല്ലാം ആ കുഞ്ഞായിരിക്കും. എന്തെന്നാൽ, സമീപിച്ചുകൊണ്ടിരിക്കുന്ന ഭാവികാലത്തിൽ അവളുടെ തണലായിത്തീരേണ്ട ആ കുഞ്ഞു് വളർന്നുതന്നെ വരണമെന്നു് അവൾക്കു് നിർബന്ധമുണ്ടു്. അതിനായി അവൾ ക്ഷീണിക്കും. അവൾ ക്ഷീണിച്ചേ മതിയാകുവെന്നു് അസന്ദിഗ്ദ്ധമായ ഭാഷയിൽ പ്രകൃതി ഉൽഘോഷിക്കുന്നുണ്ടു്.

കുഞ്ഞു് വളർന്നുവരികയാണു്. വിശ്രമമില്ലാതെ, വിയർപ്പുതോരാതെ അതിനെ ശുശ്രൂഷിക്കേണ്ടിയിരിക്കുന്നു. അവളുടെ ത്യാഗത്തിന്റേയും, അവളുടെ സ്നേഹത്തിന്റേയും തണലിലാണു് ആ കുഞ്ഞു് വളർന്നുവരുന്നതു്. ഊണും ഉറക്കവുമില്ലാതെ വിനിദ്രയായിരിക്കുന്ന നിമിഷങ്ങൾ. ഒരുപക്ഷേ അതെണ്ണിത്തന്നെ തീർക്കേണ്ടിവരും.

അമ്മ... അവൾ അറിവിന്റെ നിറകുടമാണു്. വിവേകത്തിന്റെ കലവറയും. ആ കുഞ്ഞിനെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ അവന്റെ സ്വഭാവത്തെ കരുപ്പിടിപ്പിക്കുന്നതവളാണു്. അവനു് ആദ്യമായി വിദ്യാദാനം ചെയ്യുന്ന ഗുരു. ആ ഗുരുവിൽനിന്നാണു് അവൻ മഹത്തായ ശബ്ദത്തിന്റെ മധുരിമ അറിയുന്നതും ആസ്വദിക്കുന്നതും. ആദ്യം അവൻ ശബ്ദം ശ്രവിക്കുന്നതു അവളുടെ അധരപുടങ്ങളിൽനിന്നാണു്. അവളുടെ ഓരോ വാക്കും, വെള്ളക്കടലാസിൽ അക്ഷരങ്ങളെന്നവണ്ണം അവന്റെ ഹൃദയത്തിൽ ആഞ്ഞുപതിയുന്നു. അവന്റെ ശരീരഘടനയെക്കാളും മനസ്സാക്ഷിയുടെ ഘടനയായിരിക്കും അവൾ കാര്യമാക്കുക.

അമ്മ... അവൾ ഗുരുവാണു്. അവന്റെ സൃഷ്ടിയുടെ മൂലകാരണത്തെപ്പററിയും, അവിടുത്തെ ആരാധിക്കേണ്ടതിന്റെ ആവശ്യകതയെപ്പററിയും മററും അവൾ പറഞ്ഞുകൊടുക്കും. വിസ്തൃതമായ ലോകത്തെക്കുറിച്ചും, അതിന്റെ ധ്രുവങ്ങളെപ്പററിയും അവൾ അവനെ പഠിപ്പിക്കും. രാത്രിയിൽ ആകാശത്തിൽ മനോഹരമായി നിരവധി നക്ഷത്രങ്ങൾ പ്രകാശിക്കുമെന്നും അവയുടെ നടുവിലായി അമ്പിളിക്കല പരിലസിക്കുമെന്നും അതിന്റെ കതിരുകൾകൊണ്ടു്, ലോകത്തിന്റെ ഉപരിതലത്തെ വെള്ളിപൂശുമെന്നും എല്ലാം അവൾ പറഞ്ഞുകൊടുക്കാറുണ്ടു്. മനോഹരമായ പുഷ്പദളങ്ങളുടെ ഉള്ളിൽ മധുവുണ്ടെന്നും അതു് വണ്ടുകൾ വന്നാസ്വദിക്കുമെന്നും മററും അവൻ വളർന്നുവരുന്നതോടുകൂടി അവനെ അവൾ മനസ്സിലാക്കും. എന്നിരുന്നാലും റോസാപുഷ്പം മുള്ളുള്ള ചെടിയിലാണു് വളരുന്നതെന്നും, ഒന്നോ രണ്ടോ ദിവസത്തിനുശേഷം മനോഹരമായ ആ പുഷ്പങ്ങളെല്ലാം വാടി അസുന്ദരമായി നിലംപതിക്കാറുണ്ടെന്നും അവൻ മനസ്സിലാക്കുന്നു. പ്രഭാതത്തിലേ ഉണർന്നു് സ്തോത്രഗീതം പാടുന്ന വാനമ്പാടികൾ, അവ കൂട്ടമായി പറക്കുമെന്നും അവയുടെ രക്ഷിതാവിനെ പുകഴ്ത്തിയാണു് അവ പാടുന്നതെന്നും എല്ലാം ആ അമ്മ പറഞ്ഞുകൊടുക്കും. ഇവയെല്ലാം വെച്ചുപുലർത്തുന്ന ഒരു ദിവ്യശക്തിയുണ്ടെന്നും അതു് ദൈവമാണെന്നും, ദൈവത്തെ അവൻ ആരാധിക്കണമെന്നും അവളിൽനിന്നു് അവൻ പഠിക്കുകയും ചെയ്യുന്നു.

അമ്മയുടെ ഭാരം വർദ്ധിക്കുകയാണു്. നിഷ്കളങ്കതയിൽനിന്നു് കുഞ്ഞു് സ്വയം അകന്നുപോകുന്നതോടൊപ്പം അവളുടെ ഭാരവും വർദ്ധിക്കുന്നു. ഇന്നവൻ ബാലനാണു്. എന്തും അനുകരിക്കുവാൻ വെമ്പൽകൊള്ളുകയാണു്. എല്ലാം കാണുവാനും എല്ലാം ആസ്വദിക്കുവാനും അവൻ ശ്രമിക്കുന്നു. അതോടൊപ്പം അവന്റെ അമ്മയോടുള്ള സ്നേഹത്തിൽ ഒരു കുറവും. അവന്റെ വ്യതിയാനങ്ങളിൽ അവൾ ദുഃഖിക്കുന്നുണ്ടു്. നിസ്സ്വാർത്ഥമായ അവളുടെ പ്രവർത്തനങ്ങൾക്കു് കിട്ടുന്ന പ്രതിഫലം. അതിലവൾ നെടുവീർപ്പിടുന്നു. എങ്കിലും അവൾ എല്ലാം സഹിക്കുകയും, സ്വയം ആശ്വസിക്കുകയും ചെയ്യുന്നു.

ബാല്യവും കഴിഞ്ഞു് യുവത്വത്തിലോട്ടു് തന്റെ കുഞ്ഞു് കാലൂന്നി. അവൻ ഇപ്പോഴും ശിശുവാണു് അവന്റെ അമ്മയ്ക്കു്. മാതൃനിർവ്വിശേഷമായ വാത്സല്യം, അതിപ്പോഴും അനസ്യൂതം പ്രവഹിക്കുന്നുണ്ടു്. പ്രകൃതിയുടേതായ വികാരങ്ങൾ, അതിന്റേതായ വ്യതിയാനങ്ങൾ, അവനിലുണ്ടാകുന്നു. സമയമാകുമ്പോൾ അവൻ അവന്റെ ജീവിതസഖിയെ സ്വയം സ്വീകരിക്കുന്നു. അവന്റെ അല്ലെങ്കിൽ അവളുടെ വിവാഹം, അതവന്റെ മാതൃസ്നേഹത്തിന്റെ ഒഴുക്കിനെ തിരിച്ചുവിടുന്ന ഒരു ശക്തിയാണു്. അവന്റെ സ്നേഹത്തിന്റെ നീരുറവ, അതു ചിറകെട്ടി പത്നിയിലേക്കു് തിരിച്ചുവിടുന്നു. ഇപ്പോൾ അവനെ നിയന്ത്രിക്കുവാനും, അവനെ ഉപദേശിക്കുവാനും അവന്റെ ഭാര്യയുണ്ടു്. ആ പ്രിയപ്പെട്ട അമ്മയും ഉപദേശിക്കും. എന്നിരുന്നാലും അവനിഷ്ടം അവന്റെ ഭാര്യയുടെ ഉപദേശങ്ങളാണു്. ഭാര്യയുടെ മധുരമായ സംസാരത്തിലേ അവനു് അധികമായി ആനന്ദിക്കുവാൻ സാധിക്കുന്നുള്ളു. അങ്ങനെ വീണ്ടും ആ അമ്മ അവഗണിക്കപ്പെടുകയാണു്. എങ്കിലും മൗനത്തിന്റെ മറയിലൂടെ ആ അമ്മ അവന്റെ ഓരോ കാലടികളേയും സൂസൂക്ഷ്മം പരിശോധിക്കുന്നു. അപകടത്തിലേക്കെങ്കിൽ അവൾ അവനെ തിരിച്ചുവിടുകയും ചെയ്യും.

കാലങ്ങൾ കഴിഞ്ഞുപോകുന്നു. വേനലും വർഷവും വന്നുപോകുന്നു. അവൾ ക്ഷീണിക്കുകയാണു്. ആ അമ്മ സ്നേഹത്തിന്റെയും ത്യാഗത്തിന്റേയും ദിവ്യാവതാരം. അവൾക്കുണ്ടായിരുന്ന സൗകുമാര്യം നഷ്ടപ്പെട്ടു. കാന്തിയും ഊർജ്ജസ്വലതയും മറയുകയാണു്. ബലിഷ്ഠങ്ങളായിരുന്ന ആ വടിവൊത്ത കൈകാലുകൾ ചുക്കിച്ചുളുങ്ങുവാൻ തുടങ്ങി. അഴകേറിയിരുന്ന അവളുടെ കാർകുന്തളം, അതിന്റെ വളർച്ചയുടെ പൂർണ്ണതയിൽ, നിറംമാറിവന്നു. അവളുടെ കണ്ണുകൾ പഴയപടി ആകർഷകമെങ്കിലും, കാണുവാനുള്ള ശക്തി ഇന്നതിനു് കുറഞ്ഞിരിക്കുകയാണു്. പറന്നു പറന്നു് ക്ഷീണിച്ച ഒരു ചിത്രശലഭത്തെപ്പോലെ, പടവെട്ടി തളർന്ന ഒരു പടയാളിയെപ്പോലെ, ഇന്നവൾ വിശ്രമിക്കുകയാണു്. അവൾ ഒരു ലോകം പിടിച്ചടക്കി. അവളുടെ സാമ്രാജ്യത്തിൽ സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും സമ്രാട്ടായി അവൾ വാണു. ഇന്നവൾ വിശ്രമിക്കുകയാണു്. വിശ്രമിച്ചുകൊള്ളട്ടെ.

എങ്കിലും അവളുടെ ഹൃദയം, അതു് പൂർവ്വാധികം സ്നേഹനിർഭരമാണു്. അതിനു് ബലഹീനത സംഭവിച്ചിട്ടില്ല. അതിന്റെ ഓജസ്സും, ഊർജ്ജസ്വലതയും കൂടിവരുന്നു. നിരാശയുടെ നേരിയ നിഴലുകൾ ഒരുപക്ഷേ അവിടെ വീശുന്നുണ്ടാവാം. എങ്കിലും അവൾ സംതൃപ്തയാണു്. ലോകത്തിനു് അവളുടേതായ സംഭാവന, അതവൾ നൽകിക്കഴിഞ്ഞു. ഉററുനോക്കുകയാണു് ഭാവിതലമുറയെ; അവൾതന്നെ അസ്തിവാരമിട്ട, അവളുടെതന്നെ അസ്ഥികൊണ്ടും മാംസംകൊണ്ടും ഹൃദയരക്തംകൊണ്ടും അസ്തിവാരമിട്ട ഒരു തലമുറയെ.

ഇപ്രകാരം മാതൃത്വം മഹത്തായതും മനോഹരവുമാണു്. മാതാവു യുവതിയോ വൃദ്ധയോ, ധനികയോ ദരിദ്രയോ, ആരുതന്നെ ആയിക്കൊള്ളട്ടെ. അവളെ അവഗണിക്കുന്നുവെങ്കിൽ മനുഷ്യത്വം മൺമറയും. ലോകസമാധാനംതന്നെ ഇന്നവളുടെ ഹസ്തങ്ങളിലാണെന്നു് സമാധാനസന്ദേശകൻ, നീതിസമ്രാട്ടു്, പന്ത്രണ്ടാംപീയൂസു് തിരുമേനി പറയുന്നു.

അമ്മേ! എന്റെ അമ്മേ; ക്ഷമയുടെ തീജ്വാലയിൽ മുക്കിയുരുക്കി ശുദ്ധ കനകമാക്കപ്പെട്ട അമ്മേ, സ്നേഹത്തിന്റെ നിറകുടമായ എന്റെ അമ്മേ, അമ്മ പൊറുക്കുക. അമ്മ വരച്ചിട്ടുള്ള ചിത്രങ്ങൾ, അമ്മ അസ്തിവാരമിട്ട തലമുറ, അതു രണ്ടും അഭംഗം പരിരക്ഷിക്കപ്പെടും. ത്യാഗത്തിന്റെ മണിവിളക്കേ, ആശ്വാസത്തിന്റെ കേദാരമേ, അവിടുത്തെ പാദങ്ങളിൽ ഈ മകൻ സാഷ്ടാംഗപ്രണാമം ചെയ്യുന്നു. സഹിഷ്ണുതയുടേയും, സഹനത്തിന്റേയും പര്യായപദമേ, അങ്ങയെ ഞാൻ നമോവാകംചെയ്യുന്നു. അവിടുത്തെ അരുമസന്താനങ്ങൾ അറിവില്ലായ്മയാലോ അകാരണമായോ അപരാധങ്ങൾ ചെയ്തുപോയിട്ടുണ്ടെങ്കിൽ അവരോടു് ക്ഷമിക്കേണമേ. ഇനിയും അനന്തമായ അവിടുത്തെ അപദാനങ്ങളെ പ്രകീർത്തിക്കുവാൻ അവിടുത്തെ ഈ ഓമനപുത്രന്റെ തൂലികയ്ക്കു് കരുത്തില്ല. അമ്മേ, ആയിരമായിരം നമസ്കാരം.

---

വിശുദ്ധ യൗസേപ്പുപിതാവന്റെയും വി. കൊച്ചുത്രേസ്യായുടേയും മാദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ചേറുപുഴക്കാരൻ വറിയതു്
ഭാര്യ അച്ചായി, തൃശ്ശൂർ

---

# വിനോദവീഥി




"അയ്യോ! അയ്യോ! ദേ കള്ളന്മാരു പെട്ടിയെല്ലാം കൊണ്ടുപോണു്."

"പോട്ടടാ, താക്കോലെന്റെ കൈയിലല്ലേ ഇരിക്കുന്നെ"

* * *




യാത്രപോക്കും — തിരിച്ചുവരവും

* * *

നവോഢ: "ഞാനിന്നലെ ആദ്യമായിട്ടു് ഭക്ഷണം പാകംചെയ്തു. അതു വലിയൊരു വിജയമായിരുന്നു"

സ്നേഹിത: "അതെങ്ങനെയാണു്?"

നവോഢ: "ഇന്നു കാലെത്തുതന്നെ ഭർത്താവു് ഒരു വേലക്കാരിയെ വച്ചു അടുക്കളപ്പണിക്കായി."

* * *

"ആ നാടകത്തെപ്പററി നിങ്ങളുടെ അഭിപ്രായമെന്തു്?"

"പ്രതിനായകനെ വിഷം കൊടുത്തു കൊല്ലുന്നതിൽ ഭേദം വെടിവച്ചു കൊല്ലുകയായിരിക്കും എന്നൊരഭിപ്രായമുണ്ടു്."

"കാരണം?"

"കാണികൾ ഉറക്കംതെളിയാൻ അതു സഹായിക്കും."

## കർദിനാൾ തിസ്സെരാങ്ങ് തിരുമനസ്സിലെ

# മറുപടിപ്രസംഗം

[സ്വീകരണത്തിനും മംഗളാശംസകൾക്കും കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു് കർദിനാൾ തിസ്സെരാങ്ങ് തിരുമേനി എറണാകുളത്തെ സ്വീകരണയോഗത്തിൽ ചെയ്ത മറുപടിപ്രസംഗത്തിന്റെ സംഗ്രഹം താഴെ ചേർക്കുന്നു.]

നിങ്ങളുടെമദ്ധ്യേ സന്നിഹിതനാകുവാനിടയായതിൽ എനിക്കു പ്രത്യേകവിധമായ സന്തോഷമാണുള്ളതു്. എറണാകുളം മെത്രാപ്പോലീത്താ തിരുമേനിക്കും അതിരൂപതയിലെ ജനങ്ങൾക്കും പരിശുദ്ധപിതാവിന്റെ അനുഗ്രഹാശിസ്സുകളടങ്ങിയ ഒരു സന്ദേശവുമായിട്ടാണു് ഞാൻ ഇവിടെ സമാഗതനായിരിക്കുന്നതു്.

കഴിഞ്ഞ ഒക്ടോബർ മാസത്തിന്റെ അവസാനവാരത്തിൽ ഞാൻ പരിശുദ്ധപിതാവിനെ മുഖം കാണിച്ചു. ഇന്ത്യക്കു തന്റെ ക്ഷേമാശംസകൾ നൽകണമെന്നു് പരിശുദ്ധപിതാവു് എന്നോടു് ആജ്ഞാപിച്ചിട്ടുണ്ടു്. നിങ്ങൾക്കേവർക്കും നിങ്ങളുടെ സന്താനങ്ങൾക്കും പരിശുദ്ധപിതാവിന്റെ സൗമനസ്യാശംസകൾ ഞാൻ പ്രദാനംചെയ്യുന്നു. അന്യമതസ്ഥരുടെ ഇടയിൽ കേവലം ഒരു ലഘുന്യൂനപക്ഷമായിരുന്നപ്പോൾ പ്രാരംഭശതവൎഷങ്ങളുടെ മദ്ധ്യേ തങ്ങളുടെ വിശ്വാസദീപം മങ്ങാതെ ഉജ്ജ്വലിപ്പിച്ചു പരിരക്ഷിച്ചുകൊണ്ടു പോന്നിരുന്നതെങ്ങനെയെന്നു് ആലോചിക്കുമ്പോൾ എനിക്കു ആശ്ചര്യപൂർണ്ണമായ ആദരവുതോന്നുന്നു. കേരളത്തിലെ വിശ്വാസികളുടെമേൽ എനിക്കു് അധികാരകർത്തൃത്വമുണ്ടു; എന്നാൽ ഇവിടെ വരുവാനും നിങ്ങളെ ഏവരേയും കൂടെക്കൂടെ സന്ദർശിക്കുവാനും ഞാനും നിങ്ങളും തമ്മിലുള്ള സ്ഥലവിദൂരതാപരമായ അകലം നിർഭാഗ്യവശാൽ ഒരു പ്രതിബന്ധമാണു്. നിങ്ങൾ എനിക്കു നൽകിയ സ്വീകരണം അതിഗംഭീരമായ ഒന്നാണു്. അതിനെ ഞാൻ അത്യന്തം വിലമതിക്കുന്നു. നിങ്ങളുടെ രാഷ്ട്രവും നിങ്ങളും, നിങ്ങൾ പാവനമായി കരുതുന്നവയെ പരിരക്ഷിക്കുവാനായി ചെയ്യുന്ന മഹനീയോദ്യമങ്ങളെപ്പററി എനിക്കുള്ള അഭിനന്ദനം ഞാൻ രേഖപ്പെടുത്തിക്കൊള്ളട്ടെ.

പല രാജ്യങ്ങളിലും ഇന്നു സഭ പല വിഷമതകളെയും അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ടു്. സ്വേച്ഛാഭരണത്തിൻകീഴിൽ കത്തോലിക്കാ മിഷനറിമാരും സഭാദ്ധ്യക്ഷന്മാരും വൈദികരും പീഡനത്തിനു വിധേയരായിട്ടുണ്ടു്; പലരും ഇരുമ്പഴികളിൽ കഴിഞ്ഞുകൂടുകയാണു്.

മാർത്തോമ്മാ ക്രിസ്ത്യാനികളായ, കേരളത്തിലെ ക്രിസ്ത്യാനികളായ, നിങ്ങൾ നിങ്ങളുടെ ആദർശങ്ങളുടെ താല്പര്യങ്ങളുടെ സംരക്ഷണാർത്ഥം ഏകോപിച്ചു വർത്തിക്കണം. ക്രിസ്തുവുമായുള്ള ഐക്യത്തിൽ, തിരുസിംഹാസനവുമായുള്ള ഐക്യത്തിലാണു് നിങ്ങളുടെ ശക്തി സ്ഥിതിചെയ്യുന്നതു്.

സഭയ്ക്കുവേണ്ടിനിങ്ങളുടെപൊതുവായ പ്രാർത്ഥനയെ ഞാൻ അഭ്യർത്ഥിക്കുന്നു. ചൈനയിലെയും മററു രാജ്യങ്ങളിലെയും പീഡനമനുഭവിക്കുന്ന കത്തോലിക്കരെ നിങ്ങൾ സ്മരിക്കണം. പീഡിതരായിരിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. പരിശുദ്ധപിതാവു് തന്റെ പ്രത്യേകാനുഗ്രഹാശിസ്സുകൾ നിങ്ങൾക്കു നൽകുന്നു. നിങ്ങളുടെ രാജ്യത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും പരിശുദ്ധപിതാവു് അതിയായ താല്പര്യം പ്രദർശിപ്പിക്കുന്നുണ്ടു്. നിങ്ങൾക്കായി നിങ്ങളുടെ മദ്ധ്യത്തിലേക്കു കൊണ്ടുവന്നിരിക്കുന്ന വി. തോമ്മാശ്ലീഹായുടെ തിരുശേഷിപ്പു കൊട്ടാരത്തിലെ പവിത്രകേന്ദ്രത്തിൽ (പോൺറിഫിക്കൽ സാങ്ക്ചറിയിൽ) പരിശുദ്ധപിതാവിന്റെ നേരിട്ടുള്ള സംരക്ഷണത്തിൽ സൂക്ഷിക്കപ്പെട്ടിരുന്നതാണു്.

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ അവർകളെ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ സഹായമെത്രാനായി പരിശുദ്ധപിതാവു നിയമിച്ചിരിക്കുന്ന വിവരവും ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളുന്നു.

——


## ചോദ്യോത്തരപംക്തി

ചോദ്യം: പരീക്ഷയ്ക്കു നോക്കിയെഴുതുന്നതു പാപമാണോ? ഒരു ജസ്യൂട്ട വൈദികൻ അകത്തോലിക്കാവിദ്യാർത്ഥികൾക്കായി എടുത്തുവന്ന ധർമ്മശാസ്ത്രക്ലാസിൽ താഴെ ചേർക്കുംവിധം പ്രസ്താവിച്ചതായി യാക്കോബായ (ഓർത്തഡോക്സ്) സഭക്കാരുടെ വക ഒരു വാരികയിൽ രേഖപ്പെടുത്തിക്കണ്ടു. "പരീക്ഷയ്ക്കു മററുള്ളവരുടെ ഉത്തരങ്ങൾ നോക്കി എഴുതുന്നതു പാപമല്ല. എന്നാൽ നോക്കിയെഴുതരുതെന്നൊരു നിയമമുണ്ടു്. അതുകൊണ്ടു് പിടിച്ചുപോയാൽ നിങ്ങൾക്കതിനുള്ള പിഴ ഒടുക്കേണ്ടിവരും. ഇതു പാപമല്ലാത്തതു നിങ്ങളുടെ ഉദ്ദേശം പരീക്ഷ പാസ്സാകണമെന്നും അങ്ങനെ നിങ്ങളുടെ ഇളയസഹോദരന്മാരെയും സഹോദരിമാരെയും വിദ്യാഭ്യാസം ചെയ്യിക്കാനുള്ള നിങ്ങളുടെ പാവപ്പെട്ട മാതാപിതാക്കന്മാരെ സഹായിക്കുവാനുള്ള പ്രാപ്തി ലഭിക്കണമെന്നും ആയതുകൊണ്ടാണു്." ഉദ്ദേശം പാവനമാണെങ്കിൽ മാർഗ്ഗവും നീതീകരിക്കപ്പെടാമെന്നാണല്ലോ ഇതിൽനിന്നു് അനുമാനിക്കേണ്ടതു്? ആ സിദ്ധാന്തം സ്വീകാര്യമാണോ?

ഉ: പരീക്ഷയ്ക്കു നോക്കിയെഴുതുന്നതു പാപമാണു്. അതിനെപ്പററി യാതൊരു സംശയത്തിനും അവകാശമില്ല. കാരണം നോക്കിയെഴുതുന്ന വിദ്യാർത്ഥി പരീക്ഷകനെ വഞ്ചിക്കുകയാണു ചെയ്യുന്നതു്. പരീക്ഷ വിദ്യാർത്ഥിയുടെ അറിവിന്റെ തോതു നിർണ്ണയിക്കുവാനുള്ള ന്യായമായ ഒരു പാധിയാകയാൽ ഏതു സംബന്ധമായ നിയമങ്ങൾ അനുസരിക്കുവാൻ അവൻ കടപ്പെട്ടവനുമാണു്.

ഉദ്ദേശം പാവനമായതുകൊണ്ടുമാത്രം മാർഗ്ഗം നീതീകരിക്കപ്പെടുന്നില്ല. ഉദ്ദേശം എത്ര നല്ലതായിരുന്നാലും അധർമ്മം പ്രവർത്തിച്ചുകൂടെന്നാണു് കത്തോലിക്കാ ധർമ്മശാസ്ത്രം പഠിപ്പിക്കുന്നതു്. ഉദാഹരണമായി, മാതാവിന്റെ ജീവൻ രക്ഷിക്കാൻവേണ്ടിപ്പോലും ഉദരസ്ഥമായ ശിശുവിനെ നിഗ്രഹിച്ചുകൂടാ. മാതാവിന്റെ ജീവൻ രക്ഷിക്കുകയെന്നതു് എത്രയോ നല്ല കാര്യമാണു്. എന്നാൽ ശിശുവിനെ ഹനിക്കുന്നതു സാക്ഷാൽ കൊലപാതകമാകയാൽ അതു പാടില്ലാത്തതാകുന്നു.

ഈ തത്വങ്ങൾക്കു വിരുദ്ധമായി ഒരു ജസ്യൂട്ട പുരോഹിതൻ പഠിപ്പിച്ചെങ്കിൽ അതു അദ്ദേഹത്തിനു പററിയ വ്യക്തിപരമായ ഒരു പ്രമാദമായി പരിഗണിച്ചാൽ മതി. ഒരുപക്ഷേ ലേഖകൻ കേട്ടതിന്റെ പിശകായിരിക്കാം. വിജ്ഞാനമതിയായ ഒരു ജസ്യൂട്ടപുരോഹിതൻ അങ്ങനെ പഠിപ്പിക്കുവാനിടയില്ല. ഇതെഴുതുന്നയാളും ജസ്യൂട്ടപുരോഹിതരുടെ കീഴിൽത്തന്നെ ധർമ്മശാസ്ത്രം പഠിച്ചവനാണു്.



കർദിനാൾ തിസ്സെരാങ്ങ് തിരുമേനിയെ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ഹാരമണിയിച്ചു സ്വീകരിക്കുന്നു.

## നിരുപമ്പഹൃദയമേ വാഴ്ക!

(അബ്ഗേതാ ആജാ ഓ ബലം... എ. മ.—പൂനം)

അനന്തസ്നേഹഗേഹമേ!
അഖിലജനാമോദധാമമേ!
നീയെൻഹൃദയേ വാഴ്കസദയം
മാമകാത്മനാഥനായ്. (അനന്ത

1

ദ്യോവിൽവാഴും ഈശതനയാ!
പാരിൽ വാഴ്‌വാനാഗതാ!
നീയെൻ ഹൃദയേ വാണീടണേ!
മാമകാത്മനാഥനായ്. (അനന്ത

11

ലോകപാപം പോക്കുവതിനായ്
ഭൃഗതനായശുവേ!
ഹാ! എൻഹൃദയവാഴ്കമോദാൽ
മാമകാത്മ നാഥനായ്. (അനന്ത

111

കാൽവരിയിൽ പാപിയെനിക്കായ്
ക്രൂശിതനായശുവേ!
നീയെന്നകതാരിൽ വാഴ്ക!
മാമകാത്മനാഥനായ്. (അനന്ത

(എ. കെ. തോമസ്, വാദേൽ)

## ഇടവകവാർത്തകൾ

ഇരിങ്ങാലക്കുട: സെൻറ് ജോർജ്ജ്സ്, സെൻറ് മേരീസ് എന്നീ ഇടവകക്കാർ ചേർന്നു് നവംബർ 11-ാംനു വിപുലമായതോതിൽ ഒരു പരിഹാരപ്രദക്ഷിണം നടത്തിയിരിക്കുന്നു.

—നെയ്യശേരി: ഇടവകയിലെ വാർഷികധ്യാനം ഒക്ടോ. 25മുതൽ 31 വരെ തീയതികളിൽ റവ. ഫാ. ജനേസിയൂസ് സി. ഡി. അവർകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടിരിക്കുന്നു. ധ്യാനത്തിൽ സംബന്ധിച്ചിരുന്ന സാധുക്കൾക്കു് വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ദിവസേന ഉച്ചഭക്ഷണം നൽകുകയുണ്ടായി.

—കരിമണ്ണൂർ: ചെറുപുഷ്പ മിഷൻ ലീഗിന്റെ തൃതീയവാർഷികം നവംബർ 1-ാംനു റവ. ഫാ. ജയിംസ് വെമ്പിളിയുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. യോഗത്തിൽ മി. പോൾ മാൻവെട്ടം, ശ്രീമതി റോസമ്മ ചാക്കോ എന്നിവർ പ്രസംഗിച്ചു.

### ചരമം

അരുവിത്തുറ: മണ്ഡപത്തിൽ ഇട്ടിച്ചെറിയതു ഏലി ഒക്ടോബർ 28-ാംനു 82-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

—കുമരകം: വള്ളാറപ്പള്ളിയിടവക പുത്തൻകളത്തിൽ ചാണ്ടി ഇട്ടിയവിര ഒക്ടോ. 23-ാംനു 82-ാമത്തെ വയസ്സിൽ ചരമം പ്രാപിച്ചു.

—പള്ളിപ്പുറം: കൂട്ടുങ്കലായ കരോണ്ടുകടവിൽ ഈയ്യോബായു് മറിയം നിര്യാതയായിരിക്കുന്നു.

—കുറുമണ്ണു്: പുളിക്കൽ ബ്രിജിത്ത ഒക്ടോ. 17-ാംനു 90-ാമത്തെ വയസ്സിൽ നിര്യാതയായി.

—ചെമ്മലമററം: പൊരിയത്തു് ഔസേപ്പു ദേവസ്യ നവ. 5-ാംനു 69-ാമത്തെ വയസ്സിൽ നിര്യാതനായി.

—ഭരണങ്ങാനം: മീനാട്ടൂർകിഴക്കയിൽ ഇട്ടിയയപ്പു മറിയം 86-ാമത്തെവയസ്സിൽ നവ.11-ാംനു നിര്യാതയായിരിക്കുന്നു.

R. I. P.

——

## കർദ്ദി. തിരുമേനിക്കു് ഫോട്ടോ ആൽബം

മെ. പോൾ വറുഗീസ് & കമ്പനി ലിമിറ്റഡിന്റെ പ്രവർത്തകർ നവ. 12-ാംനു എറണാകുളം അതിമെത്രാസനാരമനയിൽവച്ചു് അത്യുന്നത കർദിനാൾ തിസ്സെരാങ്ങ് തിരുമേനിക്കു് ഒരു ഫോട്ടോ ആൽബം സമർപ്പിക്കുകയുണ്ടായി. കമ്പനി വകയായി അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തുവാൻ പോകുന്ന ക്രിസ്ത്യൻ ഡയറക്ടറിയിൽ ഉൾക്കൊള്ളിക്കുന്ന ഫോട്ടോകളാണു് പ്രസ്തുത ആൽബത്തിൽ അടങ്ങിയിരിക്കുന്നതെന്നറിയുന്നു.




# സത്യദീപം

പത്രാധിപന്മാർ

റൈററ് റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റൈററ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി


Vol. 27 ERNAKULAM, NOVEMBER 18, 1953 No. 13


## പത്രാധിപത്യത്തിൽനിന്ന്
# മെത്രാൻപദത്തിലേക്ക്

"നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു" എന്ന് പത്രോസ് ശ്ലീഹാ തലവനായിരുന്ന അപ്പസ്തോലസംഘത്തോട് നമ്മുടെ ദിവ്യരക്ഷകൻ കല്പിച്ചരുളിയ മഹാവാക്യം 19 നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും കത്തോലിക്കാ വിശ്വാസികളായ നമ്മുടെ കർണ്ണങ്ങളിൽ മുഴങ്ങുകയും നമ്മുടെ ഹൃദയങ്ങളെ ഉത്തേജിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. പത്രോസിന്റെ സിംഹാസനത്തിൽ, ആ ശ്ലീഹായുടെ പരമാധികാരം വഹിച്ചുകൊണ്ട്, വാണുകൊണ്ടിരിക്കുന്നത് പരി. പിതാവ് പന്ത്രണ്ടാം പീയൂസ് തിരുമേനിയാണ്. തിരുസ്സഭാധ്യക്ഷനായ അവിടുത്തെ കീഴിലും അവിടുത്തോടു യോജിച്ചും ഭരണഭാരം വഹിച്ചുകൊണ്ടിരിക്കുന്ന കർദ്ദിനാൾസംഘത്തിലെ പ്രമുഖാംഗമാണ് അത്യുന്നതനായ ടിസ്സെരാൻ തിരുമേനി. പരി. പിതാവിന്റെ നിർദ്ദേശമനുസരിച്ച്, നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ തിരുശേഷിപ്പും വഹിച്ചുകൊണ്ട്, വാർദ്ധക്യസഹജമായ അസുഖങ്ങളെല്ലാം വിസ്മരിച്ച്, നമ്മുടെ നേർക്കുള്ള വാത്സല്യാതിരേകത്താൽ പ്രേരിതനായി, ആ തിരുമേനി നമ്മുടെയിടയിൽ എഴുന്നള്ളി. നമ്മുടെ വിനീതമായ കഴിവിനൊത്തവിധം ഏറ്റവും ഹൃദ്യവും സ്നേഹസമ്പൂർണ്ണവുമായ ഒരു സ്വീകരണം എറണാകുളം മെത്രാപ്പോലീത്തൻപള്ളി അങ്കണത്തിൽ വച്ചു നാം അവിടുത്തേക്കു നൽകി. ജറുശലേം പട്ടണത്തിലേക്ക് പ്രവേശിച്ച ദിവ്യരക്ഷകനെ ഓശാനാഗീതങ്ങൾ പാടി രാജകീയമായവിധത്തിൽ ആ പട്ടണത്തിലെ നിവാസികൾ ആബാലവൃദ്ധം സ്വീകരിച്ചതുപോലെയാണ് ഈ കർദ്ദിനാൾ തിരുമേനിയെ നാം സ്വീകരിച്ചത്. കാരണം, തിരുമേനിക്കു നൽകുന്ന സ്വീകരണം ദിവ്യരക്ഷകനു നൽകുന്ന സ്വീകരണംതന്നെയാണെന്നു നമുക്കു ബോദ്ധ്യമുണ്ട്. ആ സ്വീകരണം സംബന്ധിച്ച് നാം നടത്തിയ സകല ആഘോഷങ്ങളുടെയും പണച്ചെലവിന്റെയും ബുദ്ധിമുട്ടുകളുടെയും പരമമായ രഹസ്യം ഈ ബോദ്ധ്യംതന്നെയാണ്.

### സത്യദീപത്തിന്റെ പ്രത്യേകസന്തോഷം

അത്യുന്നതനായ കർദ്ദിനാൾ തിരുമേനിയുടെ ഈ സന്ദർശനവും അതുവഴിയായി നമുക്കു ലഭിക്കുന്ന ദൈവാനുഗ്രഹവും മറ്റെല്ലാവർക്കുമെന്നപോലെ സത്യദീപത്തിനും സന്തോഷഹേതുകമാകുന്നു. എന്നാൽ പരി. പിതാവിൽനിന്ന് കർദ്ദിനാൾതിരുമേനി കൊണ്ടുവന്നതും മെത്രാപ്പോലീത്തൻപള്ളിയങ്കണത്തിലെ സ്വീകരണവേളയിൽ അവിടുന്നു പ്രഖ്യാപിച്ചതുമായ സന്ദേശങ്ങളിലൊന്ന് മററാരെയുംകാൾ കൂടുതലായി സത്യദീപത്തെ ആനന്ദതുന്ദിലമാക്കിയിട്ടുണ്ട്. സത്യദീപത്തിന്റെ പത്രാധിപത്യം ഏററവും സമർത്ഥമായി ആറുകൊല്ലംമുമ്പുമുതൽ വഹിച്ചുകൊണ്ടിരിക്കുന്ന, ഏററവും നിസ്സ്വാർത്ഥവും അക്ഷീണവും പാണ്ഡിത്യോചിതവുമായ സേവനത്താൽ ആ പ്രസിദ്ധീകരണത്തെ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുത്തിയ, ആയിരത്തിൽ താഴെമാത്രം വരിക്കാരുണ്ടായിരുന്ന അതിന് പ്രചരണക്ലേശങ്ങളൊന്നും കൂടാതെതന്നെ ഇരുപതിനായിരത്തോളം വരിക്കാരെ സമ്പാദിച്ചുകഴിഞ്ഞ റവ. ഫാ. ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി. യെ എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയുടെ സഹായമെത്രാനായി തിരുസിംഹാസനം നിയമിച്ചിരിക്കുന്നു എന്ന ഏററവും മംഗളകരമായ സന്ദേശമാണത്. സത്യദീപത്തിന്റെ പത്രാധിപത്യം വഹിക്കുന്ന ഒരു വൈദികവര്യൻ എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയുടെ സഹായമെത്രാനായി ഉയർത്തപ്പെട്ടിരിക്കുന്നത് സമുചിതമായ ഒരു ദൈവപരിപാലനാകൃത്യമായിട്ടാണ് ഞങ്ങളുടെ വിനീതമായ ദൃഷ്ടികൾ വീക്ഷിക്കുന്നത്.



നിയുക്തമെത്രാൻ ഡോ. പാറേക്കാട്ടിൽ തിരുമേനി

ക്രിസ്തുമതപ്രചരണം സകല മെത്രാന്മാരുടേയും അനുപേക്ഷണീയകർത്തവ്യമാണെന്ന് നമുക്കറിയാം. "നിങ്ങൾ പോയി പഠിപ്പിക്കുവിൻ" എന്നുള്ള ദിവ്യരക്ഷകന്റെ സുസ്പഷ്ടമായ ആജ്ഞതന്നെയാണ് മെത്രാന്മാരുടെ ആ കർത്തവ്യത്തിന്റെ നിദാനം. എന്നാൽ അഭിവന്ദ്യനായ എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗസ്റ്റിനോസ് തിരുമേനിയിൽ, ഭരണഭാരം ഏറെറടുത്ത നിമിഷംമുതൽ ഈ കർത്തവ്യബോധം ശ്വാസോച്ഛ്വാസംപോലെ സർവ്വപ്രധാനമായി പ്രവർത്തിക്കുവാൻ തുടങ്ങി. ആധുനികകാലത്ത് മതപ്രചരണത്തിന് ഏററവും വലിയ ഉപാധി മുദ്രാലയവും അതിൽനിന്നു പുറപ്പെടുന്ന പ്രസിദ്ധീകരണങ്ങളുമാണെന്നുള്ള മാർപ്പാപ്പാമാരുടെ ഉദ്ബോധനങ്ങൾക്കു തിരുമനസ്സുകൊണ്ടു സവിശേഷമായ പ്രാമുഖ്യം നൽകി. എറണാകുളം വികാരിയാത്തിന്റെ ഭരണമേറെറടുത്ത് രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ തന്റെ അഭിവന്ദ്യനായ മുൻഗാമിയുടെ പൂജ്യനാമധേയം വഹിക്കുന്ന മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ് അവിടുന്നു സ്ഥാപിച്ചു. മതപരമായ ഒരു പ്രതിവാരിക പുറപ്പെടുവിക്കുവാനുള്ള സജ്ജീകരണങ്ങൾ ക്രമേണ ആ പ്രസ്സിൽ ഉണ്ടായിട്ടുണ്ടെന്നു കണ്ടപ്പോൾ സത്യദീപം പ്രസിദ്ധീകരിച്ചുതുടങ്ങണമെന്ന് അവിടുന്നു നിശ്ചയിച്ചു. 1927 ജൂലൈ 3-ാംതിയതി മാർ തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാളിൽ ആരംഭിച്ച സത്യദീപം, തിരുമേനിയുടെ പൈതൃകമായ സംരക്ഷണയിലും ലാളനയിലും ക്രമേണ വളർന്ന് ഇന്നത്തെ സമുന്നതമായ നിലയെ പ്രാപിച്ചിരിക്കുന്നു. തിരുമേനിയുടെ സ്വന്തം വകയായി ഉത്ഭവിക്കുകയും വളർച്ച പ്രാപിക്കുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ അവിടുത്തെ കണ്ണിലുണ്ണിയായി പരിലസിക്കുന്നത് സത്യദീപമാണെന്നു പറയുവാൻ ഞങ്ങൾക്ക് അശേഷം മടിയില്ല. നമ്മുടെ മാതൃഭൂമിക്ക് സ്വയംഭരണം ലഭിച്ചതും ദേശീയമായ അതിന്റെ പുരോഗതിയോടൊപ്പം മതപ്രചരണത്തിനും അഭിവൃദ്ധി ഉണ്ടാകേണ്ടതാണെന്നും കണ്ടതിനാൽ സത്യദീപത്തെ ആകൃതിയിലും പ്രകൃതിയിലും വികസിപ്പിക്കുവാൻ തിരുമനസ്സുകൊണ്ട് തീർച്ചയാക്കി. അങ്ങനെ 1947 ഓഗസ്റ്റ് 15-ാംതിയതിമുതൽ സത്യദീപം അതിന്റെ ഇപ്പോഴത്തെ വികസിതരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടുതുടങ്ങി. പ്രസിദ്ധീകരിക്കേണ്ട ചുമതലയുടെ സിംഹഭാഗം വഹിക്കുവാൻ പ്രാപ്തനായ ഒരു വൈദികനെ നിയമിക്കുകയും ചെയ്തു. ആ വൈദികവര്യനാണ് ഇപ്പോൾ അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമനസ്സിലെ അഭിലാഷമനുസരിച്ച് അവിടുത്തെ സഹായമെത്രാനായി തിരുസിംഹാസനത്തിൽനിന്നും നിയമിക്കപ്പെട്ടിരിക്കുന്നത്. പത്രാധിപത്യത്തിൽനിന്നും മെത്രാൻപദത്തിലേക്കുള്ള ഫാദർ പാറേക്കാട്ടിൽ അവർകളുടെ ഈ ഉയർച്ച സത്യദീപത്തിന്റെ ഉയർച്ചയായി, പത്രലോകത്തിന്റെ പൊതുവായ ഉയർച്ചയായി, പരിഗണിക്കുവാൻ ഞങ്ങൾക്കു സന്തോഷമുണ്ട്. പത്രമാഫീസിൽ ഞങ്ങളോടൊപ്പമിരുന്നു ജോലിചെയ്യുകയും ഞങ്ങളുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുകയും ഞങ്ങൾക്കുവേണ്ട സദുപദേശങ്ങൾ നൽകുകയും ഞങ്ങളിൽ ഒരാളായിത്തന്നെ കഴിഞ്ഞുകൂടുവാൻ ദയവുണ്ടാകുകയും ചെയ്ത മഹാനുഭാവന്റെ ഈ ഉയർച്ചയിൽ ആനന്ദതുന്ദിലരാകാതിരിക്കുക ഞങ്ങൾക്ക് സാദ്ധ്യമോ!

### നിയുക്തമെത്രാന്റെ ജീവചരിത്രസംക്ഷേപം

നിയുക്തമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് ബി. എ. ഡി. ഡി. തിരുമനസ്സുകൊണ്ട് ചരിത്രപ്രസിദ്ധമായ അങ്കമാലിക്കു സമീപമുള്ള കിടങ്ങൂർ ഇടവകയിലെ പാറേക്കാട്ടിൽ കുടുംബത്തിൽ 1912 ഏപ്രിൽ 1-ാംതിയതി ജാതനായി. ഇട്ടിരാ എന്ന പിതാവിന്റെയും ഏലീശാ എന്ന മാതാവിന്റെയും കനിഷ്ഠസന്താനമാണ് തിരുമേനി. ആ മാതാപിതാക്കന്മാർക്കും രണ്ടു ജ്യേഷ്ഠസഹോദരന്മാർക്കും ഒരു സഹോദരിക്കും തിരുമേനിയെ മെത്രാനായി കാണുവാനുള്ള അനുഗ്രഹം ദൈവം പ്രദാനംചെയ്തിരിക്കുന്നു. കിടങ്ങൂർ, അങ്കമാലി, മുഴിക്കുളം എന്നി സ്ഥലങ്ങളിൽ തിരുമേനി പ്രാഥമികവിദ്യാഭ്യാസം കഴിച്ചു. മലയാളം ഏഴാംക്ലാസ്സ് പാസ്സായശേഷം ആദ്യം അങ്കമാലി സെൻറ് ജോസഫ്സ് മിഡിൽ സ്കൂളിലും അനന്തരം ആലുവാ സെൻറ് മേരീസ് ഹൈസ്കൂളിലും ചേർന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തി. തേഡ്ഫോം പരീക്ഷയിൽ നേടിയ പ്രശസ്തവിജയംമൂലം ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നതിനുള്ള സ്കോളർഷിപ്പ് ഗവമെൻറിൽനിന്നും തിരുമേനിക്കു ലഭിച്ചു. പഠനവിഷയത്തിൽ മാത്രമല്ല സ്വഭാവഗുണത്തിലും തിരുമേനി സഹപാഠികളെ അതിശയിച്ചിരുന്നതിനാൽ ആലുവാ സെൻറ് മേരീസിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് രണ്ടുകൊല്ലത്തേക്ക് അവിടുന്ന് ബോർഡിങ്ങ് പ്രിഫെക്റ്റുമായിരുന്നു. 1930-ൽ സ്കൂൾഫൈനൽ ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. അനന്തരം എറണാകുളം സേക്രഡ്ഹാർട്ട് പെററി സെമിനാരിയിൽ ചേർന്നു. പെററി സെമിനാരിയിലെ പഠനം പൂർത്തിയായ ഘട്ടത്തിൽ ആ സെമിനാരിയിൽത്തന്നെ തത്വശാസ്ത്രം പഠിപ്പിക്കുവാൻ തുടങ്ങിയതിനാൽ ആ പഠനവും തിരുമേനി അവിടെത്തന്നെ ആരംഭിച്ചു. 1932 ഓഗസ്റ്റ് 15-ാംതിയതി അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയിൽനിന്ന് ആസ്ഥപ്പാട്ടുപട്ടം സ്വീകരിച്ചു. 1933 ജനുവരിയിൽ കാണ്ടി പേപ്പൽസെമിനാരിയിൽ ചേർന്നു വൈദികപഠനം തുടർന്നു മൂന്നുകൊല്ലത്തെ തത്വശാസ്ത്രപഠനവും നാലുകൊല്ലത്തെ വേദശാസ്ത്രപഠനവും ഏററവും പ്രശസ്തമായ നിലയിൽ നിർവ്വഹിച്ച്, എൽ. പി എച്ച്, എൽ. ഡി. എന്നീ ബിരുദങ്ങൾ ബഹുമാന്യമായതോതിൽ കരസ്ഥമാക്കി. 1939 ആഗസ്റ്റ് 24-ാംനു കാണ്ടിമെത്രാൻ റേഞ്ഞോ ഒ. എസ്. ബി. (Regno O. S. B.) തിരുമേനിയിൽനിന്നും പുരോഹിതപട്ടം സ്വീകരിക്കുകയും പിറേറദിവസം പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു. ആ നവംബറിൽ നാട്ടിൽ തിരിച്ചെത്തി. ഞാറയ്ക്കൽ ഇടവകയിൽ അസിസ്റ്റൻറ് വികാരിയായി ജോലിചെയ്തശേഷം, ഡി. ഡി. ബിരുദത്തിനുവേണ്ടിയുള്ള പഠനം തുടരുന്നതിനായി 1941 ജനുവരിയിൽ വീണ്ടും കാണ്ടി സെമിനാരിയിൽ പോയി. ഡി. ഡി ബിരുദത്തിനുള്ള പ്രബന്ധമെഴുതുവാൻ തിരുമേനി തിരഞ്ഞെടുത്ത വിഷയം "വരപ്രസാദത്തെപ്പററി അഗസ്റ്റീനോസും പെലജിയോസും" എന്നതായിരുന്നു. ആ പ്രബന്ധം രചിച്ച് അച്ചടിപ്പിച്ച് ഡി. ഡി. ബിരുദവും ബഹുമാന്യമായ തോതിൽ തിരുമേനി കരസ്ഥമാക്കി. 1941-നവംബറിൽ സെമിനാരിയിലെ പഠനം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തി.

അനന്തരം വടക്കൻ പറവൂർ ഫൊറോനാപള്ളിയിലെ അസിസ്റ്റൻറ് വികാരിയായി നിയമിക്കപ്പെട്ടു. തുടർന്നു മൂന്നുകൊല്ലത്തേക്ക് അവിടെ സേവനം ചെയ്തു. 1944-ൽ ചുണങ്ങംവേലി, മാറമ്പള്ളി എന്നീ പള്ളികളുടെ വികാരിയായും ചുണങ്ങംവേലിയിലെ സന്യാസസഹോദരികളുടെ നൊവിഷ്യററു ഗുരുവായും നിയമിതനായി. 1945 ജൂണിൽ പെരുമാനൂർ ലൂർദ് പള്ളിയുടെ നടത്തിപ്പ് തിരുമേനി ഏൽക്കുകയും അതോടൊരുമിച്ച് തേവര സേക്രഡ്ഹാർട്ട്സ് കോളെജിൽ ബി. എ. ക്ലാസ്സിൽ ചേർന്നു പഠനം നടത്തുകയും ചെയ്തു. 1947 ജൂണിൽ ബി. എ. ബിരുദം നേടി. ഇംഗ്ലീഷിനു ഒന്നാംക്ലാസിൽ പ്രസിഡൻസിയിൽ മൂന്നാമനായും എക്ണോമിക്സിൽ നാലാമനായുമാണ് തിരുമേനി പാസ്സായത്. പ്രസ്തുത കോളെജിൽ നിന്ന് എക്ണോമിക്സ് ബി. എ. പരീക്ഷയ്ക്കു ചേർന്ന വിദ്യാർത്ഥികളിൽ ഒന്നാമനായി പാസ്സാകുകയാൽ മാത്തുള്ള മെമ്മോറിയൽ സ്വർണ്ണമെഡലിനു തിരുമേനി അർഹനായി.

### സത്യദീപം പത്രാധിപർ

ഈ ഘട്ടത്തിലാണ് സത്യദീപം ഇപ്പോഴത്തെ വികസിതരൂപം പ്രാപിക്കുവാൻ തുടങ്ങിയത്. അതിന്റെ ഭാഗധേയം സംരക്ഷിക്കുവാൻ ആവശ്യകമായ പാണ്ഡിത്യവും സാമർത്ഥ്യവും സേവനസന്നദ്ധതയും ഒത്തിണങ്ങിയ ആളാണെന്നു ബോദ്ധ്യപ്പെട്ടതിനാൽ തിരുമേനിയെ അഭിവന്ദ്യമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് അതിന്റെ പത്രാധിപരായി നിയമിച്ചു. ആ നിമിഷംമുതൽ പത്രത്തിന്റെ വർദ്ധമാനമായ പുരോഗതിക്കും ഉന്നമനത്തിനുമായി ഡോക്ടർ പാറേക്കാട്ടിൽ തിരുമേനി അഹോരാത്രം അക്ഷീണം പ്രയത്നിച്ചുപോരുകയാണ്. ചോദ്യോത്തരപംക്തിയും വേദശാസ്ത്രപംക്തിയും നിയമമനയും മുഖപ്രസംഗം, പ്രസാധകക്കുറിപ്പുകൾ, ഗ്രന്ഥനിരൂപണം എന്നി പംക്തികൾ പലപ്പോഴും തിരുമേനിയുടെ തൂലികയാണ് നിറച്ചുകൊണ്ടു പോന്നിട്ടുള്ളത്. തത്വശാസ്ത്രത്തിലും വേദശാസ്ത്രത്തിലും സാമൂഹ്യശാസ്ത്രത്തിലും മററും തിരുമേനിക്കുള്ള കാലോചിതമായ പാണ്ഡിത്യം എത്രവളരെയാണെന്ന് ആ പംക്തികൾവിളിച്ചറിയിക്കുന്നുണ്ട്. നാനാവിഷയങ്ങളിൽ പാണ്ഡിത്യമുള്ള സഹൃദയന്മാരെ കണ്ടുപിടിച്ച്, അവരുടെ സഹകരണം അഭ്യർത്ഥിച്ച്, അവരിൽനിന്ന് അവസരോചിതങ്ങളായ ലേഖനങ്ങൾസമ്പാദിച്ച് അവയെക്കൊണ്ട് സത്യദീപത്തെ അലങ്കരിക്കുവാനും വായനക്കാരെ വിജ്ഞ

നാരാക്കിത്തീർക്കുവാനും തിരുമേനി നിസ്തുലം ചെയ്തുകൊണ്ടിരുന്ന പ്രയത്നങ്ങളുടെ ഫലമായിട്ടാണ് സത്യദീപത്തിന് ഇന്നുള്ള ഒന്നാംസ്ഥാനം കരഗതമായിരിക്കുന്നത്. ഇംഗ്ലീഷ്, ലത്തീൻ, സുറിയാനി എന്നീ ഭാഷകൾക്കു പുറമേ സംസ്കൃതം, ഫ്രഞ്ച്, ഗ്രീക്ക്, ഹീബ്രു എന്നീ ഭാഷകളും തിരുമേനിക്കു സ്വാധീനമാണ്. എഴുതുവാൻ മാത്രമല്ല പ്രസംഗിക്കുവാനും തിരുമേനിക്കുള്ള പാടവം സർവ്വസമ്മതമാണ്. ജന്മസിദ്ധവും അഭ്യാസലബ്ധവുമായ വിവിധകഴിവുകളുള്ള, അവയെ ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി വിനിയോഗിക്കുവാൻ സന്നദ്ധതയുള്ള, സ്വാർത്ഥതയും അഹങ്കാരവും വാക്കിലോ പ്രവൃത്തിയിലോ പ്രത്യക്ഷപ്പെടുത്തിയിട്ടില്ലാത്ത വിനീതമനസ്കനായ ഒരു മഹാനുഭാവനാണ് ഡോക്ടർ പാറേക്കാട്ടിൽ എന്ന് ഇതിനകം തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. അങ്ങനെയുള്ള ഒരു വൈദികവര്യൻ എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയുടെ സഹായമെത്രാനായി ഉയർത്തപ്പെടുവാൻ ഇടയായതിൽ ആർക്കാണ് സന്തോഷമുണ്ടാകുവാൻ ന്യായമില്ലാത്തത്? മററെല്ലാവരെയുംകാൾ അധികം സത്യദീപത്തോടു ബന്ധപ്പെട്ട ഞങ്ങൾക്ക് അതിൽ സന്തോഷമുണ്ടെങ്കിലും തിരുമേനിയുടെ വിദഗ്ദ്ധമായ സേവനം സത്യദീപത്തിനു നഷ്ടപ്പെടുമോ എന്ന ചിന്ത ഞങ്ങളെ ഉൽക്കണ്ഠിതരാക്കാതിരിക്കുന്നില്ല. ഏതായാലും തിരുമേനിയുടെ മേൽനോട്ടവും നിർദ്ദേശവും അവസരോചിതമായ സഹകരണവും സത്യദീപത്തിന് എന്നും ലഭിച്ചുകൊണ്ടിരിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. തിരുമേനിക്ക് സകല ഭാവുകങ്ങളും ഏററവും വിനീതമായി ഞങ്ങൾ ആശംസിക്കുകയും മഹനീയമായ പുതിയ സ്ഥാനത്തിനുവേണ്ട സകല അനുഗ്രഹങ്ങളും തിരുമേനിക്ക് പ്രദാനം ചെയ്യണമേ എന്ന് സർവ്വശക്തനെ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(J. N.)

## പ്രസാധകക്കുറിപ്പുകൾ

### കേരളാ കമ്മ്യൂണിസ്റ്റുപാർട്ടിക്കും

### മതത്തോടു സന്ധിയില്ലാസമരം

മതത്തിൽ യഥാർത്ഥവിശ്വാസമുള്ളവർക്ക്, അതിലും പ്രത്യേകിച്ച് കത്തോലിക്കർക്ക്, കമ്മ്യൂണിസ്റ്റുകാരുമായി രാഷ്ട്രീയകാര്യങ്ങളിൽപ്പോലും കൂട്ടുകൂടുന്നത് ഏററവും നിഷിദ്ധമാണെന്നുള്ള യാഥാർത്ഥ്യത്തെ ഖണ്ഡിക്കുവാൻ വേണ്ടി, കമ്മ്യൂണിസ്റ്റുകാരുമായുള്ള കൂട്ടുകെട്ടു സാധൂകരിക്കുവാൻ വേണ്ടി, മീനച്ചിലെ ഉപതിരഞ്ഞെടുപ്പിൽ സ്വതന്ത്രസ്ഥാനാർത്ഥിയായ കത്തോലിക്കാവനിതയ്ക്കായി പ്രചരണപ്രസംഗം നടത്തിക്കൊണ്ടിരുന്ന കമ്മ്യൂണിസ്റ്റ് നേതാവ് ശ്രീ പുന്നൂസ് ചില ന്യായവാദങ്ങൾ പുറപ്പെടുവിച്ചുകണ്ടു. അതിലൊന്ന് അദ്ദേഹത്തിന്റെ വാക്കുകളിൽ ഒരു പത്രം റിപ്പോർട്ടുചെയ്തിരിക്കുന്നതിങ്ങനെയാണ്:- "കമ്മ്യൂണിസ്റ്റുകാരുമായി സഹകരിക്കുന്നവർ മതം അപകടപ്പെടുത്തുകയാണെന്നു ചിലർ പറയുന്നുണ്ട്. എന്നാൽ ഇവർക്ക് ആർക്കും കമ്മ്യൂണിസ്റ്റ് എം. എൽ. എ. മാരോ എം. പി. മാരോ മതത്തിനും മതസ്ഥാപനങ്ങൾക്കും ആരാധനാസ്വാതന്ത്ര്യത്തിനും എതിരായി അസംബ്ലിയിലോ പാർലമെൻറിലോ എന്തെങ്കിലും പറഞ്ഞതായി പറയാനില്ല." അങ്ങനെ കമ്മ്യൂണിസ്റ്റുകാർ പറയാത്തത് മതത്തിനും മതസ്ഥാപനങ്ങൾക്കും അവർ എതിരല്ലാത്തതുകൊണ്ടാണോ എന്നാണ് ഇവിടത്തെ പ്രശ്നം. അല്ലെന്നു തീർച്ചയായും മറുപടിപറയാം. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ കേരളക്കമ്മിററി "മതത്തിന്റെ കാര്യത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നില" എന്ന തലക്കെട്ടിൽ 1949-ൽ പുറപ്പെടുവിച്ച ഒരു പ്രസ്താവനതന്നെ ഇതിനു തെളിവാണ്. അതിലെ ചില വാക്യങ്ങൾ കേട്ടാലും:-

"കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഒരാൾക്ക് മതത്തിലോ, മതപരമായ ചിന്താഗതിയുള്ളവർക്ക് കമ്മ്യൂണിസത്തിലോ വിശ്വസിക്കുക സാദ്ധ്യമല്ല." തന്മൂലം കമ്മ്യൂണിസം "ആശയപരമായി മതത്തിന്റെ ആത്മികതത്വശാസ്ത്രത്തോടും അതിന്റെ നാനാരൂപഭേദങ്ങളോടും സന്ധിയില്ലാത്ത സമരം നടത്തും."

ഈ പ്രസ്താവങ്ങൾ യാതൊരു വിശദീകരണവും ആവശ്യമില്ലാത്തവണ്ണം അത്ര വ്യക്തങ്ങളാണല്ലോ. അവ പുറപ്പെടുവിച്ചിരിക്കുന്ന കേരളാകമ്മ്യൂണിസ്റ്റുകമ്മിററി അവരുടെ ആചാര്യന്മാരിലൊരാളായ ലെനിന്റെ വാക്കുകൾ മിക്കവാറും പകർത്തിയിരിക്കുകയാണ്. ലെനിൻ എഴുതിയിട്ടുള്ളതും മോസ്കോയിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ ഗ്രന്ഥങ്ങളിൽ കാണുന്ന ചില വാക്യങ്ങൾ ഉദ്ധരിക്കാം:-

"മാർക്സിസം മെററീരിയലിസമാകുന്നു. ആ നിലയിൽ അതു മതത്തിനെതിരായി സന്ധിയില്ലാത്തവിധം സമരംനടത്തും. ഇതിനു യാതൊരു സംശയവുമില്ല. നാം മതത്തോടു സമരം ചെയ്യണം. അതാണ് സകല മെററീരിയലിസത്തിന്റെയും തൽഫലമായി മാർക്സിസത്തിന്റെയും പ്രാഥമികതത്വം."

ആകയാൽ കമ്മ്യൂണിസ്റ്റുകാരുമായി സഹകരിക്കുന്നവർ വാസ്തവത്തിൽ മതം അപകടപ്പെടുത്തുകതന്നെയാണ്.

* * *

### ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരും പള്ളികളും അമ്പലങ്ങളും നശിപ്പിക്കും

തിരുകൊച്ചി കമ്മ്യൂണിസ്റ്റ് എം. എൽ. എ. മാരോ എം. പി. മാരോ മതത്തിനും മതസ്ഥാപനങ്ങൾക്കും എതിരായി പറയാറില്ലെന്നുള്ള പ്രസ്താവവും അവാസ്തവമാണ്. കേരളാകമ്മ്യൂണിസ്റ്റ് കമ്മിററിയുടെ പ്രസ്താവന ഇതിനും തെളിവാണ്. അതിലെ വാക്യങ്ങളാണ് താഴെ ഉദ്ധരിക്കുന്നത്:-

"സംഘടിതമതങ്ങളുടെയെല്ലാം നായകന്മാർ കമ്മ്യൂണിസ്റ്റുകാരുടെ ശത്രുക്കളാണെന്നുള്ളതിനു സംശയമില്ല. കാരണം, ഈ മതസ്ഥാപനങ്ങളെല്ലാം, അവരുടെ നായകന്മാരെല്ലാം, മേലേക്കിടയിലുള്ള ജന്മികളും മുതലാളികളും കരിഞ്ചന്തക്കാരുമായ ജനദ്രോഹികളുമാണ്. ദേവസ്വങ്ങളുടെയും പള്ളികളുടേയും മതസ്ഥാപനങ്ങളുടെയും വകയായ ഭൂമി മുഴുവൻ, മററു ജന്മികളുടെ ഭൂമിയെപ്പോലെ, പ്രതിഫലംകൂടാതെ പിടിച്ചെടുത്തു കൃഷിക്കായി കൃഷിക്കാർക്ക് കൊടുക്കണമെന്നതു കമ്മ്യൂണിസ്റ്റുകാരുടെ അടിയന്തിരാവശ്യങ്ങളിലൊന്നാണ്. അതുപോലെതന്നെ വ്യവസായങ്ങൾ ദേശീയവല്ക്കരിക്കുന്നതിലും മററു ജന്മിമുതലാളിവർഗ്ഗങ്ങളെപ്പോലെതന്നെ, ദേവസ്വങ്ങളേയും പള്ളികളേയും മററു സ്ഥാപനങ്ങളേയും കണക്കാക്കണമെന്ന് കമ്മ്യൂണിസ്റ്റുപാർട്ടി ആവശ്യപ്പെടുന്നു." ഈ വാക്യങ്ങളുടെ അർത്ഥമെന്താണ്? പള്ളികളേയും അമ്പലങ്ങളേയും നശിപ്പിക്കുക കേരളാകമ്മ്യൂണിസ്റ്റുപാർട്ടിയുടെയും അടിയന്തിരമായ പരിപാടിയിൽ പെട്ടതാണെന്നല്ലയോ? ഭക്ഷണസാധനങ്ങളെല്ലാം പിടിച്ചെടുത്ത് കേവലം പട്ടിണികിടക്കാനുള്ള അവസ്ഥയിൽ ഒരു മനുഷ്യനെ ആക്കുന്നത് അവനെ നശിപ്പിക്കുന്ന പ്രവൃത്തിയല്ലയോ? വെടിവച്ചോ കഴുത്തുവെട്ടിയോ അവനെ കൊല്ലുന്നതും മേൽപ്രകാരം നശിപ്പിക്കുന്നതും തമ്മിൽ ഫലത്തിൽ വല്ല വ്യത്യാസവുമുണ്ടോ? ദേവസ്വങ്ങളുടെയും പള്ളികളുടെയും മതസ്ഥാപനങ്ങളുടെയും വകയായ ഭൂമി മുഴുവൻ പ്രതിഫലംകൂടാതെ പിടിച്ചെടുത്താൽ പള്ളികൾക്കും അമ്പലങ്ങൾക്കും പിന്നെ നിലനില്ക്കുവാൻ സാധിക്കുമോ? പ്രവർത്തനശൂന്യങ്ങളായി, മതാനുയായികൾക്ക് യാതൊരുപകാരവും ചെയ്യാൻ കഴിയാത്തവയായി, അവ താനേ നശിക്കുകയില്ലയോ? പള്ളികളേയും അമ്പലങ്ങളേയും ഇങ്ങനെ നശിപ്പിക്കുവാൻ കേരളാകമ്മ്യൂണിസ്റ്റുപാർട്ടിയും നിശ്ചയിച്ചുറച്ചിട്ടുണ്ടെങ്കിലും അവക്കെതിരായി അസംബ്ലിയിലോ പാർലമെൻറിലോ എന്തെങ്കിലും സ്പഷ്ടമായി പറയുവാൻ അവർ ഇനിയും തുനിഞ്ഞിട്ടില്ലെന്നുള്ളതു സമ്മതിക്കാം. എന്നാൽ അതിന്റെ കാരണമെന്താണെന്നു പ്രസ്തുതപ്രാസംഗികൻതന്നെ അദ്ദേഹം അറിയാതെ വെളിപ്പെടുത്തിയിട്ടുണ്ട്.

* * *

### അസംബ്ലിയിലും പാർലമെൻറിലും പറയാത്തതെന്തുകൊണ്ട്?

"പള്ളികളേയും അമ്പലങ്ങളേയും നശിപ്പിക്കുക എന്നാൽ അതിന്റെ അർത്ഥം നാട്ടുകാരുടെ നേരെ കൈവെക്കുക എന്നാണ്. അങ്ങനെ ചെയ്യാൻ തുടങ്ങിയാൽ വെറുതെ വിടുന്നവരല്ല നാട്ടുകാരെന്നും കമ്മ്യൂണിസ്റ്റുകാർക്ക് നന്നായും അറിയാം. നാട്ടുകാരുടെ മക്കളും നാട്ടുകാരുടെ താല്പര്യത്തിനുവേണ്ടി നില്ക്കുന്നവരുമായ കമ്മ്യൂണിസ്റ്റുകാരും അവരുടെ പാർട്ടിയും നാട്ടുകാരുടെ എല്ലാവിധ ആശകൾക്കും അഭിലാഷങ്ങൾക്കും സംസ്കാരത്തിനും മതവിശ്വാസങ്ങൾക്കും പൂർണ്ണമായുള്ള സ്വാതന്ത്ര്യവും സംരക്ഷണവും നൽകുന്നതാണ്. ഇല്ലാതെയിരുന്നാൽ പാർട്ടിതന്നെ ഉണ്ടാകയില്ലെന്ന് അറിയുന്നവരും പഠിച്ചിട്ടുള്ളവരും ജനങ്ങളെ സർവ്വപ്രധാനമായി കണക്കാക്കുന്നവരുമാണ് കമ്മ്യൂണിസ്റ്റുകാർ."

ഈ വാക്കുകളുടെ അർത്ഥവും വ്യക്തമാണല്ലോ. മതത്തോടു സമരംചെയ്യാൻ, പള്ളികളും അമ്പലങ്ങളും നശിപ്പിക്കുവാൻ, കമ്മ്യൂണിസ്റ്റുപാർട്ടിക്കു സാധിക്കുന്നത് ഭരണാധികാരം അവരുടെ കൈയിൽ ഒതുങ്ങിക്കഴിയുമ്പോഴാണ്, പോലീസും പട്ടാളവും നീതിന്യായക്കോടതികളും മററും അവർക്ക് വിധേയങ്ങളാകുമ്പോഴാണ്. ആ നില ഈ രാജ്യത്തു അവർക്കിനു കൈവന്നിട്ടില്ലല്ലോ. കൈവരുത്താൻ കിഴക്കെ യൂറോപ്പിലേയും ചൈനയിലേയുംപോലെ സോവ്യററഷ്യയുടെ സൈനികശക്തി ഈ രാജ്യത്തില്ല. കൈവരുത്താൻ ഈ രാജ്യത്തുള്ള ഏകമാർഗ്ഗം നാട്ടുകാരുടെ വോട്ടുകൾ സമ്പാദിക്കുകയാണ്. തിരഞ്ഞെടുപ്പിൽ അവ സമ്പാദിക്കണമെങ്കിൽ അവർക്കേററവും വേദനാജനകമായതു ചെയ്യാതിരിക്കണം. അമ്പലങ്ങളും പള്ളികളും ഇന്നാട്ടിലെ ഭൂരിപക്ഷവും ആളുകൾ ഇന്നും വിലമതിക്കുന്നുണ്ട്. അവയുടെ നാശത്തിൽ അവർക്ക് വളരെ മനോവേദനയുണ്ടാകും. തന്മൂലം അവക്കെതിരായി പരസ്യമായി, സ്പഷ്ടമായി യാതൊന്നും പറയരുതെന്ന് അവസരമനുസരിച്ചു പെരുമാറുവാൻ വിരുതന്മാരായ കമ്മ്യൂണിസ്റ്റുകാർക്കറിയാം. എങ്കിലും മതത്തിനെതിരായി, മതത്തെ സംരക്ഷിക്കുന്നവർക്കെതിരായി, സൂത്രത്തിലും തെററിദ്ധരിപ്പിച്ചും കമ്മ്യൂണിസ്റ്റ് എം. എൽ. എ. മാരും എം. പി. മാരും അവരുടെ സ്വരം ഉയർത്താതിരിക്കുന്നില്ല. ഫോർട്ടുകൊച്ചിയിലെ ഇററാലിയൻ മിഷനറിമാരെപ്പററി ശ്രീ പുന്നൂസുതന്നെ പാർലമെൻറിൽ ചെയ്ത ചോദ്യങ്ങൾ ഇതിനുദാഹരണമാണ്.

* * *

### അവർ പറയാത്തതും ലെനിന്റെ ഉപദേശമനുസരിച്ചാണ്

മതത്തോട് സന്ധിയില്ലാസമരം കമ്മ്യൂണിസ്റ്റുപാർട്ടി നടത്തേണ്ടതാണെന്നും തൊഴിലാളികളുടെയും സാധാരണക്കാരുടേയും ഇടയിൽ നിരീശ്വരത്വം അവർ പ്രസംഗിക്കേണ്ടതാണെന്നും മററും ലെനിൻ ഉപദേശിച്ചിട്ടുണ്ടെങ്കിലും അതെല്ലാം സൂക്ഷിച്ചുവേണം ചെയ്യാനെന്ന് അദ്ദേഹം പ്രത്യേകം ഉദ്ബോധിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽനിന്നു ആ ഭാഗം ഇവിടെ ഉദ്ധരിക്കാം:-

"ഒരു പ്രത്യേകഡിസ്ട്രിക്ടിലേയും ഒരു പ്രത്യേകവ്യവസായബ്രാഞ്ചിലേയും തൊഴിലാളികൾ രണ്ടു ഗണമായി വിഭജിക്കപ്പെട്ടിരിക്കുകയാണെന്നു നമുക്കു സങ്കല്പിക്കാം. അവരിൽ ഒരു ഗണം, വളരെ വർഗ്ഗബോധമുള്ളവരും തീർച്ചയായും നിരീശ്വരന്മാരുമായ സോഷ്യൽ ഡെമോക്രാററുകൾ അടങ്ങിയ പുരോഗമനവിഭാഗമാണെന്നു വിചാരിക്കുക. മറേറ ഗണമാകട്ടെ, ഇനിയും നാട്ടിൻപുറങ്ങളിൽ കർഷകജോലിയിൽ ഏർപ്പെട്ടുകഴിയുകയും ഇനിയും ദൈവത്തിൽ വിശ്വസിക്കുകയും പള്ളിയിൽ പോകുകയും ചെയ്യുന്നവരോ, ക്രിസ്ത്യൻ തൊഴിലാളിയൂണിയൻ രൂപീകരിച്ചു നടത്തുന്ന സ്ഥലത്തെ വൈദികന്റെ നേരിട്ടുള്ള സ്വാധീനത്തിൽ ഇരിക്കുന്നവരോ ആണെന്നും വിചാരിക്കുക. മാത്രമല്ല, ആ സ്ഥലത്തെ സാമ്പത്തികസമരം ഒരു പണിമുടക്കായി പരിണമിച്ചെന്നും നമുക്കു സങ്കല്പിക്കാം. ആ പണിമുടക്കുപ്രസ്ഥാനത്തിന്റെ വിജയത്തിനു മററു സകലതിനെക്കാളും പ്രാധാന്യം കല്പിക്കുകയും, ആ സമരത്തിൽ നിരീശ്വരന്മാരെന്നും ക്രിസ്ത്യാനികളെന്നും ഉള്ള ഭിന്നിപ്പു തൊഴിലാളികളുടെയിടയിൽ ഉണ്ടാകുന്നതിനെ ഉഗ്രമായി എതിർക്കുകയും ചെയ്യേണ്ടതു ഒരു മാർക്സിസ്റ്റുകാരന്റെ കർത്തവ്യമാകുന്നു. അങ്ങനെയുള്ള സാഹചര്യങ്ങളിൽ നിരീശ്വരപരമായ പ്രചരണം അനാവശ്യകവും ഉപദ്രവകരവുമായിത്തീർന്നേക്കാം. അങ്ങനെയുള്ള സന്ദർഭത്തിലും അങ്ങനെയുള്ള സാഹചര്യങ്ങളിലും നിരീശ്വരത്വം പ്രസംഗിക്കുന്നവൻ വൈദികരുടെ കരങ്ങളിൽ ചെന്നുവീഴുകമാത്രമായിരിക്കും ചെയ്യുന്നത്. വൈദികർക്കുള്ള ഏക ആഗ്രഹം, പണിമുടക്കുപ്രസ്ഥാനത്തിൽ പങ്കെടുക്കുന്ന കാര്യത്തിൽ തൊഴിലാളികളുടെ ഇടയിലുള്ള ഭിന്നിപ്പുമാററി, അതിനുപകരം ദൈവത്തിലുള്ള അവരുടെ വിശ്വാസങ്ങളുടെ കാര്യത്തിൽ ഭിന്നിപ്പുണ്ടാക്കണമെന്നാണ്. എന്തുവന്നാലും വേണ്ടില്ലെന്നുവച്ച് ദൈവത്തിനെതിരായി സമരം പ്രസംഗിക്കുന്ന അരാജകത്വവാദി, പ്രയോഗത്തിൽ, വൈദികരേയും മതവാളികളേയും സഹായിക്കുകയായിരിക്കും ചെയ്യുന്നതു."

* * *

### കമ്മ്യൂണിസ്റ്റുകാരുടെ മുൻസഹകരണം സംഹാരമായിത്തീർന്നു

തിരുകൊച്ചിയിൽ കമ്മ്യൂണിസ്റ്റുകാരുമായുള്ള സഹകരണം കോൺഗ്രസ്സുകാരുടെയിടയിൽ മുമ്പുണ്ടായിരുന്നില്ലയെന്നും, കോൺഗ്രസ്സ് വർക്കിംഗ കമ്മിററിയിലും പാർലമെൻററിബോർഡിലും കമ്മ്യൂ: പാർട്ടിക്കാർ അംഗങ്ങളായിരുന്നില്ലയോയെന്നും, അന്നു പാടുണ്ടായിരുന്നതു ഇന്നെന്തുകൊണ്ട് പാടില്ലായെന്നുമാണ് വേറൊരു ന്യായവാദം. കമ്മ്യൂണിസ്റ്റുകാരുമായുള്ള അന്നത്തെ കോൺഗ്രസ്സിന്റെ സഹകരണം കമ്മ്യൂണിസ്റ്റുകാരുടെ കൈയിൽ കോൺഗ്രസ്സിനെ സംഹരിക്കുവാനുള്ള ആയുധമായി തീർന്നുകൊണ്ടാണ് പഴയ സഹകരണം ഇപ്പോൾ വേണ്ടെന്നു വച്ചിരിക്കുന്നതെന്ന് ശരിക്കു മറുപടി പറയാവുന്നതാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി കടുത്ത സ്വേച്ഛാധിപത്യത്തിലും കോൺഗ്രസ്സ് പാർട്ടി യഥാർത്ഥ പ്രജായത്തത്തിലും വിശ്വസിക്കുകയാണെന്ന് എല്ലാവർക്കുമറിയാം. ആനിലയ്ക്ക് സ്വേച്ഛാധിപത്യത്തോടുള്ള സമരത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയെ കൂട്ടുപിടിക്കുന്നതിൽ യാതൊരർത്ഥവുമില്ല. എന്നുവരികിലും സർ സി. പി. യുടെ കാലത്തെ സ്വേച്ഛാധിപത്യത്തിനെതിരായ സമരത്തിൽ കോൺഗ്രസ്സ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ അംഗങ്ങളെ കൂട്ടുപിടിച്ചെങ്കിൽ കമ്മ്യൂണിസ്റ്റുകാരുടെ വഞ്ചനാപരമായ തന്ത്രങ്ങൾ മനസ്സിലാക്കാതെ ശ്രദ്ധക്കുറവുകൊണ്ടു ചെയ്തതാണത്. ആ കൂട്ടുപിടുത്തം അബദ്ധവും ആപൽക്കരവുമായെന്നു പിന്നീടു തെളിഞ്ഞുകഴിഞ്ഞു. കൂട്ടുപിടിച്ച കാലത്തു കമ്മ്യൂണിസ്റ്റുകാരുടെ ദേശീയവിരുദ്ധവും അക്രമപരവും വിധ്വംസകവുമായ പ്രവർത്തനങ്ങൾ ആർക്കും ബോദ്ധ്യമാകത്തക്കവണ്ണം പ്രത്യക്ഷപ്പെട്ടിരുന്നില്ല. സോവ്യററഷ്യയോടുള്ള അവരുടെ ദേശഭക്തിയും ദേശീയസംഘടനയായ കോൺഗ്രസ്സിനെ തകർക്കുവാനുള്ള അവരുടെ സന്നദ്ധതയും ഇന്ത്യയിൽ പല സ്ഥലങ്ങളിലും, ഹൈദ്രാബാദിലും തിരുകൊച്ചിയിലും പ്രത്യേകിച്ചും അവർ നടത്തിയ ഭീകരപ്രവർത്തനങ്ങളും അക്രമങ്ങളും അവയ്ക്കു പ്രേരണനൽകിയ കൽക്കത്താ തീസ്സീസും മററും പിന്നീടു പ്രത്യക്ഷപ്പെട്ടു. ഇന്ത്യൻ ഭരണഘടനയെ തകർക്കാനും അതിലെ മൗലികാവകാശങ്ങൾ നിഷേധിക്കാനും സോവ്യററഷ്യൻ മോഡലിലുള്ള ഭരണമേർപ്പെടുത്തുവാനും ഇന്ത്യയെ സോവ്യററഷ്യയുടെ സാമ്രാജ്യത്തിൽ പെടുത്തുവാനുമാണ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഉദ്ദേശവും ശ്രമവുമെന്നു സ്പഷ്ടമായിക്കഴിഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടി ഇന്ത്യയേയും അതിലെ നിവാസികളേയും ഒററിക്കൊടുക്കുന്ന അഞ്ചാംപത്തികളാണെന്നു അവർതന്നെ നമ്മെ ബോദ്ധ്യപ്പെടുത്തിയിരിക്കുന്നു. ആ സ്ഥിതിക്ക് അവരുമായുള്ള കൂട്ടുകെട്ട് ആത്മഹത്യാപരമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. മുൻപു അവർ സഹായത്തിനായി നീട്ടിയ കരങ്ങൾ മൂടുപടമിട്ടു സംഹാരത്തിനായി നീട്ടിയ കരങ്ങളാണെന്നു തെളിഞ്ഞിരിക്കുന്നതിനാൽ, അന്നു നീട്ടിയകരം സ്വാഗതം ചെയ്തതുകൊണ്ടാണു അതു സംഹാരത്തിനായുള്ള കരമായി ഇ

ന്നു വികസിച്ചിരിക്കുന്നതെന്നു് സ്പഷ്ടമായിരിക്കുന്നതിനാൽ, അന്നത്തെ സഹകരണത്തിന്റെ ന്യായംപറഞ്ഞു് ഇന്നത്തെ കൂട്ടുകെട്ടു് സ്വീകരിക്കണമെന്നു വാദിക്കുന്നതു് നിരർത്ഥകമാകുന്നു.

സർ സി. പി. യുടെ കാലത്തു് വിദ്യാഭ്യാസപ്രക്ഷോഭണത്തിൽ കത്തോലിക്കരുടെ പ്ലാറ്റുഫോറങ്ങളിൽ കമ്മ്യൂണിസ്റ്റുകാർ പ്രസംഗിച്ചിട്ടുണ്ടെന്നും മററുമുള്ള ന്യായവാദത്തിനും ഇതുതന്നെയാണു സമാധാനം. സി. പി. യുടേതിനെക്കാൾ കടുത്ത സ്വേച്ഛാധിപത്യവും രാഷ്ട്രസാൽക്കരണവും ലക്ഷ്യമാക്കിയിട്ടുള്ള കമ്മ്യൂണിസ്റ്റുകാരെ ആ വിദ്യാഭ്യാസപ്രക്ഷോഭണത്തിൽ തങ്ങളുടെ പ്ലാറ്റുഫോറങ്ങളിൽനിന്നു പ്രസംഗിക്കുവാൻ കത്തോലിക്കർ അനുവദിച്ചിട്ടുണ്ടെങ്കിൽ അതു ശ്രദ്ധാഭംഗതിന്നിമിത്തം വന്നുപോയ അബദ്ധമാണെന്നു് പറയുവാൻ ഞങ്ങൾ മടിക്കുന്നില്ല. എന്തായാലും അന്നു ചെയ്തതു തെററായിപ്പോയെന്നു് പിന്നത്തെ അനുഭവംകൊണ്ടു് തെളിഞ്ഞിരിക്കെ ആ തെററു് വീണ്ടും ആവർത്തിക്കണമെന്നു് വാദിക്കുന്നതു് മൌഢ്യമല്ലയോ? കമ്മ്യൂണിസ്റ്റുകാർ സഹായിക്കുവാൻ അടുക്കുന്നതു സംഹരിക്കുവാനുള്ള മാർഗ്ഗമായിട്ടാണെന്നു് കത്തോലിക്കർക്കു് മററെല്ലാവരെയുംകാൾ ബോദ്ധ്യപ്പെടുവാൻ ന്യായമുള്ളതിനാൽ കമ്മ്യൂണിസ്റ്റുകാരുടെ കൂട്ടുകെട്ടു് നിശ്ശേഷം വേണ്ടെന്നുവയ്ക്കേണ്ടതു് കത്തോലിക്കരുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കർത്തവ്യമാകുന്നു.

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6— 8—0
ഇൻഡ്യക്കുപുറമെ " 8—12—0

## അടുത്തയാഴ്ചയിൽ

നവംബർ

22 ഞാ: പന്തക്കുസ്ത 26-ാം ഞായർ
23 തി: ക്ലേമിസ്
24 ചൊ: കുരിശിന്റെ യോഹന്നാൻ
25 ബു: കത്രീന
26 വ്യാ: ചെയൊണാദ്രോസ്
27 വെ: ജർത്രൂദ
28 ശ: സിസിലിയാ

### ജപാപ്പസ്തോലസഖ്യം

(ഡിസംബർ)

പൊതുനിയോഗം: എല്ലാ ജനങ്ങൾക്കും സമാധാനമരുളാൻ തിരുസിംഹാസനം ചെയ്തുകൊണ്ടിരിക്കുന്ന പരിശ്രമങ്ങളുടെ വിജയത്തിനു്.

മിഷൻനിയോഗം: ജപ്പാനിൽ തിരുസ്സഭ ഒന്നുകൂടി നന്നായിട്ടും കൂടുതൽ വിപുലമായിട്ടും അറിയപ്പെടുവാൻ.

## തിരുത്തു്

കഴിഞ്ഞലക്കം സത്യദീപത്തിലെ മുഖപ്രസംഗം മൂന്നാംകോളം അവസാനഖണ്ഡികയിൽ "കത്തോലിക്കാസഭയിൽ ആകെ 11 തിരുസ്സംഘങ്ങളാണുള്ളതു്" എന്ന വാക്യത്തിലെ 11 എന്നതു് 12 എന്നു തിരുത്തിവായിപ്പാനപേക്ഷ.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

### കർദിനാൾ തിസ്സെരാങ്ങു് തിരുമേനി

# കേരളത്തിൽ

മാർ തോമ്മാശ്ലീഹായുടെ ഭൗതികാവശിഷ്ടങ്ങളുംകൊണ്ടു് നവംബർ 11-ാംനു- കാലത്തു് 11-20-നു് വില്ലിംഗ്ഡൺ വിമാനത്താവളത്തിൽ എത്തിയ അത്യുന്നതകർദ്ദിനാൾ തിസ്സെരാങ്ങു് തിരുമേനിയെ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ഹാരമണിയിച്ചു സ്വീകരിച്ചു. തുടർന്നു വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയും തിരുവല്ലാമെത്രാൻ തിരുമേനിയും ഹാരമണിയിച്ചു. കേരളത്തിലെ സിറിയൻ ലത്തീൻ ഹയരാർക്കികളിലെ എല്ലാ വൈദികമേലദ്ധ്യക്ഷന്മാരും 150-ൽ പരം വൈദികരും തിരു-കൊച്ചി മുഖ്യമന്ത്രി ശ്രീ എ. ജെ. ജോൺ, മന്ത്രി ശ്രീ ടി. എം. വറുഗീസ് എന്നിവരും മററനേകം പൗരമുഖ്യരും തദവസരത്തിൽ വിമാനത്താവളത്തിൽ സന്നിഹിതരായിരുന്നു. ഹാരാർപ്പണങ്ങൾക്കുശേഷം കർദ്ദിനാൾ തിരുമേനി വില്ലിംഗ്ഡൺ ദ്വീപിലുള്ള മലബാർ ഹോട്ടലിലേക്കു് ആനയിക്കപ്പെട്ടു.

വിശ്രമാനന്തരം രണ്ടു മണിയോടുകൂടി മലബാർ ഹോട്ടൽ ജട്ടിയിൽനിന്നും ജലപ്പരപ്പിലൂടെയുള്ള ഘോഷയാത്രയാരംഭിച്ചു. കമനീയമായലങ്കരിച്ചിരുന്ന ഫ്ളോട്ടിംഗ് ഡോക്കിൽ ആസനസ്ഥനായ കർദ്ദിനാൾ തിരുമേനിയെ എതിരേററുകൊണ്ടു അനേകം ഓടിവള്ളങ്ങളും ചുണ്ടവഞ്ചികളും മോട്ടോർബോട്ടുകളും ഘോഷയാത്രയിൽ സംബന്ധിച്ചിരുന്നു. ഘോഷയാത്ര ജട്ടിയിൽനിന്നും കിഴക്കോട്ടു നീങ്ങി ബോൾഗാട്ടിക്കു സമീപെവച്ചു് തെക്കോട്ടുതിരിഞ്ഞു് ഷൺമുഖംറോഡിനു സമാന്തരമായി തുടർന്നു. ചുററുമുള്ള കരകളിൽ തിങ്ങിക്കൂടിയിരുന്ന ജനങ്ങളെ കർദ്ദിനാൾ തിരുമേനി ഡോക്കിൽനിന്നു് ആശീർവ്വദിച്ചുകൊണ്ടിരുന്നു.

3-10-നു ഘോഷയാത്ര ഹസ്സൂർജട്ടിയിലെത്തി കർദ്ദിനാൾതിരുമേനിയെ എറണാകുളം മുനിസിപ്പൽ ഭാരവാഹികൾ സ്വീകരിച്ചു് ജട്ടിയിൽ സജ്ജമാക്കിയിരുന്ന മനോഹരമായ പൂപ്പന്തലിലേക്കു് ആനയിച്ചു. എറണാകുളം നഗരസഭവക മംഗളപത്രം മുനിസിപ്പൽ ചെയർമൻ മിസ് പി. ജാനകിയമ്മ വായിച്ചു് ഒരു കാസ്കററിലാക്കി തിരുമേനിക്കു സമർപ്പിച്ചു. മറുപടിപ്രസംഗത്തിൽ കർദ്ദിനാൾ തിരുമനസ്സുകൊണ്ടു് ഈ രാജ്യത്തിനും എറണാകുളം പട്ടണത്തിനും ആദ്ധ്യാത്മികവും ഭൗതികവുമായ ക്ഷേമൈശ്വര്യങ്ങൾ നേരുകയുണ്ടായി.

മുനിസിപ്പൽ സ്വീകരണത്തിനുശേഷം പട്ടണമദ്ധ്യത്തിൽക്കൂടിയുള്ള വമ്പിച്ച ഘോഷയാത്ര ആരംഭിച്ചു. നെററിപ്പട്ടമണിഞ്ഞ മൂന്നാനകൾ ഏററവും മുമ്പിലായി അണിനിരന്നു. സ്കൗട്ട്സ്, ഗേൾ ഗൈഡ്സ്, സ്ത്രീവിഭാഗത്തിൽപ്പെട്ട ക്രൂസേഡേഴ്സ്, സൊഡാലിസ്റ്റ്സ്, ലീജിയനറീസ്, മാതൃസംഘാംഗങ്ങൾ, കാത്തലിക് വിമൻസ് അസ്സോസ്സ്യേഷനംഗങ്ങൾ, മററു സംഘാംഗങ്ങൾ, ഹൈസ്കൂൾ വിദ്യാർത്ഥിനികൾ, കോളെജ് വിദ്യാർത്ഥിനികൾ, സ്ത്രീകൾ, പുരുഷവിഭാഗത്തിൽപ്പെട്ട സൊഡാലിസ്റ്റ്സ്, ലീജിയനറീസ്, വിൻസെൻറു് ഡിപോൾസംഘാംഗങ്ങൾ, മററു ഭക്തസംഘാംഗങ്ങൾ, ഹൈസ്കൂൾ വിദ്യാർത്ഥികൾ, കോളെജ് വിദ്യാർത്ഥികൾ, പുരുഷന്മാർ, ആംഗ്ലോ-ഇൻഡ്യൻസ്, പൊൻവെള്ളിക്കുരിശുകളും മുത്തുക്കുടകളും വഹിച്ചുകൊണ്ടുള്ള ശേനം, കന്യാസ്ത്രീകൾ, സെമിനാരി വിദ്യാർത്ഥികൾ, വൈദികർ, പേപ്പൽ ബഹുമതിധാരികൾ, കർദ്ദിനാൾ തിരുമേനിയെ വഹിക്കുന്ന രണ്ടു കുതിരകളെ പൂട്ടിയ രഥം, വളണ്ടിയർമാർ എന്നീ ക്രമത്തിൽ അണിനിരത്തപ്പെട്ടിരുന്ന ഗംഭീരമായ ഘോഷയാത്രയെ ബാൻറു് നാഗസ്വരം, ചെണ്ട മുതലായ വാദ്യങ്ങളും മോടിപിടിപ്പിച്ചിരുന്നു. 3-45 നു് ആരംഭിച്ച ഘോഷയാത്ര ബ്രോഡ്വേയിൽക്കൂടി എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിലെത്തിയതിനിടയ്ക്കു് മാർഗ്ഗമദ്ധ്യേ നിരവധി സ്ഥാപനങ്ങളുടെ പ്രതിനിധികൾ ജാതിമതഭേദമെന്യേ കർദ്ദിനാൾ തിരുമേനിയെ ഹാരമണിയിക്കുകയുണ്ടായി. മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു് കർദ്ദിനാൾ തിരുമേനി താൻ കൊണ്ടുവന്നിരുന്ന മാർ തോമാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങളടങ്ങിയ പേടകം ഉയർത്തി എവരേയും ആശീർവ്വദിച്ചു.

ദേവാലയത്തിലെ തിരുകർമ്മങ്ങൾക്കുശേഷം മെത്രാപ്പോലീത്തൻ പള്ളിയുടെ പുരോഭാഗത്തു് പ്രത്യേകം തയാറാക്കിയിരുന്ന മനോഹരമായ മണ്ഡപത്തിൽ പൊതുസ്വീകരണനടപടികളാരംഭിച്ചു. എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് കർദ്ദിനാൾ തിരുമേനിക്കു സ്വാഗതമാശംസിച്ചുകൊണ്ടു് ശ്രദ്ധേയമായ ഒരു പ്രസംഗംചെയ്തു (സ്വാഗതപ്രസംഗം 1-ാം പേജിൽ) തുടർന്നു് കർദ്ദിനാൾ തിരുമേനി തനിക്കു നൽകപ്പെട്ട സ്വീകരണത്തിനു കൃതജ്ഞതപ്രകാശിപ്പിച്ചുകൊണ്ടു് ആരംഭിച്ച മറുപടിപ്രസംഗത്തിൽ, താൻ കൊണ്ടുവന്നിരിക്കുന്ന മാർ തോമാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ കൊടുങ്ങല്ലൂരിൽ സ്ഥാപിക്കുന്നതാണെന്നും, എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ സഹായമെത്രാനായി റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ അവർകളെ പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു് നിയമിച്ചിരിക്കുന്നുവെന്നും പ്രഖ്യാപനം ചെയ്യുകയുണ്ടായി. (മറുപടിപ്രസംഗം വിശദരൂപം അന്യത്ര) അതിനുശേഷം കർദ്ദിനാൾ തിരുമേനി, പരിശുദ്ധ പിതാവിന്റെ പ്രത്യേകാനുവാദമനുസരിച്ചു്, സ്ഥലത്തു സന്നിഹിതരായിരുന്നവർക്കു് പൂർണ്ണദണ്ഡവിമോചനം നൽകി.

പൊതുയോഗാനന്തരം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ വകയായി കർദ്ദിനാൾ തിരുമേനിയുടെ ബഹുമാനാർത്ഥം അരമനപ്പരിസരത്തിൽ വച്ചു നടത്തപ്പെട്ട ഉദ്യാനവിരുന്നിൽ അഭിവന്ദ്യ തിരുമേനിമാരും മററു വൈദികപ്രമുഖന്മാരും മുഖ്യമന്ത്രി ശ്രീ എ. ജെ. ജോൺ, മന്ത്രി ശ്രീ ടി എം. വറുഗീസ്, ഹൈക്കോടതി ജഡ്ജിമാർ എന്നിവരുൾപ്പെടെ അനേകം ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരും സംബന്ധിച്ചിരുന്നു. ഉദ്യാനവിരുന്നിനെത്തുടർന്നു കർദ്ദിനാൾ തിരുമേനിക്കു ഭാവുകമാശംസിച്ചുകൊണ്ടു് ശ്രീ എ. വി. മൂത്തേടൻ എം. എ. ബി. എൽ. ഒരു മംഗളപത്രം വായിച്ചു സമർപ്പിക്കുകയും തിരുമേനി ഒരു മറുപടി പ്രസംഗം നടത്തുകയുമുണ്ടായി.

അന്നുരാത്രി എറണാകുളം അതിമെത്രാസനാരമനയിൽ വിശ്രമിച്ചശേഷം പിറേറദിവസം കർദ്ദിനാൾതിരുമേനി മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സ്, സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂൾ, സെൻറ് മേരീസ് കോൺവെൻറ് ഹൈസ്കൂൾ, നൊവിഷ്യാത്തുമഠം, ലൂർദുപുരത്തെ അഗതിമന്ദിരം, സുറിയാനി കർമ്മലീത്താ ജനറാൾ മന്ദിരം മുതലായ സ്ഥാപനങ്ങൾ സന്ദർശിച്ചു. അനന്തരം തിരുമേനി മൂവാററുപുഴയ്ക്കെഴുന്നള്ളുകയും അവിടെ എറണാകുളം അതിരൂപതവകയായി ആരംഭിച്ചിരിക്കുന്ന നിർമ്മല കോളെജിന്റെ മൂലക്കല്ലു ആശീർവ്വദിച്ചു സ്ഥാപിക്കുകയുംചെയ്തു.

നവ. 13-ാംനു- കാലത്തു കർദ്ദിനാൾ തിരുമനസ്സുകൊണ്ടു് ചുണങ്ങംവേലിയിലെത്തി അവിടെ പുതുതായി പണികഴിപ്പിച്ചിരിക്കുന്ന കപ്പേള ആശീർവ്വദിക്കുകയും തുടർന്നു് അഗതികളുടെ സഹോദരിമാരുടെ വകയായി സമർപ്പിക്കപ്പെട്ട മംഗളപത്രം സ്വീകരിക്കുകയുമുണ്ടായി. അനന്തരം തിരുമേനി ഇടപ്പള്ളിയിലേക്കെഴുന്നള്ളി. അവിടെ മാർ അഗസ്റ്റിൻസ് മെമ്മോറിയൽ ആസ്പത്രിയോടനുബന്ധിച്ചു് ആരംഭിച്ചിരിക്കുന്ന ഡൻറൽ ക്ലിനിക്കിന്റെ ഉൽഘാടനം തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചു. അതിനുശേഷം തിരുമേനി എറണാകുളം മെത്രാസനാരമനയിൽ തിരിച്ചെത്തുകയും 12 മണിയോടുകൂടി വരാപ്പുഴ അരമനയിലേക്കെഴുന്നള്ളുകയും ചെയ്തു.

വരാപ്പുഴ അതിരൂപതവകയായുള്ള പൊതുസ്വീകരണം എറണാകുളം സെൻറു് ആൽബർട്ട്സ് കോളെജിൽവച്ചാണു നടത്തപ്പെട്ടതു. അന്നു വൈകിട്ടു 8 മണിക്കു് വരാപ്പുഴ അതിമെത്രാസനാരമനയിൽവച്ചു് കർദ്ദിനാൾ തിരുമനസ്സിലെ ബഹുമാനാർത്ഥം ഒരു വങ്കൊററു് നടത്തപ്പെടുകയുണ്ടായി.

## മെത്രാഭിഷേകം നവ. 30-ാം തീയതി

എറണാകുളം അതിരൂപതാ സഹായമെത്രാനായി നിയമിതനായിരിക്കുന്ന മൊററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ മെത്രാൻപട്ടാഭിഷേകം നവമ്പർ 30-ാം തീയതി തിങ്കളാഴ്ച വി. അന്ത്രയോസു് ശ്ലീഹായുടെ തിരുനാളിൽ എറണാകുളത്തുവച്ചു് അത്യുന്നത കർദ്ദിനാൾ തിസ്സെരാങ്ങു് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെടുന്നതാണു്.

നവ. 14-ാംനു- കാലത്തു് തിരുമനസ്സുകൊണ്ടു് വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയുമൊന്നിച്ചു ബോട്ടുമാർഗ്ഗം ഉത്തരിപ്പുറത്തേക്കെഴുന്നള്ളി അവിടെ ഡോക്ടർ അട്ടിപ്പേററി ജൂബിലിസ്മാരകമായി പണിതീർത്തിരിക്കുന്ന ആശുപത്രിയുടെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. ഉച്ചതിരിഞ്ഞു് തിരുമേനി ആലപ്പുഴയിലേക്കു് പുറപ്പെട്ടു. യാത്രാമദ്ധ്യേ തിരുമേനി, എറണാകുളം അതിരൂപതവകയായി ചേർത്തലയിൽ നടത്തിവരുന്ന സെൻറു് ജോസഫ്സ് കുഷ്ഠരോഗാസ്പത്രിയും സേക്രഡ്ഹാർട്ടു് പൂവർ ഹോസ്പിററലും അസ്സീസി ഹോമും സന്ദർശിക്കുകയും കുഷ്ഠരോഗാസ്പത്രിയിൽ പുരുഷന്മാർക്കായിപണികഴിപ്പിച്ചിരിക്കുന്ന പുതിയ വാർഡു ആശീർവ്വദിക്കുകയും ചെയ്തു. 7-45-നു് ആലപ്പുഴെ എത്തിച്ചേർന്ന കർദ്ദിനാൾ തിരുമേനിക്കു് ലിയോതേർട്ടീന്ത് ഹൈസ്കൂൾ ഗ്രൗണ്ട്സിൽവച്ചു് ഗംഭീരമായ ഒരു സ്വീകരണം നൽകപ്പെടുകയുണ്ടായി. 15-ാംനു- കർദ്ദിനാൾ തിരുമേനി കൊല്ലം സന്ദർശനത്തിനായി പുറപ്പെടുന്നതാണു്.




| | |
|---|---|
| Calico red edge | 0—14—0 |
| Leather " | 1— 2—0 |
| Gilt " | 2— 0—0 |

കർമ്മലകുസുമം
മലയാളത്തിലെ
ഏററം മനോഹരമായ മാസിക
വരിസംഖ്യ ആണ്ടിൽ 2ക. മാത്രം
മേലിൽ വത്സരത്തിലെ ഒററപ്രതികളിലൊന്നും നഷ്ടപ്പെടാതിരിക്കുവാൻ ഉടനെ വരിക്കാരായി ചേരുവിൻ.
ഏജൻറന്മാരെ ആവശ്യമുണ്ടു്.
മാനേജർ, കർമ്മലകുസുമം, മാന്നാനം

സഭാചരിത്രപംക്തി (5)

# പ്രഥമ മതപീഡനം

(പ്രഫസ്സർ പി. ടി. തോമസ് എം. എ.)

വിശ്വാസികളുടെ എണ്ണം വർദ്ധിച്ചുവരുന്നതുകണ്ട് യഹൂദപുരോഹിതന്മാരും ഫരിസ്യന്മാരും പരിഭ്രാന്തചിത്തരായിത്തീർന്നു. വി. പത്രോസിനേയും വി. യോഹന്നാനേയും അവർ പരമാധികാരസംഘത്തിന്റെ മുമ്പിൽ ഹാജരാക്കി മേലാൽ യേശുവിന്റെ നാമത്തിൽ പ്രസംഗിക്കുന്നതായാൽ കഠിനമായ ശിക്ഷകൾക്കു വിധേയരാകേണ്ടിവരുമെന്നുള്ള ഒരു കർശനമായ താക്കീതോടുകൂടി സംഘം അവരെ വിട്ടയച്ചു. അധികം താമസിയാതെ അപ്പസ്തോലന്മാർ ഒന്നടങ്കം ബന്ധനസ്ഥരാകയും സംഘത്തിന്റെ മുൻപിൽ ആനീതരാകയും ചെയ്തു. അപ്പസ്തോലന്മാരുടെ ജീവനും തിരുസ്സഭയുടെ ഭാവിഭാഗധേയവും ത്രാസിൽ തൂങ്ങിനിന്ന ആ വിപത്സന്ധിയിൽ പരമാധികാരസമിതിയിലെ നിയമവിശാരദനും സർവ്വാദരണീയനുമായ ഗമാലിയേൽ എന്ന പ്രമുഖാംഗം സഹാംഗങ്ങളോട് ഇപ്രകാരം പറഞ്ഞു: "ഇവർ സമാരംഭിച്ചിട്ടുള്ള ജോലി കേവലം മാനുഷികമാണെങ്കിൽ അതു താനേ നാമാവശേഷമായിക്കൊള്ളും. നേരെമറിച്ച് അതു ദൈവികമാണെങ്കിൽ നിങ്ങൾക്ക് അതിനെ നശിപ്പിക്കുവാൻ സാദ്ധ്യമല്ല." ഗമാലിയേലിന്റെ വാക്കുകൾ ഒരു ദീർഘദർശനംപോലെ നിറവേറി എന്നുള്ളതു് തിരുസ്സഭയുടെ ഇദാനീന്തനചരിത്രം തെളിയിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ യുക്തിയുക്തമായ അഭിപ്രായം അപ്പസ്തോലന്മാരുടെ ജീവനെ രക്ഷിച്ചു എങ്കിലും ഏറ്റം നീചവും മൃഗീയവുമായ ദണ്ഡനം ഏല്പിച്ചശേഷം മാത്രമാണ് അവരെ വിട്ടയച്ചതു്. പത്രോസും യോഹന്നാനും പഴയപടി യഹൂദദൈവാലയത്തിലും യഹൂദഭവനങ്ങളിലും യേശുവിനെപ്പററി പ്രസംഗിച്ചു. ദണ്ഡനം അവരുടെ ഉന്മേഷത്തേയും തീക്ഷ്ണതയേയും പൂർവ്വവൽ പ്രവൃദ്ധമാക്കുകമാത്രമാണു ചെയ്തതു്.

അപ്പസ്തോലന്മാർ നിയമിച്ച ഏഴു ഡീക്കന്മാരിൽ തീക്ഷ്ണമതികളായ രണ്ടുപേരുണ്ടായിരുന്നു. സ്തീഫാനും ഫിലിപ്പും. ഫിലിപ്പിനെപ്പററി പിന്നീടു നമുക്കു കേൾക്കാൻ അവസരമുണ്ടു്. സ്തീഫാൻ വിശ്വാസത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞവനായിരുന്നു. ഗ്രീക്കുഭാഷ സംസാരിക്കുകയും ഗ്രീക്കുസംസ്കാരം സ്വീകരിക്കുകയും ചെയ്തിരുന്ന യഹൂദഗണത്തിൽപ്പെട്ട ഒരാളായിരുന്നു സ്തീഫാൻ. ഈ യഹൂദപ്രവാസികൾ ഹെല്ലനിസ്റ്റുസ് (Hellenists) എന്ന പേരിലാണ് അറിയപ്പെടുന്നതു്. യഥാർത്ഥ ഗ്രീക്കുവംശജരെ Hellenes എന്നും വിളിക്കുന്നു. ഇങ്ങനെ ഗ്രീക്കുസംസ്കാരം സമാർജ്ജിച്ചിരുന്ന അനവധി യഹൂദപ്രവാസികൾ അക്കാലത്തു് യരുശലേമിൽ താമസിക്കുന്നുണ്ടായിരുന്നു. ഇവരെ മാനസാന്തരപ്പെടുത്തുന്നതിലാണ് സ്തീഫാൻ വ്യാപൃതനായതു്. തീക്ഷ്ണമായ ഭഷയിൽ സ്തീഫാൻ ജനങ്ങളോടു പ്രസംഗിച്ചു ഫരിസ്യരുടെ ഹൃദയകാഠിന്യത്തെ അയാൾ ആഗ്നേയശൈലിയിൽ അപലപിച്ചു കോപാവേശം പൂണ്ട ഫരിസ്യർ നിയമത്തിന്റെ സാധാരണമുറകൾപോലും ഗണ്യമാക്കാതെതന്നെ സ്തീഫാനെ പിടികൂടി കല്ലെറിഞ്ഞു കൊന്നു. അങ്ങനെ തിരുസ്സഭയിലെ പ്രഥമരക്തസാക്ഷിയാകുവാനുള്ള ഭാഗ്യം സ്തീഫാനു സിദ്ധിച്ചു.

ആ വധരംഗത്തു് സ്തീഫാനെ കല്ലെറിഞ്ഞവരുടെ പുറംകുപ്പായങ്ങൾ കാത്തുസൂക്ഷിച്ചുകൊണ്ട് ഒരു യുവാവ് നിന്നിരുന്നു. ക്രിസ്ത്യാനികളെ സംഹരിക്കുവാൻ അക്ഷീണയത്നം ചെയ്തുകൊണ്ടിരുന്ന ഈ ആളിന്റെ പേർ സാവൂൾ എന്നായിരുന്നു. ക്രിസ്ത്യാനികളെ അവരുടെ രഹസ്യസങ്കേതങ്ങളിൽ ചെന്നു തേടിപ്പിടിക്കുക, പ്രാണരക്ഷാർത്ഥം മററു നഗരങ്ങളിലേക്കു പലായനം ചെയ്യുന്ന ക്രിസ്ത്യാനികളെ പിന്തുടന്നു ബന്ധനസ്ഥരാക്കി യരുശലേമിലേക്കു കൊണ്ടുവന്നു ദണ്ഡനാധികാരികളെ ഏല്പിക്കുക മുതലായ കൃത്യങ്ങൾ ഏറ്റം ശുഷ്കാന്തിയോടുകൂടി അയാൾ നിർവ്വഹിച്ചുവന്നു.

ബെഞ്ചമിന്റെ ഗോത്രത്തിൽപ്പെട്ട സാവൂൾ സിലിഷ്യയിലെ ടാർഷസ്സ് നഗരത്തിൽ ജനിച്ചു അവിടെ ജനിച്ചതുകൊണ്ടുതന്നെ അയാൾക്കു റോമൻ പൗരത്വവും കരസ്ഥമായി. വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം അയാൾ യരുശലേമിലേക്കുപോയി. അവിടെ ഗമാലിയേലിന്റെ കീഴിൽ യഹൂദനിയമം അഭ്യസിച്ചു. കൂടാരംപണികൊണ്ടു നിത്യവൃത്തി കഴിച്ചുവന്ന സാവൂളിനു് ഒരു നിയമപണ്ഡിതനാകണമെന്നായിരുന്നു മോഹം. യഹൂദനിയമത്തോടുള്ള അതിരുകടന്ന പ്രതിപത്തി അയാളെ രൌദ്രമൂർത്തിയായ ഒരു ക്രിസ്തുമതവിരോധിയാക്കിത്തീർത്തു.

എന്നാൽ സാവൂളിനെ ഇന്നു ക്രൈസ്തവലോകം പ്രമുഖനായ ഒരപ്പസ്തോലനും ആദിമസഭയുടെ പ്രധാനസംരക്ഷകനും ത്യാഗമൂർത്തിയായ പ്രേഷിതനുമായി ബഹുമാനിക്കുന്നു. പൗലോസ് എന്ന അപരനാമത്തിലാണ് അദ്ദേഹം പ്രഖ്യാതനായിത്തീർന്നിട്ടുള്ളതു്. ക്രിസ്ത്യാനികളെ പിടിപ്പിക്കുന്നതിനുവേണ്ടി യഹൂദപ്രധാനാചാര്യന്റെ പക്കൽനിന്നും അധികാരപത്രവും വാങ്ങിക്കൊണ്ടു് ഡമാസ്കസ്സിലേക്കു് അശ്വാരൂഢനായി യാത്രചെയ്തിരുന്ന സാവൂളിനു് ക്രിസ്തുനാഥന്റെ ദർശനമുണ്ടായതും, നിമിഷമാത്രയിൽ അയാൾ മാനസാന്തരപ്പെട്ടതുമായ സംഭവങ്ങൾ പ്രസിദ്ധങ്ങളാണ്. മൂന്നുദിവസം കഴിഞ്ഞു അനനിയാസ് എന്ന ആളിൽനിന്നും സാവൂൾ ജ്ഞാനസ്നാനം സ്വീകരിച്ചു. ഇതെല്ലാം സംഭവിച്ചതു 34 A. D. യിലാണ്. കുറേനാൾ ഡമാസ്കസ്സിലെ യഹൂദദൈവാലയങ്ങളിൽ പൗലോസ് പ്രസംഗിച്ചു. അതിനുശേഷം അറേബിയയിലേക്കു പിൻവാങ്ങി. ആ രാജ്യത്തിന്റെ ഏകാന്തതയിൽ ഭാവിയിലെ പ്രേഷിതവൃത്തിക്കു വേണ്ടതായ ആത്മചൈതന്യവും മാനസികപക്വതയും പൗലോസ് സമ്പാദിച്ചു. അതിനുശേഷം അദ്ദേഹം യരുശലേമിലേക്കുപോയി. അങ്ങനെ പീഡകൻ അപ്പസ്തോലനായിട്ടാണ് മടങ്ങിയെത്തിയതു്. അവിടെ പത്രോസിനോടുകൂടി പതിനഞ്ചുദിവസം കഴിച്ചുകൂട്ടി. ക്രൈസ്തവവിരോധികളായ യഹൂദരിൽനിന്നും ജീവനാശം സംഭവിക്കുമെന്നുകണ്ടു് അദ്ദേഹം നഗരത്തിൽനിന്നും പോയി. അടുത്ത പത്തുപതിനൊന്നു സംവത്സരം സിറിയായിലും സിലിഷ്യയിലും കഴിച്ചുകൂട്ടി.

പ്രേഷിതരംഗത്തു് വി. പൗലോസിനുണ്ടായ മഹനീയമായ നേട്ടങ്ങൾ പിന്നാലെ വിവരിക്കുന്നതാണ്. തിരുസ്സഭയുടെ വളർച്ചയ്ക്കു ഇത്രമാത്രം സംഭാവനചെയ്തിട്ടുള്ള ഒരു വ്യക്തി വേറെയില്ല. ടാർസസ്സ് എന്ന ഗ്രീക്കുനഗരത്തിൽ റോമൻപൗരനായി ജനിച്ചുവളർന്ന ഒരു യഹൂദനായിരുന്നു പൗലോസ്. അതുകൊണ്ടു് അക്കാലത്തെ ഏററം പ്രധാനപ്പെട്ട മൂന്നു സംസ്കാരങ്ങളോട്—യഹൂദ ഗ്രീക്ക് റോമൻ സംസ്കാരങ്ങളോട്—അദ്ദേഹത്തിനു് ഉററബന്ധമുണ്ടായിരുന്നു. ഈ മൂന്നു സംസ്കാരങ്ങളിലുംപെട്ട ജനങ്ങളുടെ ഹൃദയത്തെ സ്പർശിക്കുന്നതിനും അവരെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു യഹൂദദേശത്തെ മണ്ണിൽ വേരൂന്നിനിന്നിരുന്ന ക്രിസ്തുമതത്തെ വിസ്തൃതമായ ഒരു ചരിത്രരംഗത്തിലേക്ക്—ഗ്രേക്കോ റോമൻ സംസ്കാരങ്ങളുടെ മദ്ധ്യത്തിലേക്ക്—ആനയിച്ചതും അവിടെ അതിനു സ്ഥിരപ്രതിഷ്ഠ നേടിക്കൊടുത്തതും വി. പൗലോസാണ്. "പുറജാതികളുടെ അപ്പസ്തോലൻ" എന്ന പേര് വി. പൗലോസിനെ സംബന്ധിച്ചിടത്തോളം തികച്ചും അന്വർത്ഥമാണ്.

തിരുസ്സഭയിലെ പ്രഥമ ദൈവശാസ്ത്രപണ്ഡിതനും അദ്ദേഹമായിരുന്നു. വിശ്വവിഖ്യാതങ്ങളായ പതിന്നാലുലേഖനങ്ങൾ വി. പൗലോസിന്റേതായി നമുക്കു ലഭിച്ചിട്ടുണ്ട്. ഏററം പുരാതനമായ ക്രൈസ്തവകൃതികൾ എന്നുള്ളതിനുപുറമേ പ്രസ്തുതലേഖനങ്ങൾ ദൈവശാസ്ത്രത്തെയും ക്രൈസ്തവതത്വങ്ങളേയും സംബന്ധിച്ചുള്ള ഉൽകൃഷ്ടചിന്തകളുടെ ഒരു ദിവ്യഭണ്ഡാഗാരവുമാണ്.

അങ്ങനെ യരുശലേമിൽ നടന്ന പ്രഥമമതപീഡനം ആ പിഞ്ചുസഭയെ വളരെ കഠിനമായ യാതനകൾക്കു വിധേയമാക്കിയെങ്കിലും അതിൽനിന്നും ചില നേട്ടങ്ങളും ഉണ്ടാകാതിരുന്നില്ല. ഏററം വലിയ നേട്ടം ആദ്യം മതപീഡകനായിട്ടും പിന്നീട് പ്രേഷിതനായിട്ടും വി. പൗലോസിനെ രംഗപ്രവേശം ചെയ്യിച്ചു എന്നുള്ളതാണ്. രണ്ടാമതു് ക്രിസ്ത്യാനികൾക്ക് വിശ്വാസദാർഢ്യവും ഒരു പ്രത്യേകതത്വസംഹിതയാൽ പരസ്പരം ബന്ധിതരായ ഒരു ബലിഷ്ഠസമൂഹമാണെന്നുള്ള ബോധവും അതു പ്രദാനം ചെയ്തു. മൂന്നാമതു് യരുശലേമിനു പുറത്തുള്ള പ്രദേശങ്ങളിലേക്കു് ക്രിസ്തുമതം പ്രചരിക്കുന്നതിനു് ഈ മതപീഡനം സഹായിച്ചു. ഫരിസ്യരിൽനിന്നുണ്ടായ ഉപദ്രവങ്ങളെ ഭയന്നു് യരുശലേമിലെ ക്രിസ്ത്യാനികൾ വിദൂരദേശങ്ങളിലേക്കു പലായനം ചെയ്തു. അവർ ചെന്നെത്തിയ സ്ഥലങ്ങളിലെല്ലാം പുതിയ വിശ്വാസം പ്രചരിപ്പിക്കയും യഹൂദപ്രവാസികളുടെയും പുറജാതികളുടെയും ഇടയ്ക്കു് പുതിയ ക്രിസ്തീയസമൂഹങ്ങൾ രൂപംപ്രാപിക്കയും ചെയ്തു.

---

വിമർശനവീഥി

# തിരുക്കൊച്ചിയിലെ രാഷ്ട്രീയം— മന്ത്രി പനമ്പിള്ളിയുടെ വിശകലനം

ഇന്നത്തെ തിരുകൊച്ചി രാഷ്ട്രീയത്തെപ്പററി കോൺഗ്രസ്സ് ഗവമ്മെൻറിനെതിരായി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഇടതുപക്ഷപാർട്ടികൾ അനേകം അപവാദങ്ങൾ നാട്ടിൽ അങ്ങോളമിങ്ങോളം പറഞ്ഞു പരത്തിക്കൊണ്ടിരിക്കയാണല്ലോ. അവയ്ക്കെല്ലാം തക്കമറുപടി മന്ത്രി ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ തിരുവനന്തപുരത്തുള്ള പഴവങ്ങാടിമൈതാനത്തു കൂടിയ കോൺഗ്രസ്സ് പ്രചരണയോഗത്തിൽ ചെയ്ത പ്രസംഗത്തിൽ നൽകിയിട്ടുണ്ട്. അതിലെ സംഗതമായ ഭാഗങ്ങൾ അദ്ദേഹത്തിന്റെ വാക്കുകളിൽത്തന്നെ സന്തോഷത്തോടുകൂടി ഞങ്ങളുദ്ധരിച്ചുകൊള്ളുന്നു.

സ്വാതന്ത്ര്യം കിട്ടി ഇത്രയും നാൾ കഴിഞ്ഞിട്ടും ഇവിടത്തെ ക്ഷാമം നീക്കുവാൻ കോൺഗ്രസ്സ് ഗവമ്മെൻറിനു് കഴിഞ്ഞില്ലെന്നും കമ്മ്യൂണിസ്റ്റ് ഗവമ്മെൻറായിരുന്നെങ്കിൽ കഴിയുമായിരുന്നെന്നും പറയുന്ന ആക്ഷേപങ്ങൾക്ക് അദ്ദേഹം ഇങ്ങനെ മറുപടിനൽകി.

### റഷ്യൻകമ്മ്യൂണിസ്റ്റ് ഭരണത്തിലും ആദ്യം ക്ഷാമമായിരുന്നു

പലരും, കമ്മ്യൂണിസ്റ്റുകാർപോലും, ദിവാൻഭരണം ഇന്നത്തേതിൽനിന്നും എത്ര ഭേദമായിരുന്നുവെന്നു് പറയാറുണ്ട്. അന്നു 12 ഔൺസ് റേഷൻ കിട്ടിക്കൊണ്ടിരുന്നെന്നും അവർ പ്രസംഗിക്കാറുണ്ടു്. പക്ഷെ സ്വാതന്ത്ര്യലബ്ധിയോടുകൂടി റഷ്യയിലും വലിയ ക്ഷാമമുണ്ടായി. ഞാൻ കുററപ്പെടുത്താൻ പറയുകയല്ല. ഒരന്തരാളഘട്ടത്തിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടാകാതെ തരമില്ല. അതു് ഇന്ത്യയിലെപ്പോലെ ചെറുതാകാം, റഷ്യയിലെപ്പോലെ വലുതാകാം, എന്നുമാത്രമേ വ്യത്യാസമുള്ളു. റഷ്യ ഒരു ഭൂലോകസ്വർഗ്ഗമാണെന്നും, ഒരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭയോ അവർ പിന്നിൽനിന്നു താങ്ങിക്കൊടുക്കുന്ന മന്ത്രിസഭയോ ഇവിടെ ഉണ്ടായാൽ എല്ലാ കുഴപ്പവും തീരുമെന്നും കമ്മ്യൂണിസ്റ്റുകാർ പറയുന്നുണ്ട്. എന്നാൽ അവരുടെ ഭൂലോകസ്വർഗ്ഗമായ റഷ്യയിൽ നടന്നതെന്താണു്? 1917-ലെ ഒക്ടോബർ വിപ്ലവത്തോടുകൂടി റഷ്യക്കു സ്വാതന്ത്ര്യം ലഭിച്ചു ഭരണം കമ്മ്യൂണിസ്റ്റു പാർട്ടിക്കു കിട്ടി. സ്വാതന്ത്ര്യം കിട്ടി ആറുകൊല്ലത്തിനുശേഷമുള്ള റഷ്യയുടെ സ്ഥിതി ഓർക്കുക. അതിനോടുവേണം ഇന്നത്തെ ഇൻഡ്യയെ ഉപമിക്കുവാൻ. ഇൻഡ്യയെ റഷ്യയോടു ഉപമിക്കുന്നവർ പ്രത്യേകം ഓർക്കേണ്ടതാണിതു. 1953-ലെ ഇൻഡ്യയെ 1923-ലെ റഷ്യയോടാണ് ഉപമിക്കേണ്ടതു്. അക്കാലത്തെ റഷ്യയുടെ സ്ഥിതി എന്തായിരുന്നുവെന്നു് കമ്മ്യൂണിസ്റ്റുകാരുടെ പ്രസ്താവനകളിൽ നിന്നുതന്നെ വ്യക്തമാകുന്നുണ്ട്.

### റഷ്യയിലും പട്ടിണികൊണ്ട് ലക്ഷക്കണക്കിനു മരിച്ചു

ഇവിടെ പട്ടിണിമരണങ്ങളുണ്ടായി എന്നു ചിലർ ബഹളം കൂട്ടുന്നുണ്ടു. കഴിഞ്ഞ നിയമസഭയിൽ എന്റെ സ്നേഹിതന്മാരായ ദിവാകരനും അച്യുതമേനോനും പറഞ്ഞു ആരോ ഒരാൾ പട്ടിണിമൂലം കുഞ്ഞുങ്ങളെ കിണററിലിട്ടതിനുശേഷം ആത്മഹത്യചെയ്തു എന്നു്. ഈ രാജ്യത്തു് പട്ടിണി ഉണ്ടു്. ഈ നാട്ടിൽ വിശക്കുന്നവരുണ്ട്. പട്ടിണി നിശ്ശേഷം മാററാൻ കഴിയാത്ത പരിതസ്ഥിതിയുണ്ടു്. തന്മൂലം അതൃപ്തിയുമുണ്ട്. ഈ അവസ്ഥയിൽ ഏററവും അധികം അതൃപ്തിയുള്ള ഒരാൾ കോൺഗ്രസ്സിന്റെ പ്രസിഡണ്ട് ശ്രീ നെഹ്റുവാണ്. ഈ പരിതസ്ഥിതി മാറുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. മാറിക്കൊണ്ടിരിക്കുന്നുമുണ്ട്. വിപ്ലവത്തിനുശേഷമുള്ള റഷ്യയിൽ ലക്ഷക്കണക്കിനാളുകൾ പട്ടിണികൊണ്ടു മരിച്ചു. അന്നു് ലെനിനും സ്റ്റാലിനും പറഞ്ഞതു് പട്ടിണികൊണ്ടു് എത്രലക്ഷംപേർ മരിച്ചാലും വേണ്ടില്ല, റഷ്യയിലെ വ്യവസായങ്ങളും കൃഷിയും വളർത്തുകയാണ് വേണ്ടതെന്നാണ്. പുറത്തുനിന്നു ഭക്ഷണസാധനങ്ങൾ കൊണ്ടുവരാൻ അവർ തയ്യാറായില്ല. മോസ്കോയിലേയും ലെനിൻഗ്രാഡിലേയും ഭയങ്കരതണുപ്പിൽ നിന്നു മാറു സൂക്ഷിക്കുന്നതിനു അരമുണ്ടു തുണിപോലും കിട്ടാതെ ലക്ഷക്കണക്കിനു ആളുകൾ മരിച്ചു കെട്ടിപ്പിടിച്ചു മഞ്ഞുകട്ടകളിൽക്കൂടി നടക്കുന്നതിനു പൊളിഞ്ഞ ഷൂസിന്റെ കഷണങ്ങൾപോലും കിട്ടാതെ ലക്ഷക്കണക്കിനാളുകൾ മരിച്ചു. കൊടുംതണുപ്പിൽ ആകാശത്തിനും ഭൂമിക്കും ഇടയ്ക്കു് കയറിനില്ക്കുവാൻ ഒരു കൂരപ്പുരപോലും കിട്ടാതെ ലക്ഷക്കണക്കിനാളുകൾ റഷ്യയിൽ മരിച്ചു. അതിൽ ഞാനാരെയും കുററപ്പെടുത്തുന്നില്ല. ഒരന്തരാളഘട്ടത്തിൽ ചില വ്യത്യാസങ്ങൾ ഉണ്ടാകാതെ നിവൃത്തിയില്ല. ഭൂമികുലുക്കം ഉണ്ടാകുന്നതിനെപ്പററി ഹിന്ദുക്കളുടെയിടയിൽ ഒരു വിശ്വാസമുണ്ട്. ഭൂമിയെ താങ്ങിനില്ക്കുന്ന അനന്തന്റെ ഒരു തോളിൽനിന്നു മറെറാന്നിലേക്കു ഭൂമിയെ മാററുമ്പോഴാണു് ഭൂമികുലുക്കമുണ്ടാകുന്നതെന്നും പറയാറുണ്ട്. അതുപോലെ ഈ രാജ്യത്തെ ഭരണം ഒരു വിദേശശക്തിയുടെ തോളിൽനിന്ന് ദേശീയശക്തിയുടെ തോളിലേക്കു മാറിയ അന്തരാളഘട്ടത്തിൽ ചില കുലുക്കങ്ങൾ, ബുദ്ധിമുട്ടുകൾ, ഉണ്ടായെങ്കിൽ അതിലത്ഭുതപ്പെടാനില്ല.

### പഞ്ചവത്സരപദ്ധതിയെ കമ്മ്യൂണിസ്റ്റുകാർ എതിർക്കുന്നു

ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും സാമ്പത്തികഭദ്രത ഉണ്ടാക്കുന്നതിനും എന്താണു മാർഗ്ഗമെന്നു കോൺഗ്രസ് ഗവമ്മെൻറു് ആലോചിച്ചു. പ്ലാനിംഗ് കൊണ്ടല്ലാതെ ഈ രാജ്യത്തിനു രക്ഷയില്ലെന്നു് നെഹ്റു തീരുമാനിച്ചു. അതിന്റെ ഫലമായിട്ടാണു് പഞ്ചവത്സരപദ്ധതി രൂപവൽക്കരിച്ചതു്. പഞ്ചവത്സരപദ്ധതിയെന്നു കേൾക്കുമ്പോൾ കോൺഗ്രസ്സിന്റെ എതിരാളികൾക്കു് വലിയ ഹാലിളക്കമാണ്. എത്ര ആലോചിച്ചിട്ടും അതെന്തിനാണെന്നു മനസ്സിലാകുന്നില്ല. റഷ്യയിൽ ഇന്നു ആറാമത്തെ പഞ്ചവത്സരപദ്ധതിയാണു നടപ്പിലിരിക്കുന്നതു്. അടുത്തകാലത്തു് ഞാൻ ചെക്കോസ്ലോവാക്കിയ സന്ദർശിച്ചപ്പോൾ അവിടെ ഫാക്ടറികളുടെ വാതുക്കലും ഗവമ്മെൻറു് ആഫീസുകളുടെ ഭിത്തികളിലും 5 എന്നുള്ള അക്കം വലിയ അക്ഷരത്തിൽ എഴുതിയതു കാണുകയുണ്ടായി. അതെന്താണെന്നു് ഞാനെന്റെ കമ്മ്യൂണിസ്റ്റു സുഹൃത്തിനോടു ചോദിച്ചു. അവിടെ ഒരു പഞ്ചവത്സരപദ്ധതി നടപ്പിലിരിക്കുകയാണെന്നും അതിന്റെ പ്രാധാന്യം ജനങ്ങളെ എപ്പോഴും അനുസ്മരിപ്പിക്കുവാനാണ് ഇപ്രകാരം എഴുതിയി

രിക്കുന്നതെന്നുമാണു് അദ്ദേഹം പറഞ്ഞതു്.

സ്വന്തം മാതൃഭൂമിയിൽമാത്രം കമ്മ്യൂണിസ്റ്റുകാർ പഞ്ചവത്സരപദ്ധതിയെ എതിർക്കുകയാണു്. നിയമസഭയിൽ കമ്മ്യൂണിസ്റ്റുകാർ പറഞ്ഞു പഞ്ചവത്സരപദ്ധതി പൊളിയുകയേയുള്ളുവെന്നൊക്കെ. അതു പറയുമ്പോൾ അവർക്കൊരു പ്രത്യേകം സന്തോഷം തന്നെയില്ലേ എന്നെനിക്കു തോന്നിപ്പോയി. ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരുടെ "നവലോകം" പത്രത്തിൽ കുറച്ചുകാലംമുൻപു് ഞാനൊരു വാർത്ത കണ്ടു. "വോൾഗാഡോൺ കനാൽ പൂർത്തിയായി" എന്നു്. അതു അച്ചടിച്ച അക്ഷരത്തിൻെറ വലിപ്പംകണ്ടു ഞാനല്പം പരിഭ്രമിച്ചു. വോൾഗായും ഡോണുംതമ്മിൽ ബന്ധിക്കുന്ന ഒരു തോടു് അവിടെ പൂർത്തിയായി എന്നറിഞ്ഞപ്പോൾ നവലോകത്തിൻെറ കമ്മ്യൂണിസ്റ്റു് പത്രാധിപർക്കു് രോമാഞ്ചമുണ്ടായി. അതിൻെറ ഫലമാണു് വലിയ അക്ഷരങ്ങൾ തപ്പിയെടുത്തു അച്ചുക്കൂട്ടത്തിലെ മഷി മുഴുവൻ ഉപയോഗിച്ചു് അതു പത്രത്തിൽ അടിച്ചുവിട്ടതു്. നമ്മുടെ രാജ്യത്തു വോൾഗപോലുള്ള വലിയ നദികളില്ല. ഉണ്ടാക്കാൻ സാദ്ധ്യവുമല്ലല്ലോ. പക്ഷെ ഒട്ടേറെ ചെറിയ നദികളുണ്ടു്. അവയിൽ ഒട്ടേറെ അണക്കെട്ടുകളും ഒട്ടേറെ തോടുകളും ഇവിടെ പൂർത്തിയാകുന്നുണ്ടു്. നെയ്യാർ, പീച്ചി, ചാലക്കുടി, പെരിഞ്ഞാണി, വാഴാനി തുടങ്ങിയ പദ്ധതികൾ കോൺഗ്രസ്സു് ഗവമ്മെൻറു് പൂർത്തിയാക്കുന്നു. അതൊന്നും കേട്ടാൽ നമ്മുടെ സഖാക്കൾക്കു് രോമാഞ്ചം കൊള്ളാൻ കഴിവില്ല. ഇതൊക്കെ നശിക്കും, തുലയും, പൊളിയുമെന്നാണു് അവർക്കു പറയാനുള്ളതു്. റഷ്യയിലെ ആദ്യത്തെ പഞ്ചവത്സരപദ്ധതി ഭീമമായ പരാജയമായിരുന്നു. ഈ രാജ്യത്തിപ്പോൾ 155 നദീതടപദ്ധതികൾ നടക്കുന്നുണ്ടു്. ഞാനിയിടെ പോളൻറു് സന്ദർശിച്ചു. അവിടെ ആറാം പഞ്ചവത്സരപദ്ധതിയാണു് നടന്നുവരുന്നതു്. റഷ്യയിൽനിന്നു കൊണ്ടുവരുന്ന യന്ത്രങ്ങൾ കൂട്ടിച്ചേർത്തു് കാറുകൾ ഉണ്ടാക്കുന്ന ഒരു ഫാക്ടറി, ആ പദ്ധതിയിൽ പെട്ടതു്, ഞാൻ കാണുകയുണ്ടായി; ഇൻഡ്യയിൽ ആ വിധത്തിലുള്ള ഫാക്ടറികൾ എത്ര വർഷംമുമ്പേ ആരംഭിച്ചുവെന്നു് നിങ്ങൾക്കറിയാം.

### നിയമസഭ പോയിട്ടും മന്ത്രിസഭ ഭരിക്കുന്നതെന്തുകൊണ്ടു്?

1953 സെപ്റ്റംബർ 23-ാം നു- വിശ്വാസപ്രമേയം പരാജയപ്പെടുകയും അന്നു രാത്രി രാജപ്രമുഖൻ നിയമസഭ പിരിച്ചുവിടുകയുംചെയ്തു. അന്നാകപ്പാടെ ഒരു പാലാഴിമഥനംതന്നെയായിരുന്നു. പലരൂപത്തിലുമുള്ള വാർത്തകൾ പത്രങ്ങളിൽ വന്നുകൊണ്ടിരുന്ന അവസരമാണതു്. തിരു-കൊച്ചിയിലെ 186 ലക്ഷം കണ്ണുകളും ശ്രീ പട്ടം താണുപിള്ളയെ ഉററുനോക്കുന്നുവെന്നു് അന്നു് ഒരു പത്രത്തിൽ കാണുകയുണ്ടായി. അന്നത്തെ ബഹളത്തിനിടയിൽ നടന്ന പല സംഭവങ്ങളും പലരും വേണ്ടുംവണ്ണം ധരിച്ചിട്ടില്ല. തിരുതകൃതിയായി നടന്ന ആലോചനകൾ വിജയിക്കുകയല്ല ഉണ്ടായതെന്നു് നിയമസഭയിൽ തെളിഞ്ഞു. പത്താളുകളുള്ള പി. എസ്സ്. പി. യിലെ ഒരു നേതാവായ ബാലകൃഷ്ണമേനോൻ നിയമസഭയിൽ ചെയ്ത പ്രസംഗം അന്നു് അവിടെ ഉണ്ടായിരുന്നവരിൽതന്നെ പലരും ശ്രദ്ധിച്ചുകാണുകയില്ല. തിരു-കൊച്ചിയിലെ രാഷ്ട്രീയ കുഴപ്പത്തിനുള്ള ഏക ഔഷധം ഒരു പൊതുതിരഞ്ഞെടുപ്പാണെന്നും പി. എസ്സ്. പി. അതിനുവേണ്ടിയാണു് നിലകൊള്ളുന്നതെന്നുമാണു് ബാലകൃഷ്ണമേനോൻ അന്നു പറഞ്ഞതു്.

അവർ ഒരു കൂട്ടമന്ത്രിസഭയ്ക്കു തയ്യാറായിരുന്നില്ല; 9 പേരുള്ള തമിഴ്നാട്ടുകാരും ഐ. മു. വുമായി ചേരാൻ തയാറില്ലായിരുന്നു. 5 സഹയാത്രക്കാരുൾപ്പെടെ 37 പേരുള്ള ഐ. മു വിൻെറ നേതാവു് ടി. വി. തോമസ് ഭരണമേല്ക്കാമെന്നു രാജപ്രമുഖനു് ഒരു കത്തെഴുതിയതു് ശരിയാണു്. അതുമാത്രമാണു് നടന്നതു്. തിരു-കൊച്ചി ഒരു കളിക്കോപ്പല്ല. 47 പേരുള്ള പാർട്ടി പരാജയപ്പെട്ടിടത്തു 32 പേരുള്ള കൂട്ടിപ്പാർട്ടിക്കു ഭരിക്കാൻ അവസരം നൽകാത്തതാണോ രാജപ്രമുഖൻ ചെയ്ത തെററു? നിയമസഭ പിരിച്ചുവിട്ടിട്ടും മന്ത്രിസഭ തുടരുന്നതിലാണു് പിന്നത്തെ ആക്ഷേപം. ജെന്നിംഗ്സും കീത്തും മററും പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇവിടെ പറയുന്നില്ല. കമ്മ്യൂണിസ്റ്റു് നേതാവായ ഇ. എം. എസ്സ്. ഒരു കൂട്ടമന്ത്രിസഭ വേണമെന്നു പറഞ്ഞു. ഐ. മു. മുക്കൂട്ടിലെ കൂട്ടുകെട്ടുകാരായ കെ. എസ്സ്. പി യുടെ നേതാവു മത്തായി മാഞ്ഞൂരാൻ കൂട്ടമന്ത്രിസഭ അസംബന്ധവും ജനാധിപത്യവിരുദ്ധവുമാണെന്നും ഇവിടെ പ്രസിഡൻറുഭരണം വരണമെന്നും പറയുന്നു. ആർ. എസ്സ്. പി. ക്കു സുപ്രീം കോടതിയിലെ ജഡ്ജിമാർ വന്നു് ഇവിടെ തിരഞ്ഞെടുപ്പുനടത്തണം. എൻെറ ഭഗവാനേ, ഇവരുടെ കൈയിൽ ഭരണം വന്നാൽ എന്തെല്ലാം നടക്കും. സുപ്രീംകോടതി ജഡ്ജിമാർ തിരഞ്ഞെടുപ്പു നടത്തിയതായി കേട്ടുകേൾവിപോലുമില്ല.

### പി. എസ്സ്. പി. - ഐ. മു സഖ്യത്തിൽ ഭയപ്പെടാനില്ല

വരുന്ന തിരഞ്ഞെടുപ്പിൽ ത്രികോണമത്സരം ഒഴിവാക്കുന്നതിനായി പി. എസ്സ്. പി. മററു ഇടതുപക്ഷങ്ങളുമായി യോജിക്കുന്നതിനു നാഷണൽ എക്സിക്യൂട്ടീവു് തീരുമാനിച്ചതായി പത്രങ്ങളിൽ കാണുകയുണ്ടായി. അങ്ങനെ അവർ യോജിക്കുകയാണെങ്കിൽ അതു തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ യാതൊരു തരത്തിലും ബാധിക്കുകയില്ലെന്നു മാത്രമല്ല അതുകൊണ്ടു് കോൺഗ്രസ്സിനു കൂടുതൽ ഗുണമാണുണ്ടാകാൻ പോകുന്നതെന്നുള്ള വിശ്വാസക്കാരനാണു് ഞാൻ. ചിലർ പറയുന്നതുപോലെ അതു അത്ര വലിയ കാര്യമൊന്നുമല്ല. പി. എസ്സ്. പി. മററു ഇടതുപക്ഷങ്ങളുമായി ഒന്നിച്ചുചേർന്നാൽ ഇവിടെ ഒരു ചുക്കും വരാൻ പോകുന്നില്ല. കഴിഞ്ഞ തിരഞ്ഞെടുപ്പിനുശേഷംമുതൽ നിയമസഭ പിരിച്ചുവിടുന്നതുവരെ ഐക്യമുന്നണിയും പി. എസ്സ്. പി യും യോജിച്ചു വോട്ടുചെയ്തു എന്നുള്ളതിൽ കവിഞ്ഞു അവർക്കു ഇവിടെ എന്തുചെയ്യാൻ കഴിഞ്ഞു? പി. എസ്സ്. പി. എന്തിനുവേണ്ടിയാണു് നിലകൊള്ളുന്നതെന്നുപോലും ഇവിടെയുള്ള എല്ലാ പി. എസ്സ്. പി. ക്കാർക്കും അറിഞ്ഞുകൂടാ. താണുപിള്ളസാറെന്നല്ല ഡെമോക്രസിയുടെ കൊടിയുമായി പി. എസ്സ്. പി. യിൽ പ്രവേശിച്ചിട്ടുള്ള പലരും കോൺഗ്രസ്സിൽനിന്നും കൊഴിഞ്ഞുപോയിട്ടുള്ളവരാണു്. റങ്കൂണിൽനടന്ന സോഷ്യലിസ്റ്റു് നേതാക്കന്മാരുടെ കോൺഫറൻസിൽ ഏഷ്യയിലെ ഏററവും വലിയ വിപത്തു കമ്മ്യൂണിസ്റ്റുകാരാണെന്നും റഷ്യയുടെ ചാരന്മാരായി ഇവിടെ പ്രവർത്തിച്ചുവരുന്ന അഞ്ചാംപത്തികളാണവരെന്നും മററുമുള്ള പ്രമേയങ്ങൾ പാസ്സാക്കിയിട്ടു് അതിൻെറ മഷി ഉണങ്ങുന്നതിനുമുമ്പുതന്നെ ഇവിടത്തെ പി. എസ്സ്. പി. ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകാരുമായി സഖ്യത്തിലേർപ്പെട്ടു പക്ഷെ അതിൻെറ ഫലവും കോൺഗ്രസ്സിനനുകൂലമായിട്ടാണു് കലാശിച്ചതു്. അതുകൊണ്ടു് കമ്മ്യൂണിസ്റ്റുകാരുമായുള്ള പി. എസ്സ്. പി. യുടെ ഈ ഐക്യത്തിൽ ഞാൻ അശേഷം ഭയപ്പെടുന്നില്ല. വിഷാദിക്കുന്നുമില്ല. താണുപിള്ളസാർ വിചാരിക്കുന്നതുപോലെ അതിലത്ര പുതുമയൊന്നുമില്ല.

### ഇടതുപക്ഷപാർട്ടികളെ കമ്മ്യൂണിസ്റ്റുപാർട്ടി വിഴുങ്ങും

കമ്മ്യൂണിസ്റ്റുകാർ ഭയങ്കരന്മാരാണു്. പി. എസ്സ്. പി. യോടും ആർ. എസ്സ്. പി. യോടും താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ കമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തനപരിചയമുള്ള ഒരു പാർട്ടിയാണു്. കമ്മ്യൂണിസ്റ്റു് പാർട്ടിയാകുന്ന അഗ്നികുണ്ഡത്തിൻെറ മുമ്പിൽ പി. എസ്സ്. പി. യാകുന്ന മൂട്ടം, കെ. എസ്സ്. പി. യാകുന്ന മിന്നാമിനുങ്ങും, ആർ. എസ്സ്. പി. യാകുന്ന ററാന്തലും നിഷ്പ്രഭങ്ങളാണു്. കമ്മ്യൂണിസ്റ്റുകാരെന്നു പറയുമ്പോൾ ഞാൻ കാണുന്നതു് ടി. വി. തോമസിനെയോ, എം. എൻ. ഗോവിന്ദൻനായരെയോ, അച്യുതമേനോനെയോ അല്ല. അവരെല്ലാം എൻെറ കൈയിലിട്ടു തിരിക്കാവുന്ന വെറും പാവകൾ മാത്രമാണു്. കമ്മ്യൂണിസ്റ്റു് പാർട്ടിയെന്നു പറയുമ്പോൾ ഞാൻ കാണുന്നതു മലങ്കോവിനെയാണു്. കമ്മ്യൂണിസ്റ്റു് ഇൻറർനാഷണലിനെയാണു്. നേതാക്കന്മാരുടെ ആജ്ഞ ലഭിച്ചുകഴിഞ്ഞാൽ ആരെയും കൊല്ലുന്നതിനു മടിക്കാത്ത ഒരു ഭീകരപാർട്ടിയെയാണു് ഞാൻ കാണുന്നതു്. അവരോടു യോജിച്ചു കഴിഞ്ഞുകൂടുന്ന പാർട്ടികളെ ഗ്രസിക്കുകയെന്നുള്ളതാണു് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ലക്ഷ്യം. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുമായി യോജിച്ചതുകാരണം ഇവിടെ ഇപ്പോൾ ആർ എസ്സ്. പി. യും കെ. എസ്സ്. പി യും നാമാവശേഷമായിത്തീർന്നിട്ടുണ്ടു്. ഒരു ശ്രീകണ്ഠൻനായരോ, ഒരു ദിവാകരനോ, മത്തായി മാഞ്ഞൂരാനോ മററോ കാണും. മററു നേതാക്കന്മാരെല്ലാം കമ്മ്യൂണിസ്റ്റുകാരുടെ വയററിലായിപ്പോയി.

ആർ. എസ്സ്. പി. യുടെ പ്രധാനകേന്ദ്രമായ കൊല്ലത്തു കണ്ടില്ലേ കഴിഞ്ഞ മുനിസിപ്പൽ തിരഞ്ഞെടുപ്പുഫലം. അവിടെ എത്ര സീററുകളാണു് ആർ. എസ്സ്. പി. ക്കു് കിട്ടിയതെന്നു് നിങ്ങൾ ചിന്തിക്കണം. ഇവിടത്തെ ആർ. എസ്സ്. പി. ആകുന്ന ഭീമനും, കെ. എസ്സ്. പി. യും മററും കമ്മ്യൂണിസ്റ്റുപാർട്ടിയാകുന്ന ധൃതരാഷ്ട്രൻെറ ആലിംഗനത്തിൽപ്പെട്ടു തവിടുപൊടിയായിപ്പോയി. ഇപ്പോൾ ഇതാ താണുപിള്ളസാർ പി. എസ്സ്. പി തൂമ്പയുമായി കമ്മ്യൂണിസ്റ്റുകാർക്കു് റോഡു വെട്ടിക്കൊടുക്കുവാൻ വരുന്നു. അദ്ദേഹം വന്നുകഴിഞ്ഞാലുടൻതന്നെ ഞാനദ്ദേഹത്തിനു ഭക്ത്യാദരപുരസ്സരം ഒരു പുസ്തകം കൊടുക്കുവാൻ പോകയാണു്. "ചെക്കോസ്ലോവാക്കിയാ എൻസ്ലേവ്ഡ്" എന്ന പുസ്തകമാണതു്. താണുപിള്ളസാറിനോടു് പലർക്കും മതിപ്പുണ്ടു്. എനിക്കും ഉണ്ടു്. പഴയ ഒരു മനുഷ്യൻ, കൊള്ളാവുന്ന ഒരു മനുഷ്യൻ, തെളിഞ്ഞ മനുഷ്യൻ, തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമരത്തിനു നേതൃത്വം കൊടുത്തിട്ടുള്ള മാന്യൻ. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ തിരുവനന്തപുരം നഗരത്തിൽ പി. എസ്സ്. പി. ക്കു കുറെ വോട്ടുകൾ കിട്ടിയിട്ടുണ്ടു്. അതു താണുപിള്ള വോട്ടോ, പി. എസ്സ്. പി. വോട്ടോ എന്നു എനിക്കറിഞ്ഞുകൂടാ. പക്ഷെ അടുത്ത തിരഞ്ഞെടുപ്പിൽ അവർ കമ്മ്യൂണിസ്റ്റു് ധൃതരാഷ്ട്രരുമായി ഐക്യത്തിലേർപ്പെടുകയാണെങ്കിൽ ആർ. എസ്സ്. പി. ക്കും, കെ. എസ്സ്. പി. ക്കും ഉണ്ടായ അനുഭവംതന്നെയാണു് ഇവിടത്തെ പി. എസ്സ്. പി. ക്കും ഉണ്ടാകാൻ പോകുന്നതു്.

സുസ്ഥിരവും സുശക്തവുമായ ഒരു ഗവർമ്മെൻറു് ഇവിടെ സ്ഥാപിക്കുന്നതിനുവേണ്ടി നിങ്ങളുടെ കാരുണ്യം അടുത്ത തിരഞ്ഞെടുപ്പിൽ ഞങ്ങൾക്കുണ്ടായിരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു അതിനുവേണ്ടി അഭ്യർത്ഥിച്ചുകൊള്ളുന്നു. ഐക്യമുന്നണിയും പി. എസ്സ്. പി. യും യോജിക്കുന്നതിനെക്കുറിച്ചു് ഇവിടെ വലിയ പ്രാധാന്യം ചിലർ കൊടുത്തുകാണുന്നു. ഇവിടെ ഇതേവരെ പി. എസ്സ്. പി. ഐക്യമുന്നണിയിൽതന്നെയായിരുന്നു പ്രവർത്തിച്ചിരുന്നതു്.. ഇവിടെ കൊല്ലും കൊലയും നടത്തുന്ന കമ്മ്യൂണിസ്റ്റുകാർ ഭരിക്കണമോ രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന കോൺഗ്രസ്സ് ഭരിക്കണമോ എന്നുള്ളതാണു് പ്രശ്നം. ഇന്നത്തെ ഐക്യമുന്നണി പി. എസ്സ്. പി. ലയനമോ സഖ്യമോ ഏതായാലും അതു കോൺഗ്രസ്സിൻെറ ഭാവിഭാഗധേയത്തെ അല്പംപോലും സ്പർശിക്കുവാൻ പോകുന്നില്ല.

ഗ്രാമോദ്ധാരണപംക്തി

# മൃഗങ്ങളുടെ സാംക്രമികരോഗങ്ങൾ

# മുടന്തുപനി (കാക്കേട്ട്)

ഇൻഡ്യയിൽ ധാരാളമായി കാണുന്ന ഒരു പകർച്ചവ്യാധിയാണു് മുടന്തുപനി അഥവാ ഫൂട്ട് ആൻഡ് മൗത്തു്. (Foot And Mouth) ഇതിനെ ചില പ്രദേശത്തു് "കാക്കേട്ട്" എന്നും വിളിച്ചുവരുന്നു ഈ രോഗംമൂലമുള്ള ജീവഹാനി വളരെ കുറവാണെങ്കിലും കന്നുകാലികൾ ക്രമേണ ക്ഷീണിച്ചു് ഉപയോഗശൂന്യമായിത്തീരുന്നു. രോഗത്തിൽനിന്നും രക്ഷപ്പെടുന്നതിനു് വളരെ കാലതാമസംവരും. രോഗം സുഖമായാൽത്തന്നെയും അവ പിന്നീടു് ജോലിക്കുപയുക്തമല്ല. ഇങ്ങനെ വലിയ ധനനാശംവരുത്തുന്ന ഒരു സാംക്രമികരോഗമാണു് ഇതു്.

രോമാരിയുടേതുപോലെതന്നെ, ശക്തിമത്തായ ഭൂതക്കണ്ണാടിയിൽക്കൂടിപ്പോലും കാണുവാൻ കഴിയാത്ത വളരെ സൂക്ഷ്മമായ അണുക്കൾമൂലമാണു് മുടന്തുപനിയുണ്ടാകുന്നതു്. നമ്മുടെ നാട്ടിൽ ഈ രോഗം വളരെ അധികമായികാണുന്നു. ഇതു് വളരെ ശീഘ്രം വ്യാപിക്കുന്ന ഒരു രോഗമാണു്. പാൽകുടിക്കുന്ന കിടാക്കളിലാണു് ഇതു് സാധാരണ കണ്ടുവരുന്നതു്.

കർഷകർക്കു് സുപരിചിതമായ ലക്ഷണങ്ങളാണു് ഇതിൻേറതു്. ആദ്യത്തെ ശ്രദ്ധേയമായ ലക്ഷണം പനിയും മുടന്തുമാണു്. ഒന്നു രണ്ടു ദിവസംകൊണ്ടു് പനി ഉഗ്രമാകുന്നു. പിന്നീടു് വളരെവേഗം പനി കുറയുന്നു. ആദ്യം ചിലപ്പോൾ വയററിളക്കമുണ്ടായിരിക്കും. ചുണ്ടു്, കൊമ്പിൻെറ അടിഭാഗം, കുളമ്പു് എന്നീ ഭാഗങ്ങൾ വളരെ ചൂടുള്ളതായിരിക്കും തൽഫലമായി മുടന്തു് അനുഭവപ്പെടുന്നു. ചെവിയുടെ ഉൾഭാഗവും മോണയും ചുവന്നു് ഉണങ്ങിയിരിക്കും. വായിൽനിന്നും ജലം പുറത്തു പൊയ്ക്കൊണ്ടിരിക്കും. അയവെട്ടുകയില്ല. സാധാരണ വായ് അടച്ചിരിക്കും. ബലമായിത്തുറന്നാൽ ഒരു ചെറിയ ശബ്ദം കേൾക്കും. വളരെയധികം ഉമിനീർ പുറത്തുപോകും. രണ്ടു മൂന്നു് ദിവസം കഴിയുമ്പോൾ വായിലും കുളമ്പിൻെറ ഇടയിലും കുരുക്കൾ കണ്ടുതുടങ്ങുന്നു. ഈ കുരുക്കൾക്കു് 1/3-മുതൽ 1 ഇഞ്ചുവരെ വ്യാസമുണ്ടായിരിക്കും. മൂന്നു ദിവസത്തിനകം ഇവ പഴുത്തു് പൊട്ടി ചുവന്നതും വേദനയുള്ളതുമായ വ്രണങ്ങളായിത്തീരും. അകിട്ടിലും ഈ കുരുക്കൾ ചിലപ്പോൾ കാണപ്പെടുന്നു. ഒന്നുരണ്ടു മാസംകൊണ്ടു് രോഗം ഭേദമാകും. രോഗം ബാധിച്ചിരിക്കുമ്പോൾ മൃഗങ്ങളെ അലക്ഷ്യമായി ജോലിക്കു വിട്ടാൽ കുളമ്പു് പൊഴിയുകയും ചിലപ്പോൾ ജീവഹാനിയുണ്ടാവുകയും ചെയ്യും.

ശുചിത്വവും പരിചരണവുമാണു് ഇതിൻെറ പ്രധാന ചികിത്സ. കുളമ്പു് എപ്പോഴും വൃത്തിയായി സൂക്ഷിക്കണം. കട്ടിയായ തറയിൽ വൈക്കോൽ നിരത്തി അതിന്മേൽ കന്നുകാലികളെ നിറുത്തണം. വേപ്പിലയും കറിയുപ്പുംകൂടി ഇട്ടു് തിളപ്പിച്ച വെള്ളം ഉപയോഗിച്ചു് ചുണ്ടും കുളമ്പിൻെറ ഇടയും കഴുകി വൃത്തിയാക്കണം. നേർത്ത തുരിശുലായനികൊണ്ടു് കുളമ്പു് കഴുകി വൃത്തിയാക്കുന്നതു് കൂടുതൽ പ്രയോജനകരമാണു്. കുളമ്പു് വൃത്തിയാക്കിയശേഷം താറും മണ്ണെണ്ണയുംകൂടി ചേർത്തു് കുളമ്പിൽ പുരട്ടണം.

രോഗം ബാധിച്ചതിനെയും അവയുമായി സമ്പർക്കമുള്ളതിനെയും പ്രത്യേകം പ്രത്യേകം ക്യാമ്പിലേക്കു മാററണം. വാക്സിൻ ഉണ്ടാക്കുക പ്രായോഗികമല്ല. സീറം ഇൻഡ്യയിൽ പ്രവർത്തനപദ്ധതിയിലായിട്ടില്ല. അതിനാൽ ഇതിൻെറ ആക്രമണം നാം അനുഭവിച്ചേതീരൂ.

F. C. Kunnappally.
Chirakadavoo.

For favours received




Excuse delay.
P. V. Varghese

## കൽക്കദോനിയാ സൂനഹദോസിന്റെ 15-ാം ശതാബ്ദപൂർത്തി

### പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ "നിത്യരാജൻ" എന്നാരംഭിക്കുന്ന വിശ്വലേഖനം

(പരിഭാഷകൻ: ഫാദർ തോമസ്സ് വടക്കുംശ്ശേരി എൽ. ഡി.)

### ആധുനികകാലത്തെ ചില അബദ്ധസിദ്ധാന്തങ്ങൾ

വി. പൗലോസ് ഫിലിപ്പിയക്കു എഴുതിയ ലേഖനത്തിലെ ഒരു വാക്യത്തെ (26) സ്വേച്ഛാനുസൃതമായും അബദ്ധമായും വ്യാഖ്യാനിച്ചുകൊണ്ടു കത്തോലിക്കാസഭയ്ക്കു വെളിയിൽ ഏറെക്കുറെ വ്യാപകമായി സ്വീകൃതമായിട്ടുള്ള ഒരഭിപ്രായവും കൽക്കദോനിയാ വിശ്വാസപ്രഖ്യാപനത്തെ ശക്തിമത്തായി എതിർക്കുന്ന ഒന്നാകുന്നു. ക്രിസ്തുവിൽ വചനത്തിന്റെ ദൈവത്വത്തിനു് ഏതോ പരിമിതാവസ്ഥയുണ്ടു് എന്നു പഠിപ്പിക്കുന്നതും "കെനോറ്റിക്കാ" (Kenotica) എന്ന പേരിൽ അറിയപ്പെടുന്നതുമായ ആ ഉപദേശത്തെ സംബന്ധിച്ചാണു നാം പറയുന്നതു്.* ഇതു ദൈവനിന്ദനപരമായ ഒരു കണ്ടുപിടുത്തമാകുന്നു. ഇതിനു നേരേ വിപരീതമായ "ദൊച്ചേത്തിസം" (Docetism) + എന്ന അബദ്ധസിദ്ധാന്തംപോലെ ഇതും ശപിക്കപ്പെടേണ്ട ഒന്നത്രെ. എന്തുകൊണ്ടെന്നാൽ ഈ ഉപദേശം മനുഷ്യാവതാരം, മനുഷ്യരക്ഷ എന്നീ വിശ്വാസരഹസ്യങ്ങളെ നിർജ്ജീവവും വ്യർത്ഥവുമായ നിഴലുകളാക്കിത്തീർക്കുന്നു. മഹാനായ ലെയോൻ വാക്ചാതുര്യത്തോടുകൂടി പ്രബോധിപ്പിക്കുന്നതുപോലെ "യഥാർത്ഥമനുഷ്യന്റെ സമഗ്രവും സമ്പൂർണ്ണവുമായ സ്വഭാവത്തോടുകൂടി—പരിപൂർണ്ണമായി ദൈവത്തിന്റെ പ്രകൃതിഗുണങ്ങളോടും, പരിപൂർണ്ണമായി നമ്മുടെ പ്രകൃതിഗുണങ്ങളോടുംകൂടി—യാണു യഥാർത്ഥദൈവം ജാതനായതു്."(27)

മനശ്ശാസ്ത്രപരമായ വീക്ഷണകോണത്തിലൂടെ ക്രിസ്തുവിന്റെ മനുഷ്യത്വത്തെപ്പററി കൂടുതൽ അഗാധമായി പഠനം ചെയ്യുന്ന കാര്യത്തിനെതിരായി യാതൊന്നും പറയുവാനില്ലെങ്കിലും ചിലർ വിഷമകരമായ ഈ മണ്ഡലത്തിൽ പുരാതനങ്ങളായ അഭിപ്രായങ്ങളിൽനിന്നു ബഹുദൂരം വ്യതിചലിക്കയും നവീനസിദ്ധാന്തങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളു പറയാതിരിപ്പാൻ നിവൃത്തിയില്ല. അവരുടെ സ്വന്തം നിലകളെ സാധൂകരിക്കുന്നതിനു കൽക്കദോനിയാസൂനഹദോസിന്റെ അധികാരത്തെയും നിർണ്ണയങ്ങളെയും അവർ ദുരുപയോഗിക്കുന്നു.

ഈ അഭിപ്രായപ്രണേതാക്കൾ ക്രിസ്തുവിന്റെ മനുഷ്യസ്വഭാവസ്ഥിതിയെയും പ്രകൃതിയെയും അത്യധികം ഉയർത്തുന്നു. തൽഫലമായി മനശ്ശാസ്ത്രപരമായിട്ടെങ്കിലും അതു സർവ്വസ്വാതന്ത്ര്യവും, സ്വആത്മീകത്വത്തിനു ദൈവവചനവ്യക്തിയെ ആശ്രയിക്കാത്ത ഒന്നുമായി തോന്നിപ്പോകുന്നു. എന്നാൽ കൽക്കദോനിയാ സൂനഹദോസു് എഫേസൂസ് സൂനഹദോസിനോടു പരിപൂർണ്ണമായി യോജിച്ചു് സ്പഷ്ടമായി ഉദ്ഘോഷിക്കുന്നതു നമ്മുടെ ദിവ്യരക്ഷകന്റെ രണ്ടു സ്വഭാവങ്ങളും ഏകമാത്രമായ ആളിലും അസ്തിത്വത്തിലും സമ്മേളിച്ചിരിക്കുന്നു എന്നത്രെ. ക്രിസ്തുവിൽ രണ്ടു വ്യക്തിത്വങ്ങൾ ഉണ്ടെന്നുള്ള കാര്യം—ദൈവവചനത്തോടുകൂടി പരിപൂർണ്ണസ്വാതന്ത്ര്യാവസ്ഥയുള്ളതായി തോന്നുന്ന ഒരു "സ്വീകൃതമനുഷ്യ"നും ഉണ്ടെന്നുള്ള ഉപദേശം—ഈ സൂനഹദോസ് നിഷേധിക്കുന്നു.

ഈ ഉപദേശത്തെ വി. ലെയോൻ സ്വകീയമാക്കുക മാത്രമല്ല, ഈ തത്വങ്ങൾ എവിടെനിന്നു് എടുത്തുവോ ആ ഉല്പത്തിസ്ഥാനങ്ങളെയും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. "നാം എഴുതിയിട്ടുള്ളവയെല്ലാം അപ്പോസ്തോലന്മാരുടെയും സുവിശേഷകന്മാരുടെയും ഉപദേശങ്ങളിൽ നിന്നാണു് എടുത്തിട്ടുള്ളതെന്നു തെളിഞ്ഞിരിക്കുന്നു" (28) എന്നത്രെ അദ്ദേഹം പറയുന്നതു്.

### അപ്പോസ്തോലന്മാരുടെയും സുവിശേഷകന്മാരുടെയും ഉപദേശം

എഴുതപ്പെട്ടിട്ടുള്ള രേഖകൾ, പ്രസംഗങ്ങൾ, ആരാധനക്രമങ്ങൾ എന്നിവയിൽ പുരാതനകാലം മുതൽ തന്നെ വ്യക്തമായും ഖണ്ഡിതമായും പിതാവായ ദൈവത്തിന്റെ സാരാംശത്തിൽനിന്നുള്ള ഏകജാതനായ പുത്രൻ, നമ്മുടെ കർത്താവീശോമിശിഹാ, അവതീർണ്ണവചനം ഭൂതലത്തിൽ ജനിച്ചു പീഡകൾ സഹിക്കയും, കുരിശുമരത്തിൽ ആണികളാൽ തറയ്ക്കപ്പെടുകയും, മരിച്ചവരിൽനിന്നു് എഴുന്നേററശേഷം സ്വർഗ്ഗത്തിലേക്കു് ആരോഹണം ചെയ്യുകയും ചെയ്തു എന്നു് ഏററു പറയുന്നു. ഇതു കൂടാതെ വിശുദ്ധഗ്രന്ഥം ദൈവപുത്രനായ ഏകക്രിസ്തുവിൽ മനുഷ്യന്റെ പ്രകൃതിഗുണങ്ങളും, മനുഷ്യപുത്രനായ അതേക്രിസ്തുവിൽ ദൈവത്തിന്റെ പ്രകൃതിഗുണങ്ങളും ഉള്ളതായി പറയുന്നു: ഉദാഹരണത്തിനു വി. യോഹന്നാൻ സുവിശേഷകൻ പറയുന്നു:- "വചനം ശരീരിയായി" (29); പൗലോസു് അവിടുത്തെ സംബന്ധിച്ചു് എഴുതുന്നു:- "അവൻ ദൈവത്തിന്റെ സാദൃശ്യത്തിൽ ആയിരിക്കെ....തന്നെത്തന്നെ താഴ്ത്തി മരണത്തോളം അനുസരണമുള്ളവനായി" (30); "എന്നാൽ സമയത്തിന്റെ പൂർത്തിവന്നപ്പോൾ ദൈവം തന്റെ പുത്രനെ അയക്കുകയും, അവൻ സ്ത്രീയിൽനിന്നു ജനിക്കുകയും...ചെയ്തു"(31). ദിവ്യരക്ഷകൻപോലും നിശ്ശങ്കം പറയുന്നു:-"ഞാനും എന്റെ പിതാവും ഒന്നാകുന്നു" (32). വീണ്ടും "ഞാൻ പിതാവിന്റെ അടുക്കൽനിന്നു പുറപ്പെട്ടു ലോകത്തിലേക്കു വന്നു" (33). "ഞാൻ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവന്നിരിക്കുന്നതു് എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുവാനല്ലാതെ എന്റെ ഇഷ്ടം ചെയ്യുവാനല്ല" (34) എന്നീ സുവിശേഷവാക്യത്താൽ ദിവ്യരക്ഷകന്റെ സ്വർഗ്ഗീയമായ ഉത്ഭവം സ്പഷ്ടമായി പ്രകടിതമാകുന്നു. ഇതുപോലെ "ഇറങ്ങിയവൻ ആരോ അവൻതന്നെയാകുന്നു സകല സ്വർഗ്ഗങ്ങൾക്കും മീതെ കയറുകകൂടിയും ചെയ്തവൻ" (35) എന്ന വാക്യവും ഈ വസ്തുത തെളിയിക്കുന്നു. വി. തോമസ്സ് അക്വിനാസ് പ്രസ്തുത വാക്യങ്ങളെ ഇപ്രകാരം വ്യാഖ്യാനിച്ചു വിശദീകരിക്കുന്നു:- "ഇറങ്ങുന്നവൻ ആരോ അവൻതന്നെയാകുന്നു കയറുന്നതും. ഇതിൽ ദൈവത്തിന്റെയും മനുഷ്യന്റെയും വ്യക്തിത്വത്തിലുള്ള ഐക്യം പ്രകടിതമായിരിക്കുന്നു. മനുഷ്യസ്വഭാവം സ്വീകരിച്ചു ദൈവപുത്രൻ ഇറങ്ങുന്നു, എന്നാൽ മനുഷ്യപുത്രൻ അനശ്വരജീവിതത്തിന്റെ അത്യുന്നതിയിലേക്കു മനുഷ്യസ്വഭാവത്തിൽ കയറുന്നു. ഇങ്ങനെ ഇറങ്ങുന്ന ദൈവപുത്രനും, കയറുന്നമനുഷ്യപുത്രനും ഒരാൾതന്നെയാണു്." (36)

നമ്മുടെ മുൻഗാമിയായ മഹാനായ ലെയോൻ ഇതേ ആശയത്തെ താഴെപ്പറയുന്ന വാക്കുകളിൽ വെളിപ്പെടുത്തിയിരിക്കുന്നു:"എന്തുകൊണ്ടെന്നാൽ......മനുഷ്യന്റെ നീതീകരണവിഷയത്തിൽ ദൈവത്തിന്റെ ഏകജാതൻ മനുഷ്യപുത്രൻകൂടിയാകുവാൻ തിരുമനസ്സായി, അതായതു് പിതാവിനോടു് ഒരേസാരാംശത്തിലിരിക്കുന്നവനായ ദൈവംതന്നെ യഥാർത്ഥമനുഷ്യനും, തന്റെ മാതാവിനോടു ജഡപ്രകാരം സാരാംശത്തിൽ സമൻമാകുന്നു എന്നതു് ഏററവും സാഹായകമായ ഒരു വസ്തുതയത്രെ. ഈ രണ്ടു കാര്യത്തിലും നാം സന്തോഷിക്കുന്നു. എന്തുകൊണ്ടെന്നാൽ നാം രക്ഷിക്കപ്പെട്ടിരിക്കുന്നതു് ഇവ രണ്ടിന്റെയും ശക്തിയാൽ മാത്രമാണു്. ദൃശ്യമായതിനെ അദൃശ്യമായതിൽനിന്നും, ജഡസംബന്ധമായതിനെ ജഡരഹിതമായതിൽനിന്നും, പീഡാധീനമായതിനെ പീഡാരഹിതമായതിൽനിന്നും, സ്പൃശ്യമായതിനെ അസ്പൃശ്യമായതിൽനിന്നും, ദാസന്റെ രൂപത്തെ ദൈവത്തിന്റെ രൂപത്തിൽനിന്നും വിഭജിക്കപ്പെട്ടല്ല നാം രക്ഷിക്കപ്പെട്ടതു്. എന്തുകൊണ്ടെന്നാൽ ഒന്നു നിത്യത്വം മുതൽ ഉള്ളതും, മറേറതു കാലത്തിൽ ആരംഭിച്ചതുമാണെങ്കിലും അവ സംയോജിക്കപ്പെടുകയാൽ ഇനി അവ വേർതിരിക്കപ്പെടുകയോ പര്യവസാനിക്കയോ ചെയ്കയില്ല." (37)

ഒരുവൻ നിർമ്മലവും ഹൃദയംഗമവുമായ വിശ്വാസത്തോടുകൂടി ക്രിസ്തുവിൽ ദൈവവചനത്തിന്റെ വ്യക്തിത്വമാകുന്ന ഏകവ്യക്തിത്വം മാത്രമേ ഉള്ളുവെന്നും, അതു പ്രകൃതിഗുണങ്ങളിലും പ്രവർത്തനങ്ങളിലും വ്യത്യസ്തമായ ദൈവികം, മാനുഷികം എന്നീ പരിപൂർണ്ണമായ രണ്ടു വിഭിന്നസ്വഭാവങ്ങളെ സംയോജിപ്പിക്കുന്നുവെന്നും വിശ്വസിക്കുമ്പോൾ മാത്രമേ നമ്മുടെ രക്ഷയുടെ അവർണ്ണനീയമായ മഹത്വവും കരുണാസമ്പൂർണ്ണതയും വെളിപ്പെടുകയുള്ളു.

ദൈവകാരുണ്യത്തിന്റെയും നീതിയുടെയും അത്ഭുതമേ! അവിടുന്നു കുററക്കാരുടെ സഹായത്തിനു് എഴുന്നെള്ളിവരികയും, അതേസമയംതന്നെ തനിക്കായി മക്കളെ നേടുകയും ചെയ്യുന്നു! ഹിമകാലത്തെ മൂടലിനെ ചിതറിച്ചു് ഞങ്ങളുടെ ഭൂമുഖത്തു വീണ്ടും പുഷ്പങ്ങൾ പ്രത്യക്ഷമാകുന്നതിനും (38), ഞങ്ങളെ പുതിയ മനുഷ്യൻ, പുതിയ സൃഷ്ടി, പുതിയ ജീവൻ, വിശുദ്ധ സമൂഹം, സ്വർഗ്ഗീയഗണം ആക്കിത്തീർക്കുന്നതിനും ഇറങ്ങിവന്ന സ്വർഗ്ഗമേ! ദൈവവചനം വാസ്തവത്തിൽ തന്റെ ശരീരത്തിൽ പീഡകൾ സഹിച്ചു, കുരിശിൽ രക്തംചിന്തി നമ്മുടെ പാപങ്ങൾക്കുവേണ്ടി നിത്യപിതാവിനു് അതിസമൃദ്ധമായ പരിഹാരം സമർപ്പിച്ചു. ഇതിൽനിന്നു സത്യവിശ്വാസത്തോടും സജീവസ്നേഹത്തോടുംകൂടി ക്രിസ്തുവിനെ അനുഗമിക്കയും, അവിടുന്നു സമ്പാദിച്ച പ്രസാദവരത്തിന്റെ സഹായത്താൽ നീതിയുടെ പ്രവൃത്തികൾ പുറപ്പെടുവിക്കയും ചെയ്യുന്നവർക്കു് ആത്മരക്ഷയുടെ സുനിശ്ചിതപ്രത്യാശ സമുത്ഭവിക്കുന്നു.

(26) ഫിലിപ്പി. 2,7

* "അവൻ ദൈവത്തിന്റെ സാദൃശ്യത്തിൽ ആയിരിക്കെ, ദൈവത്തോടു തുല്യനാണെന്നുള്ള ഇതു് അപഹരണമായി ഗണിച്ചില്ല. പിന്നെയോ, അവൻ തന്നെത്തന്നെ വെറുമയാക്കി ദാസന്റെ സാദൃശ്യം എടുക്കുകയും, മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു് രൂപത്തിൽ മനുഷ്യനെപ്പോലെ കാണപ്പെടുകയും...ചെയ്തു" (ഫിലിപ്പോ. 2,6-7) വി. പൗലോസിന്റെ ഈ വാക്യത്തിലുള്ള "അവൻ തന്നെത്തന്നെ വെറുമയാക്കി" എന്നീ പദങ്ങളെ ആസ്പദമാക്കി ചില പാഷണ്ഡികൾ ദൈവപുത്രനായ ക്രിസ്തു മനുഷ്യാവതാരം ചെയ്തപ്പോൾ അവിടുത്തെ ദൈവത്വത്തിനു പൂർണ്ണമായ നാശമോ അഥവാ അല്പമെങ്കിലും ഹാനിയോ സംഭവിച്ചതായി പഠിപ്പിച്ചുവരുന്നു. ഇക്കാര്യമാണു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്—പരിഭാഷകൻ

+ ക്രിസ്തുവിൽ ദൈവത്വമുണ്ടെങ്കിലും അവിടുത്തെ ശരീരം മിഥ്യാഭൂതമായിരുന്നതിനാൽ അവിടുന്നു സഹിച്ച പീഡകളും മരണവും നാടകാഭിനയംപോലെ വെറും ബാഹ്യപ്രകടനങ്ങൾ മാത്രമായിരുന്നു എന്നത്രെ "ദൊച്ചേത്തേ" എന്ന പാഷണ്ഡികൾ പഠിപ്പിച്ചിരുന്നതു്—പരിഭാഷകൻ.

(27) EP. 28, 3;PL 54, 763. Cf. Serm. 23,2 (PL 54,201)

(28) EP. 152 (PL 54, 1123)

(29) യോഹ. 1. 14 (30) ഫിലിപ്പോ. 2, 6-8 (31) ഗലാ. 4,4. (32) യോഹ. 10,30 (33) യോഹ. 16, 28.

(34) യോഹ. 6, 38 (35) എഫേ. 4,10

(36) St. Thomas, "Comm. in EP. ad Ephesios," C. 4, Pect. 3, near the end.

(37) St. Leo the Great Serm. 30,6 (PL 54, 233s.)

(38) Cf. Cant. 2, 11.

---

ആദ്ധ്യാത്മികവീഥി

## മറുപടിക്കത്ത് (4)

ദൈവത്തിന്റെ വത്സലമക്കളേ,

കഴിഞ്ഞ കത്തിൽ ആദ്ധ്യാത്മിക ഗ്രന്ഥപാരായണത്തെക്കുറിച്ചു പറഞ്ഞിരുന്നല്ലോ. ഇത്തവണ വളരെ പ്രായോഗികമായ ഒരു ചെറിയ പരിത്യാഗത്തെക്കുറിച്ചു പറയാം.

നിങ്ങളെല്ലാവരും സത്യദീപം മുഴുവൻ വായിക്കുന്നവരായിരിക്കുമല്ലോ. സാധാരണ പത്രം കിട്ടിക്കഴിഞ്ഞാലുടൻ ഏതുഭാഗമാണു് ആദ്യം വായിക്കുന്നതെന്നു് ആലോചിച്ചുനോക്കിയാൽ കൊള്ളാം. കൊച്ചുകുട്ടികൾക്കു ചോറും കറികളുംകൂടി വിളമ്പിക്കൊടുത്താൽ അവർ ചോറു തൊടാതെ ആദ്യംതന്നെ തചിയുള്ള കറിയെല്ലാം വാരിത്തിന്നുമല്ലോ. അതുപോലെ ഒരു പത്രമെടുത്താൽ ആദ്യംതന്നെ ചെറുകഥയും ഹാസ്യങ്ങളും വായിച്ചുതീർക്കാൻ ഒരു ജിജ്ഞാസ തോന്നാൻ എളുപ്പമുണ്ടു്. അതു കഴിയുമ്പോൾ ബാക്കിഭാഗങ്ങൾ വായിക്കാൻ അത്ര രസം തോന്നിയില്ലെന്നു വരാം. അപ്പോൾ അതുപേക്ഷിക്കാൻ പാടില്ലായ്കയില്ല. എന്നാൽ യഥാർത്ഥത്തിൽ ഉപകാരപ്രദമായിട്ടുള്ളതു് അങ്ങനെ വിട്ടുകളയുന്നഭാഗങ്ങളായിരിക്കുംതാനും.

അതുകൊണ്ടു വെറും സ്വാഭാവികവാഞ്ഛയനുസരിച്ചു രസമുള്ളഭാഗം വായിച്ചുതുടങ്ങാതെ രസമില്ലാത്തഭാഗങ്ങൾ വായിച്ചതിനുശേഷം മററുഭാഗം വായിക്കുന്നെങ്കിൽ അതൊരു നല്ല പരിത്യാഗാഭ്യാസം ആയിരിക്കും.

മൂന്നാമത്തെ പ്രത്യേകമറുപടി താഴെ ചേർക്കുന്നു.

3. നമ്മുടെ കർത്താവിനുവേണ്ടി വല്ലതെയല്ലാം ചെയ്യണമെന്നു് എനിക്കാഗ്രഹമുണ്ടു്. കുറെമുൻപുവരെ തദനുസരണം ഞാൻ പ്രവർത്തിക്കുന്നുമുണ്ടായിരുന്നു. എന്നാൽ പഴയ വികാരിയച്ചൻ സ്ഥലംമാറിപ്പോയി വേറൊരാൾ വന്നപ്പോൾ മുൻപു ലഭിച്ചിരുന്ന പ്രോത്സാഹനമൊന്നും ലഭിക്കുന്നില്ല. ഇപ്പോൾ പറയത്തക്ക പ്രവർത്തനമൊന്നും കൂടാതെ കഴിയുകയാണു്. ഈ സ്ഥിതിയിൽ ഞാൻ എന്താണു ചെയ്യേണ്ടതു്?

ഉത്തരം: സ്വന്തം സ്തുതി എന്നതിനെക്കാൾ നമ്മുടെ കർത്താവിന്റെ സ്തുതിക്കായി ബുദ്ധിമുട്ടണമെന്നായിരിക്കുമല്ലോ നിങ്ങളുടെ ആഗ്രഹം. ഇടവകയിൽ നടക്കുന്ന സകല കത്തോലിക്കാപ്രവർത്തനങ്ങളും വികാരിയുടെ നിയന്ത്രണത്തിൽ ഇരിക്കേണ്ടതാണു്. അതിനാൽ എന്തെങ്കിലും അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം ചെയ്യുന്നതിനുള്ള നിങ്ങളുടെ സന്നദ്ധതയെക്കുറിച്ചു വിനയസമന്വിതം അദ്ദേഹത്തെ അറിയിക്കാം. ഒന്നുംവേണ്ടാ എന്നാണു പറയുന്നതെങ്കിൽ വിമർശനരൂപത്തിൽ ഒരക്ഷരംപോലും അദ്ദേഹത്തോടോ മററുള്ളവരോടോ പറയാതെ "കർത്താവേ, അങ്ങേ തിരുമനസ്സു നിറവേറട്ടെ" എന്നു ഈശോയോടുമാത്രം പറഞ്ഞുകൊണ്ടു സമാധാനമായിത്തീരിക്കുക. നിങ്ങളുടെ ഈ മൗനംകൊണ്ടു നിങ്ങൾക്കും ആ ഇടവകയ്ക്കും വികാരിയച്ചന്റെ ഹിതത്തിനു വിരോധമായിട്ടുള്ള പ്രവർത്തനങ്ങൾകൊണ്ടുണ്ടാകുന്നതിനെക്കാൾ വളരെയടങ്ങു കൂടുതൽ പ്രയോജനമുണ്ടാകും.

പലപ്പോഴും കത്തോലിക്കാപ്രവർത്തനത്തിനു ഇറങ്ങിപ്പുറപ്പെടുന്ന നല്ലനല്ല യുവാക്കന്മാർപോലും തങ്ങളുടെ അഭിപ്രായത്തിനു വിരോധമായിട്ടുള്ള നിയന്ത്രണങ്ങൾ ഇഷ്ടപ്പെടുകയില്ല. ചില വൈദികർ അതിൽ അത്ര ഗൗനിക്കാതെ എങ്ങനെയെങ്കിലും കാര്യം നടക്കട്ടെ എന്നുവച്ചു് അവരെ സ്വാതന്ത്ര്യത്തിൽ വിടും. മററു ചിലക്കു അതു ശരിയായിട്ടു തോന്നുകയില്ല. എല്ലാവർക്കും ഇങ്ങനെയുള്ള സംഗതികളിൽ ഒന്നുപോലുള്ള നിയന്ത്രണവൈഭവം ഉണ്ടായിരിക്കയില്ലെന്നുള്ളതും സമ്മതിക്കണം. ഏതായാലും സ്ഥലത്തെ വികാരിയുടെ നിയന്ത്രണത്തിനു വിധേയമല്ലാത്തയാതൊരു പ്രവർത്തനവും അവിടെ ദൈവം തിരുമനസ്സാകുന്നില്ലെന്നു തീർച്ചപറയാം. അതിനാൽ തന്റെ സ്തുതിക്കുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ദൈവംതന്നെ ഉണ്ടാക്കിത്തരുന്നതിനായി പ്രാർത്ഥിച്ചുകൊണ്ടു തൽക്കാലം സമാധാനമായി കഴിഞ്ഞുകൊണ്ടാൽ മതി. അവിടുന്നു നിങ്ങളുടെ നന്മനസ്സിനെ ആശീർവ്വദിക്കും. എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ,

സ്വന്തം ആത്മപിതാവു്.

Reg. M. No. 2296

# Sathya Deepam

Vol. 27 Ernakulam November 18,1953 No. 13

## Thanksgiving



for favours. received

by my daughter.

Excuse delay.

By P. V. Varghese

---

പരിശുദ്ധ വ്യാകുലമാതാവി ൻെറ സഹായത്താലും ബ. അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയാലും ഭയങ്കരമായ രോഗം സുഖമായി കിട്ടിയതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

വ്യാകുലം ജോസഫ്,

കൈക്കളങ്ങര, വാടി, കൊല്ലം

---


വി. യൂദാസ് തദ്ദേവൂസ് ശ്ലീഹായുടെ മദ്ധ്യസ്ഥതയാൽ അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന എൻെറ മകൻെറ സുഖക്കേട് ഭേദമായതിൽ ഉപകാരസ്മരണ.

തേവർകുന്നേൽ കര്യാക്കോ,

കരിങ്കുന്നം

---

## For favours received




Mary Alexander,

Alleppey

---

# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

## ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5 92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,57,573 |
| 1951 | 5,95,750 | 19,39,775 | 25,13,684 | 32,22,250 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)

---

# സി. ടി. വറിയതു്

എലക്ട്രോപ്ലേററർ & കത്തോലിക്കാ ഭക്തോപകരണവ്യാപാരം

## സെൻറ് മേരീസ് ഓർഫനേജ്

## ഫാത്തിമാനഗർ (തോപ്പ്) തൃശ്ശൂർ

വെള്ളികൊണ്ടു നിർമ്മിച്ചതും എലക്ട്രോപ്ലേററ് ചെയ്തതുമായ കത്തോലിക്കാ ഭക്തോപകരണങ്ങൾ ധാരാളം സ്റ്റോക്കുണ്ട്.

1. കാസകൾ
2. പീലാസകൾ
3. ധൂപക്കുററികൾ
4. കമ്മ്യൂണിയൻ പ്ലേററുകൾ
5. അരുളിക്കകൾ
6. പ്രദക്ഷിണക്കുരിശുകൾ
7. കുസ്തോദികൾ
8. തിരിക്കാലുകൾ
9. ചെറിയഅരുളിക്കകൾ
10. കുന്തുരുക്ക പാത്രങ്ങൾ
11. പല ആകൃതിയിലുള്ള തിരിക്കാലുകൾ
12. സെത്തുകപ്പികൾ

കൂടാതെ മററെല്ലാ അനുബന്ധിതോപകരണങ്ങളും

---

For Any CHILD Any AGE



WELL FITTING

READYMADES FOR ALL CHILDREN

AVAILABLE AT: Chakolas SILK HOUSE

TRICHUR ★ ERNAKULAM

---

ഏഷ്യാററിക്ക് മർക്കൻെറൽ ബാങ്ക് ലിമിററഡ്

H. O. കൊച്ചി. ബ്രാഞ്ചുകൾ: എറണാകുളം & തൃശ്ശൂർ

തിരു-കൊച്ചി ഗവമ്മെൻറിൽനിന്നു സിദ്ധിച്ച 4-9-'53-ലെ L· Dis 5956/53 R. D. ഉത്തരവുപ്രകാരം തുടങ്ങുന്ന

## പുതിയ മാസക്കുറി

56 നമ്പ്ര്. നമ്പ്ര് 1-ൽ 2നറുക്ക്. നറുക്ക് 1ക്ക് 100ക. ആകെ സല. 11200ക. ഒരു നറുക്ക് എടുക്കലും ഒരു നറുക്ക് ലേലവും—മററു നിശ്ചയങ്ങളോടുകൂടി ബാങ്കിൻെറ കൊച്ചി ബ്രാഞ്ചിൽനിന്നും 3—12—1953-ൽ (18—4—1129-ൽ) ഒരു പുതിയ മാസക്കുറി തുടങ്ങുന്നതാകുന്നു. കൂടുതൽ വിവരങ്ങൾക്കു് ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ ആവശ്യപ്പെടുക.

കൊച്ചി 10-9-'53 | എ. എൽ. ശ്രീധരഷേണായി, ചെയർമാൻ ഓഫ് ദി ബോർഡ് ഓഫ് ഡയറക്ടേഴ്സ്

---

തൈക്കാട്ട്മൂസ്സ് വക

## ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

ഇ. ടി. ആര്യൻമൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാണ്.

---

